# CONTENT


## CEAN-LET

Editorial Board

*ചീഫ് എഡിറ്റർ*
**ബി. സതീശൻ**

പ്രശാന്ത് വി.
പ്രദീപ് കുമാർ ആർ.
ഷജിത്ത് ആർ.ബി.
മുകേഷ് എ.പി.
ഗോപീകൃഷ്ണൻ എ.ആർ.
മനോജ് രാമൻ
സാജൻ അമ്പാടിയിൽ
ബൈജു ആട്ടുകാൽ
രാജേശ്വരി ആർ.
കുമാർ ആർ.
ജിബി പി. എബ്രഹാം
രഞ്ജിത്ത് കുമാർ
മഹേഷ് പഞ്ചു
മനുലാൽ
ശ്രീജിത്ത്
സുധീഷ്
അജീഷ്
അജയ്



CEAN-LET Thanks

2014-ലെ വിശേഷാൽപ്പതിപ്പിലേക്ക് കലാ-സാഹിത്യസൃഷ്ടികൾ നൽകിയ സി-ഡിറ്റ് ജീവനക്കാർ, വിദ്യാർത്ഥികൾ, ഇതിനോടൊപ്പം പ്രവർത്തിച്ച സഹപ്രവർത്തകർ, പരസ്യങ്ങൾ നൽകിയ സ്ഥാപനങ്ങൾ എന്നിവർക്ക്.

*Cover Design & Layout*
Godfrey's Graphics

*Layout Supervision*
Artist Godfrey Das

*Cartoons*
Jishnu P Raj

*Layout*
Anand Godfrey
Prasanth V.
Pradeep Kumar R.
Sreelekha C.S.

*DTP*
Anand
Jaya
Rajeswari

*Printed at*
Akshara Offset, TVM

*Printed and Published by*
B. Satheesan
General Secretary, CEA for Private circulation only



5 **Malayalam Medium Caught in the Social Transition**
Dr. Achuthsankar S Nair

10 **സ.പി.ജിയുടെ ദീർഘവീക്ഷണഫലം സി-ഡിറ്റ്**

22 **ഗാസ**
സജി നാരായണൻ

23 **വാഴ്വാൻതോൽ പ്രതീക്ഷിക്കാത്ത വീഴ്ചയ്ക്കൊരിടം**
ബി. സതീശൻ

30 **TABLETS Vs TEXT BOOKS**
Deepa N.

32 **Chronicles of A Temple Painter**
Giby P Abraham

34 **ഓർമ്മകളെ തൊട്ടുണർത്തി ഒരു ഓണം കൂടി**
സജി നാരായണൻ

42 **ജനിച്ച മണ്ണിൽ ജീവിക്കാനായി...**
കുമാർ. ആർ

46 **Fallen ANGEL**
Mridula S.

51 **ലോകഭൂപടം**
മജേഷ് കെ.പി.

# CONTENT

68 ആധുനിക ഭൗതികത്തിന് നിറം പകർന്ന നൂറ്റാണ്ട്
മനുലാൽ

56 ഇഷ്ടം
രശ്മി വി.ടി.

62 Road to Forest
Nileena P.

64 നടതള്ളൽ
പ്രേംസുജ ബി.

65 Dictionary of Questions
S. Ananthakrishnan

66 അമ്മമരം
രാജേശ്വരി ആർ.

71 സി-ഡിറ്റ് അതിജീവനവും അനിവാര്യതകളും
എസ്. ജയമോഹൻ

73 മഴ
അമ്പിളി പി.ടി.

74 കണിക്കൊന്ന പറഞ്ഞ കഥ
പ്രീത എസ്.

75 പ്രകൃതി
സി.ആർ. സുജിചന്ദ്രു

48 ഓന്തുകൾ
ബി.ആർ.കെ.

79 രക്ഷയുടെ ശബ്ദം
വിശാഖ്

82 കളരിപ്പയറ്റ്
ശ്രീജിത്ത് എ.കെ.

86 അവൾ
രഞ്ജിത്ത് ആർ.ജി.

90 പൂച്ചപ്രസവം
മഹേഷ് പഞ്ചു

91 പാമരൻ

# ദുരിതപർവ്വത്തിന്റെ മൂന്ന് വർഷങ്ങൾ





**സി**-ഡിറ്റെന്ന ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനത്തിന്റെ യാത്രകളിൽ നഷ്ടപ്പെടലിന്റെ വർഷങ്ങൾ തുടരുന്നു. ദുരിത പൂർണ്ണമായ ദിനങ്ങളാൽ ബന്ധിക്കപ്പെട്ട് വഴിമുട്ടി നിൽക്കുന്നവസ്ഥ. വൈവിധ്യമാർന്ന സാങ്കേതികവിദ്യകളുടെ സമന്വയ കേന്ദ്രവും പ്രഗത്ഭരായ ജീവനക്കാരും അനാഥത്വം നേരിടുന്ന നാളുകൾ. ബലഹീനമായ നിയമാവലിയുടെ പിൻബലത്തിൽ സ്ഥാപനം വേട്ടയാടുന്ന സർക്കാരിന്റെ നേതൃത്വ നിയമനങ്ങൾ. സാങ്കേതിക വികസനത്തിൽ രാജ്യത്തിന് പ്രയോജപ്പെടുത്താൻ കഴിയും വിധം സവിശേഷമായ മാനവശേഷിയുടെ കേന്ദ്രത്തിൽ സങ്കുചിത രാഷ്ട്രീയ നേതൃത്വത്തിന്റെ ശസ്ത്രക്രിയകളിൽ ജീവനാഡികൾ ഓരോന്നായി നിശ്ചലമായികൊണ്ടിരിക്കുന്നു. വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യവുമില്ലാതെ നയിക്കപ്പെടുന്നതിന്റെ അനിശ്ചിതാവസ്ഥ മനസ്സുകളെ മരവിപ്പിക്കുന്നു. അധികാരികൾ ട്രേഡ് യൂണിയൻ ഭാരവാഹികളുടെ കുപ്പായം അണിയുമ്പോൾ വിവേചനത്തിന്റെയും അനീതിയുടെയും പ്രളയം സൃഷ്ടിക്കപ്പെടുന്നു. ജീവനക്കാരുടെ നീറുന്ന മനസ്സുകൾ പ്രതിരോധവും തീർത്ത് മാറ്റത്തിന്റെ കാലത്തിനായി കാത്തുനിൽക്കുന്നു.

നയിക്കുന്ന സ്ഥാപനം ചുക്കാണോ ചുണ്ണാമ്പാണോ എന്ന് തിരിച്ചറിയാൻ കഴിയാതെ വർഷങ്ങൾ തള്ളിനീക്കികൊണ്ടിരിക്കുകയാണ് ഭരണനേതൃത്വം. സ്വജനപക്ഷപാതത്തിനും അധികാരദുർവിനിയോഗത്തിനും തട്ടിപ്പിനും വെട്ടിപ്പിനും അഴിമതിക്കുമെല്ലാം പിന്തുണയേകി നിൽക്കുന്ന സർക്കാരും വകുപ്പ് മന്ത്രിയും കൂടിയാകുമ്പോൾ അതിശയന്മാരെപ്പോലെ ഭരണകർത്താക്കൾ എല്ലാം തകർക്കുന്നു. അഴിമതി നിയമനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുള്ള


**CEAN-LET EDITORIAL**

ഭരണവും അതിന്റെ പങ്കുപറ്റുന്നതിനായുള്ള മത്സരവും കൂടിയാകുമ്പോൾ നമ്മുടെ ഗവേഷണ സ്ഥാപനം അഴിമതിക്കാരുടെ വിളനിലമായി മാറുന്നു. സ്ഥാപനത്തിന്റെ പ്രതിഛായ കളങ്കപ്പെടുത്തുംവിധം പദ്ധതികളെല്ലാം സ്വകാര്യ ഏജൻസികൾക്ക് മറിച്ച് നൽകി കമ്മിഷൻ പറ്റുന്ന ഇടനിലക്കാരനായി സ്ഥാപനത്തെ തരംതാഴ്ത്തുന്നു. പുതിയ പദ്ധതികളുടെ അഭാവവും നിലവിലുള്ളവ നഷ്ടപ്പെടുന്നതും ലഭിച്ചതാകട്ടെ നടപ്പിലാക്കാൻ കഴിയാത്തതു കൂടിയാകുമ്പോൾ മുരടിപ്പിന്റെ മൂർധന്യാവസ്ഥയിലായി സ്ഥാപനം.

സി-ഡിറ്റിനെ കുറിച്ച് കേട്ടറിഞ്ഞ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ശ്രീ. അച്യുത്ശങ്കർ എസ്. നായരെ ഡയറക്ടറായും ശ്രീ. അശോക് കുമാറിനെ രജിസ്ട്രാറായും നിയമിക്കുകയാണ് ചെയ്തത്. സാങ്കേതിക വിദഗ്ധരായവർ സി-ഡിറ്റിന്റെ സാധ്യത മനസ്സിലാക്കി ഊർജ്ജം നൽകി വികസനത്തിന്റെ പാതയിൽ നയിച്ചു. ഇന്നത്തെ യു.ഡി.എഫ്. സർക്കാർ വളരെ ലാഘവത്തോടെ സി-ഡിറ്റിനെ കാണുകയും തരംതാണ രാഷ്ട്രീയ നിയമനം നടത്തുകയും ചെയ്തതുകാരണം ദുരിതങ്ങളുടെ നാളുകൾക്ക് തുടക്കമിടുകയായിരുന്നു. മൂന്ന് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച 'ഗോൾഡ് മൈനിംഗ്' ഇന്നും തുടരുന്നു. സ്ഥാപനത്തിന്റെ രണ്ട് മൂലകളിൽ നിന്നായി ഭരണാധികാരികൾ മത്സരിച്ചു നടത്തുന്ന മൈനിംഗ് പെരുച്ചാഴികളുടെ മൈനിംഗ്പോലെയായി. സ്ഥാപനത്തിന്റെ അടിവാരത്തിൽ കൂടി തുടങ്ങിയ തുരപ്പൻ മൈനിംഗ് മത്സരം അതിന്റെ അവസാന റൗണ്ടിൽ എത്തിനിൽക്കുന്നു.

ജീവിത ദുരന്തങ്ങളിൽ ആടിയുലഞ്ഞ് കഴിയുന്ന ജീവനക്കാർക്ക് ആശ്വാസം നൽകുന്നതിനുപകരം അവരെ അവഹേളിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നു. പാദസേവകരായ അഴിമതികാർക്കും വർഗ്ഗ വഞ്ചകരായ കൂലിപടയാളികൾക്കും നിയമ വിരുദ്ധമായി യഥേഷ്ടം ആനുകൂല്യങ്ങൾ നൽകുക എന്നതായി മാറിയിരിക്കുന്നു സി-ഡിറ്റിലെ വേതന വ്യവസ്ഥ.

നാട്ടിലെ സർവ്വീസ് ചട്ടങ്ങളെയെല്ലാം നാണം കെടുത്തും വിധം വിവേചനപരമായ തീരുമാനങ്ങളും സുരക്ഷിതരല്ലാത്ത ബഹുഭൂരിപക്ഷം ജീവനക്കാർക്ക് ഏറ്റവും കുറഞ്ഞ വേതനവും സുരക്ഷിതരായവർക്ക് ക്ഷേമാനുകൂല്യങ്ങളില്ലാത്ത അവസ്ഥയും. ഭരണസമിതികളിലും സർക്കാരിന്റെ മുന്നിലും ജീവനക്കാർക്ക് വേണ്ടി ഒന്നും അവതരിപ്പിച്ച് അംഗീകരിപ്പിക്കാൻ കഴിയാത്ത നേതൃത്വം ആടിനെ പട്ടിയാക്കും വിധം മറ്റുള്ളവരുടെ മേലിൽ പഴിചാരി മികച്ച നടന്മാരായി പൊറാട്ടു നാടകം നടത്തുന്നു. ജീവനക്കാരുടെ സങ്കടങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാത്ത ഭരണാധികാരികൾ പുണ്യ ക്ഷേത്രങ്ങളിലെ സന്ദർശനത്തിനും ഉല്ലാസയാത്രകൾക്കുമായി മുഴുവൻ സമയം ചിലവഴിക്കുന്നു. എല്ലാ അർത്ഥത്തിലും സി-ഡിറ്റ് ജീവനക്കാർക്ക് കഴിഞ്ഞ മൂന്നു വർഷങ്ങൾ ദുരിത പർവ്വത്തിന്റെ നാളുകളായിരുന്നു. സി-ഡിറ്റിലെ ദുരിതങ്ങളിൽ നിന്ന് ജീവിത മോചനം ലഭിക്കുന്നതിനുള്ള തുടർച്ചയായ പോരാട്ടങ്ങളാണ് നേര് ആഗ്രഹിക്കുന്ന മനസ്സുകളുടെ ഏക പ്രതീക്ഷ.



**Dr.Achuthsankar S Nair**
**Professor, University of Kerala**
**Former Director,C-DIT**

# Malayalam Medium
## Caught in the Social Transition

**Changing social Landscape of Kerala**

The school scenario in Kerala is today influence by multi-dimesional change. The key change among them is demographic. The debatable 'demographic-economic development paradox' seems to be in operation for Kerala. The fertility rate in Kerala has fallen consistently and in 1990s and reached "Replacement Fertility Rates" of 2.1 (the rate which ensures that each couple replace themselves with 2 kids in next generation so that population does not decrease, the extra 0.1 addressing childhood mortality). By 2001 the rate has slumped to 1.70 (Hindus 1.66, Christians 1.78 and Muslims 2.28). It is estimated to be around 1.60 in 2011. Kerala's figures are lower than those of India (2.51) , US (2.01), UK (1.90), Norway (1.86) and Netherlands (1.78), and more than that of Canada (1.59), China (1.55) and Singapore (0.80). S. Irudava Rajan of the Centre for Development Studies in Thiruvananthapuram says, ten per cent of the couple in the state has no children and 25 of people are suffering from secondary sterility (incapable of having a second child).One of the impacts of this dip in population is the Schools in Kerala. One of the major changes in Kerala Society that has an effect on every debate on Kerala is its falling population.

By 1970s when population and enrolment increased and dropout decreased, state had achieved the goal of providing schools for every kid at close proximity (an LP School within 1 km, a UP School within 3 km and High School within 5 km). The turn of the century saw the population dynamics reverse and all of a sudden the schools began to feel a vacuum. Many other factors came into play, throwing some schools out of existence, many of which were public-funded schools. The effect was not a uniform one due to many other factors.Demographic transition is not this only change agent. Migrations (into and out of Kerala), proliferation of media, internet, mobile phone, changing demographics, globalization etc have all made a typical Malayali of the 21st century a far different person from that of 1960s and 70s. A "Mode of Travel" survey conducted in 1966 in Trivandrum by Town Planning Dept. is an interesting contrast to the burgeoning middle class of today. In 1966, 80% of commuters reached their place of work on foot, 15%





by the public conveyances, 3% by cycles and 1-2% in private cars. It is anybody's guess as to what these figures are today. It is not economic transformation alone that has affected the society. One aspect of social change that affects the Govt. schools is the changing mindset of lower middle class and lower-class of the society. Rising income levels, economic competition, emergence of private schools and changes in other institutions have prompted many Keralites to critically relook at general educational offered by state schools. Ask an auto rickshaw driver or a home maid where they send their children for schooling. As they inch up the social ladder, they identify "top-class" schooling as an important enabler for rising still further. No amount of cry on saving the Govt. schools might work with them, in fact, many might mistake it as a poly to keep them pegged down in the social ladder. The link between English and social order has been recognized quite early by thinkers like Ram Manohar Lohia, who said *"high-caste, wealth, and knowledge of English are the three requisites, with anyone possessing two of these belonging to the ruling class"*. In current times, Kanjah Iliah, Dalit activist and scholar while addressing a seminar at University of Kerala (in 2014) called upon Dalits to send their children only English Medium. In similar vein, Afonso Botelho, a blogger opines: "the future economic interests of the child are more important than the contribution the child will be able to make to the survival/maintenance of the mother tongue. Linguistic diversity needs to be maintained but not at the cost of the education and upward mobility of the child".

Unless the increasing inclination towards a competitive model of schooling (and even society) is corrected by thought leaders, or responded to pragmatically, public funded schools are going to face increasing challenges

**Multi-lingual education debate in Kerala Schools**

One of the major impacts of the societal transformation is the rising rejection of the Malayalam medium. Bilingual/ multilingual education is a widely debated topic internationally. UNESCO adopted the term "multilingual education' at its General Conference in 1999, to mean use of at least three languages in education-the mother tongue, a regional or national language and an international one. The discussion on this all over the world centers around the minority language speakers. In many countries speakers of the minority languages are forced to do their schooling in the majority languages. In Kerala, this debate has a very different tone. There is no major cry from the minority language speakers that they forced to study in Malayalam or from Malayalam language speakers that they are forced to study in English. The cry is about or even being suggested to study in the majority language/mother-tongue! The vast majority of parents in Kerala have abandoned Malayalam as medium of instruction and are fast switching their wards to English medium schools.

**A former Joint Director of Higher Secondary Education comments that though the medium of instruction in +2 is formally English, in many of the plus two schools, teachers are forced to teach in Malayalam, since many of the students who come from the Malayalam medium are unable to cope up with the transition into English medium of instruction, especially in sciences.**

There is no dearth of research evidence that education, especially at the primary level, is most effective in the mother tongue. Ruth M. H. Wong[1] lists some the well established works as follows: "Some scholars indicate that second language learners were more successful academically when they were first encouraged to develop concepts and literacy in their native language ( Krashen & Biber, 1988; Troike, 1979; Willig, 1985). Research also support the theory that biligual students transferred literacy skills to a second language (Barnitz, 1985, Cohen, 1987, Garcia & Padilla, 1985; Lambert & Tucker, 1972; Vygotsky, 1962, Wong, 1992)". One of the modern administrators of Travancore

UNESCO position on the multi-lingual education is articulated through three approaches: 1. *Promoting education in the mother tongue to improve the quality of education. 2. Encouraging bilingual and/or multilingual education at all levels of schooling as a means of furthering social and gender equality and as a key part of linguistically diverse societies. 3. Pushing languages as a central part of inter-cultural education.* school:

In the *National Curriculum Framework For School Education*

*(2000)*, which is issued by NCERT every five years, it is stated that the mother tongue should be the medium of instruction "at all stages of school education". In addition to the effectiveness of education, there are also arguments of re-in forcing identity and pride in one's own culture. Gandhiji has taken the position that Mother-tounge medium school is the most noble activity any one can & must do in India.



However, none of these arguments seem to have many takers. Many parents who switch to English medium schools




have their own reasons of "pragmatism", which often hides some false pride in educating their children in English, one of which is a colonial legacy. Many parents believe that teaching their children in the English medium ensures that the child is more firmly connected to global opportunities, which is not completely wrong. Many new generation jobs both within and outside the country demand fluency in English. Parents who are on the move also prefer English medium as the child can be easily transferred to other schools in other states or abroad.

**The school-college medium divide**

Many protagonists of mother tongue education reel out a number of examples of countries which organize school education in non-English language but which are very advanced and are world leaders in technology and knowledge. China, Japan, Korea, Germany, France, Russia etc. are the countries thus cited. They however do not reckon the fact that in all these countries the medium of instruction is the mother tongue throughout which makes the students who study in their mother tongue have no comparative disadvantages when they move up in their ladder of education. Not only advanced countries, but many others also have such national language-based ecucation at all levels. UNESCO documents list Cambodia, Indonesis, Thailand, Vietnam, China, magnolia, Bangladesh etc in this regard. Singapore is one of the countries where education at all levels is not in mother-tounge, but English. In Kerala, a child from

Malayalam medium will be put to undue disadvantages when they move to the realm of higher education as there is no major higher education institution in Kerala which delivers education in Malayalam, officially. Even at the level of +2, Kerala is one of the rare states in India which does not have mother-tounge medium. Almost all other states in India have choice of English and local language as medium at +2. A former Joint Director of Higher Secondary Education comments that though the medium of instruction in +2 is formally English, in many of the plus two schools, teachers are forced to teach in Malayalam, since many of the students who come from the Malayalam medium are unable to cope up with the transition into English medium of instruction, especially in sciences. Even in colleges a similar situationseems to exist. Many foreign students studying in Kerala who took part in the Foreign Students meet at University of Kerala 2013complained about the use of Malayalam – English mixture used by lecturers in colleges. The disadvantage is not limited to higher education. In Kerala, even the administrative language has not effectively been changed to Malayalam, inspite of the efforts to do so for many decades. The website of the education department remains in English and so dos the web site of the Kerala Government itself.

**Malayalam Medium in Higher Education: Dying Hopes**

Can proponents of Malayalam medium hope that, some time in future, the higher education system will transform to Malayalam medium? A review of the matter over last few decades will disappoint them. The Universities have long since stopped talking about even feeble attempts at infusing Malayalam as medium of instruction or of research. Among one of the basic objectives for which the first University of the state, University of Travancore was established (1937), was the development of Malayalam language and literature. Historian A. Sreedhara Menon points out that the question naturally arose at the very outset whether Malayalam could be the medium of instruction in the University. The University Committee of 1923 examined the question and concluded it as "unwise" and the University started functioning with English



as medium of instruction. The formation of the State of Kerala in 1956 following the linguistic re-organization of states triggered fresh interest in the adoption of Malayalam as the medium of instruction. The Kerala University Act of 1957 proclaimed that the old University of Travancore was being reconstituted into the new University of Kerala and aims at the "gradual change of the medium of instruction into Malayalam". But at its meeting held on December 27, 1961 the Syndicate made it crystal clear that "the University has no idea to change the medium of instruction at present." This weakened all further debates on the subject. One of the issues of concern for the University was lack of University level text books in Malayalam. In March 1968, the Government of Kerala set up the State Institute of Languages with N. V. Krishna Warrior as Director with a view to encouraging the production of University level text-books in Malayalam. Both Krishna Warrior and P. T. Bhaskara Panikkar strongly espoused the cause of Malayalam medium (though PT Bhaskara Panicker sent his son to English medium). However, by this time, the Kerala University Act of 1969 had omitted from its preamble the earlier reference to the change to Malayalam medium as one of the objectives. By 1970-71, dual medium was tried out in a few select subjects at the Pre-Degree level. The teachers were asked to use both English and Malayalam in teaching subjects, (for Indian History and Logic for the Pre-Degree course commencing with the admissions of 1972-'73). The University also conducted orientation courses for college teachers in order to equip them for the task of teaching in dual medium. Technical terms in English were advised to be retained. In 1977, the University extended the dual medium to cover the optional subjects for the Degree programmes. A proposal to introduce Malayalam as a compulsory subject of study was placed before the Academic Council in 1986, but was deferred. A. Sreedhara Menon observes that thereafter issue of "mediumof instruction" never took centre stage in University debates. The State Institute of Languages which produced a handful of books in Malayalam useful as text books in Pre-degree and Degree programmes, gradually started focusing on popular science & technology books rather than study texts and references and remains so till date. The administrative language of the Universities also remain as English. The commitment to Malayalam is symbolic such as the use of the Malayalam word 'Kerala Sarvakalasala', imprinted into the certificates since 2001. (incidently a certificate designed by C-Dit) The provision for the research scholars to give a Malayalam abstract for their Ph.D. dissertation was not ever enforced. These being the case, the arguments of the parents that the child who studies in the Malayalam medium would have the prominent disadvantages in higher education, cannot be ignored.



**The "School Malayalam"**

The debate on Malayalam medium very often boils down to the kind of Malayalam used in school text books. There was a time when the Malayalam that was used in science text books was pure Sanskrit which was more foreign than English. When 'ice cap'was translated as 'himachhadam' and 'backlash' was translated as "pacchhagamanam", the students were not only disadvantaged, they had real pain. The double effort they had to take to familiarize the alien words,then understand the meaning of the words and thereafter connect them to the objects or concepts they referred to, was a major issue with Malayalam medium.

During recent times, very awkward Malayalam translations have moved out of text books. However, during the same time the society has got more and more exposed to English language that the Malayalam translations are sometimes still stranger than the English words for the Students. It is estimated that there are at least 500 words which are common in English band Malayalam such as mobile phone, bus, train, hello, voltage, cake etc. The Language Institute has meanwhile clearly adopted a policy of using transliteration of technical words instead of any form of translation.

How many takes are there for Malayalam medium today?In 2014 SSLC examinations, 25% of the students who passed were from English medium. If we look at student strength in English medium in lower classes, the percentage is much higher, showing an increase in recent times. NCAER Human Development India Report says the national figure for schools students in English Medium is 10%. Bihar, Bengal, Gujarath, Uttar Pradesh, Madhya Pradesh, Assam, Orissa, Rajasthan, Maharashtra have 3-8% of students in English medium, but the southern states of Karnataka, Andhra and Tamil Nadu have 15-19% and Kerala has 23%.In Cotton Hill Higher Secondary School in Trivandrum out of the 3473 students in Std. 5-10, 79% students are studying in English Medium. In Govt. Model Higher Secondary School, out of 437 students from standard 5-10, 63% are in English medium. In the now famous Nadakkav School in Calicut, percentage of students studying in English medium is around 75%. In Thiruvananthapuram educational district, the number of students studying in std 1-5 in Malayalam medium is a mere 152, according to statement received through RTI.

**Alternate Responses to Medium debate**

At present, English medium is recognized by the stake holders of Govt. schools themselves as a means of ensuring existence of Govt. Schools. Come May, and most Govt. schools which have student crunch display banners announcing "Admission open in English & Malayalam Medium". The rules regarding starting an English medium batch is not very conducive, at least 24 applicants should be there. Most PTAs unofficially assure new parents that even students admitted in Malayalam medium shall be taught in English medium also. Rather than such stealthy adoption of English to salvage the schools, the Govt should seriously consider being pro-active in this aspect. Private schools are making huge profits out of the government's failure by luring children through providing English as a medium of instruction.

It is time to think of alternate responses to the dichotomy between English and Malayalam medium. Powerful legislation is the only hope to clear up the mess surrounding the right to be educated in any language, at least at primary level (The legislation may be effective only with a constitional amendment; the Madras High Court struck down the order of the Government of Tamil Nadu that mother tongue be the sole medium of instruction at the primary school stage). Malayalam can thereby be made the sole possible language of instruction in standards 1-5 for all kinds of schools, but English could be taught without any loss of gravity, as a subjectform first standard itself. The quality of English language teaching is also to be critically reviewed and improved. From Std. 5-10, all classes could be English medium alone, for all schools. Another option for Std. 5-10 is dual medium. Subjects such as Social Sciences could be taught in Malayalam, but sciences could be taught in English. Some of the Kendriya Vidyalayas use a similar strategy, with social sciences being taught in Hindi and Maths and Science being taught in English, along with English as a subject.

1 Ruth M.H. Wong *"The Effectiveness of Using English as this Sole Medium of Instruction in English Classes: Student Responses and Improved English Proficiency"*, Porta Linguarum 13, 2010, pp:119-130.



Comarade
# P.G.
Remembered

22nd November, 2013



## സ.പി.ജിയുടെ ദീർഘവീക്ഷണഫലം സി-ഡിറ്റ്

സി-ഡിറ്റ് എന്ന ശാസ്ത്രസാങ്കേതിക സ്ഥാപനം കേരള ജനതയ്ക്ക് 25 വർഷങ്ങൾക്കുമുമ്പ് സമർപ്പിച്ചത് ശ്രീ. പി. ഗോവിന്ദപിള്ളയുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. ചലച്ചിത്രവികസന കോർപ്പറേഷന്റെ ചെയർമാനായിരുന്നപ്പോൾ 1989-ൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രിയായിരുന്ന ശ്രീ. കെ.ആർ. നാരായണന്റെയും അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെയും സഹായത്തോടെ ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസിൽ സി-ഡിറ്റിന് തുടക്കം കുറിച്ചു. ശ്രീ. പി.ജി.യുടെ നേതൃത്വത്തിൽ ആയിരുന്നു. സി-ഡിറ്റിന്റെ ആദ്യഡയറ


കൂർ എന്ന നിലയിൽ സ്ഥാപനത്തിനുള്ളിൽ തസ്തികയുടെ വേർതിരിവില്ലാതെ തൊഴിലാളികൾ സൗഹൃദത്തോടെ കൂട്ടായി സ്ഥാപനത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുക എന്ന പുത്തൻ തൊഴിൽ സംസ്കാരം പി.ജി നടപ്പിലാക്കി. ഇതിന്റെ ഫലമായി ചുരുക്കം കാലയളവിനുള്ളിൽ സ്ഥാപനം കേരളത്തിനാകെ മാതൃകയായി വളരുകയും ചെയ്തു. സി-ഡിറ്റിന് സ്വന്തമായി ചിത്രാഞ്ജലി ക്യാമ്പസിനുള്ളിൽ മൂന്ന് ഏക്കർ സ്ഥലം അനുവദിക്കുകയും പുത്തൻ സമുച്ചയം നിർമ്മിക്കുകയും ചെയ്തത് പി.ജിയുടെ കാലത്താണ്. 'സി-ഡിറ്റ് ജീവനക്കാരുടെ ഓർമ്മകളിലൂടെ സഖാവ് പി.ജി.' എന്ന അനുസ്മരണ സമ്മേളനം സി-ഡിറ്റിന്റെ ഹെഡ് ഓഫീസിൽ വെച്ച് സഖാവ് കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സഖാവ് പി.ജി. സഞ്ചരിക്കുന്ന വിജ്ഞാനകോശമായിരുന്നു. ദേശത്താകെ സഞ്ചരിച്ച് അദ്ദേഹത്തിന് ലഭിച്ച അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകിയ മഹാജ്ഞാനിയായിരുന്നു സഖാവ് പി.ജി. അറിവ് നേടുവാൻ മാത്രമുള്ളതല്ലെന്നും മറ്റുള്ളവർക്ക്പകർന്ന് നൽകേണ്ടതാണെന്നും പി.ജി. നമ്മെ പഠിപ്പിച്ചു. അറിവിന്റെ മേഖലയിൽ കൂടുതൽ സഞ്ചരിക്കുമ്പോഴും നിഷ്ക്കളങ്കതയുടെയും ലാളിത്യത്തിന്റെയും പ്രതീകമായിരുന്നു പി.ജി. മാർക്സിയൻ ദർശനങ്ങൾ മനുഷ്യന്റെ നിത്യജീവിതവുമായി കോർത്തിണക്കി സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുകയായിരുന്നു പി.ജി. ചെയ്തത്. പി.ജി. ഇല്ലായിരുന്ന കഴിഞ്ഞ ഒരു വർഷം ദാർശനിക വിശകലനശാഖ ശൂന്യമായിരുന്നു. മലയാളിയുടെ മനസ്സിൽ പി.ജി ഇന്നും ജീവിക്കുന്നതിനാൽ ഓർക്കുകയല്ല വേണ്ടത് പി.ജിയുടെ ചിന്തകൾ പങ്കുവെയ്ക്കുകയാണ് വേണ്ടതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ.കടകംപള്ളി സൂചിപ്പിച്ചു. ഇരുപത്തിഅയ്യായിരത്തിൽപ്പരം വരുന്ന പി.ജിയുടെ പുസ്തക ശേഖരം ഡിജിറ്റൈസ് ചെയ്ത് കേരളത്തിന്റെ പുതിയ തലമുറയ്ക്കായി സമർപ്പിക്കുവാൻ സി-ഡിറ്റ് തയ്യാറാകണമെന്ന് കടകംപള്ളി സുരേന്ദ്രൻ ആവശ്യപ്പെട്ടു. സി-ഡിറ്റ് രജിസ്ട്രാർ ഡോ.എസ്.എ.ഷാജഹാൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. 'പി.ജിയും സി-ഡിറ്റും' എന്ന വിഷയം സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ ജന.സെക്രട്ടറി ആമുഖമായി അവതരിപ്പിച്ചു. അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം സ. ജയമോഹനൻ നന്ദി രേഖപ്പെടുത്തി.









11th August,2013

# CEAN-LET
## Release

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ പ്രസിദ്ധീകരണമായ CEANLET ന്റെ 2013 ലെ ഛരിമാ ളൂറശശേീ 2013 അൗഴൗെ 11 ന് തിരുല്ലം ഹെഡ് ഓഫീസ് അങ്കണത്തിൽ നടന്ന ചടങ്ങിൽ വച്ച് പ്രകാശനം ചെയ്തു. ആദ്യ പ്രതി ഡയറക്ടർ ശ്രീ.ബാബു ഗോപാലകൃഷ്ണന് നൽകി സുപ്രസിദ്ധ സിനിമാ പിന്നണി ഗായകനും നടനുമായ ശ്രീ. കൃഷ്ണ











ചന്ദ്രനാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ ജീവനക്കാരുടെ സർഗ്ഗാത്മക രചനകളെപ്രോത്സാഹിപ്പിക്കുന്നതിനു നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനീയമാണെന്നു കൃഷ്ണചന്ദ്രൻ പറഞ്ഞു. സി.ഇ.എ. പ്രസിഡന്റ് ശ്രീ.കടകംപള്ളി










സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ രജിസ്ട്രാർ ഡോ. എസ്.എ. ഷാജഹാൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി എൻ.കെ. ജയ, ജനറൽ സെക്രട്ടറി ബി. സതീശൻ, ജിബി പി. എബ്രഹാം എന്നിവർ പങ്കെടുത്തു.





2013 **CEAN-LET**
Release

11th August,2013


# MADHU
## Felicitated





## മലയാളത്തിന്റെ മഹാനടൻ പത്മശ്രീ മധുവിനെ ആദരിച്ചു

പത്മശ്രീ മധുസാറിന് തിരുവനന്തപുരം നഗരാവലിയുടെ സ്നേഹാദരവിന് 2013 ആഗസ്റ്റ്11-ാം തീയതി വി.ജെ.റ്റി ഹാൾ വേദിയായി. നഗരത്തിലെ പ്രധാന സാംസ്കാരിക സംഘടനകൾ ട്രേഡ് യൂണിയനുകൾ, വർഗ്ഗ ബഹുജനസംഘടനകൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിങ്ങനെ വൻജനാവലി ആദരവ് അറിയിക്കാൻ സന്നിഹിതരായിരുന്നു. സ.കടകംപള്ളി സുരേന്ദ്രൻ നേതൃത്വം നൽകിയ ആദരവ് ചടങ്ങ് അർത്ഥവത്തായിരുന്നു. മലയാളത്തിന്റെ മഹാനടനെ ആദരിക്കാൻ ഒത്ത് കൂടിയവർ അവരുടെ സ്നേഹത്തിന്റെ ഉപകാരങ്ങൾ സമർപ്പിക്കുന്നതിൽ മത്സരിക്കുകയായിരുന്നു. ബഹു. പ്രതിപക്ഷനേതാവ് സ.വി.എസ്. അച്ചുതാനന്ദനായിരുന്നു മുഖ്യാതിഥി. സഖാക്കൾ എം.വിജയകുമാർ, കടകംപള്ളി സുരേന്ദ്രൻ തുടങ്ങിയ പ്രമുഖരായ പലരും അനുമോദന പ്രസംഗങ്ങൾ നടത്തി. സി-ഡിറ്റ് ജീവനക്കാരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി. സി.ഇ.എ എക്സിക്യൂട്ടീവ് അംഗം സ. ഷജിത്ത് വരച്ച മധുസാറിന്റെ  ചിത്രമാണ് തികച്ചും വേറിട്ട സ്നേഹാദരവായി സി.ഇ.എ സമർപ്പിച്ചത്. ജീവിതത്തിൽ ഇത്തരത്തിൽ ഒരു അംഗീകാരം ഇതുവരെ ഉണ്ടായിട്ടില്ലെന്ന് ഹൃദയസ്പർശിയായ ആദരവിന് മറുപടി പറയവെ മഹാനടൻ സൂചിപ്പിച്ചു.




# എക്സൈസ് ഹോളോഗ്രാം നിർമ്മാണം സ്വകാര്യവത്ക്കരിക്കുന്നത് അഴിമതിക്കുവേണ്ടി

**തി**രുവനന്തപുരം : എക്സൈസ് വകുപ്പിനുവേണ്ടിയുള്ള സെക്യൂരിറ്റി ഹോളോഗ്രാം നിർമ്മാണം കർണ്ണാടകയിലെ സ്വകാര്യ കമ്പനിയ്ക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി അവസാനിപ്പിക്കണമെന്നും ഇത് പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റിൽ തന്നെ നിലനിൽത്തണമെന്നും പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ സർക്കാരിനോട് ആവശ്യപ്പെട്ടു. സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷനും സി-ഡിറ്റ് സംരക്ഷണസമിതിയും സംയുക്തമായി സംഘടിപ്പിച്ച ജനകീയ പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 12 വർഷമായി കുറ്റമറ്റ രീതിയിൽ സി-ഡിറ്റ് നടപ്പാക്കിവരുന്ന ലേബൽ നിർമ്മാണം സ്വകാര്യമേഖലയിലേക്ക് മാറ്റുന്നതുമൂലം വ്യാജമദ്യ ദുരന്തവും സർക്കാരിന് വൻതോതിൽ നികുതി നഷ്ടവും ഉണ്ടാകും. 400ൽപ്പരം ജീവനക്കാരുള്ള സി-ഡിറ്റിന്റെ നിലനിൽപ്പിനുതന്നെ തുരങ്കം വയ്ക്കുന്ന ഈ നടപടിയ്ക്കുപിന്നിൽ അഴിമതിയുണ്ട്.

എക്സൈസ് വകുപ്പും സി-ഡിറ്റും ഇക്കാര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാത്തപക്ഷം ശക്തമായ ജനകീയ പ്രക്ഷോഭം ആരംഭിക്കണമെന്നും അദ്ദേഹം പറഞ്ഞു. എക്സൈസ് വകുപ്പുമന്ത്രി ഇതിനു അവസരമൊരുക്കുകയില്ലെന്നാണ് തന്റെ പ്രതീക്ഷയെന്നും വി.എസ്. പറഞ്ഞു. മദ്യ ഉപയോഗത്തിൽ സുരക്ഷിതത്വം ഉറപ്പാക്കാനും അമിതമദ്യ ഉപയോഗം നിയന്ത്രിക്കുന്നതിനും ഈ പ്രോജക്ട് സി-ഡിറ്റിൽ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. എ. സമ്പത്ത് എം.പി, വി. ശിവൻകുട്ടി എം.എൽ.എ.,






മുൻമന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, മുൻ മേയർ സി.ജയൻബാബു, സംസ്ഥാന സിനിമ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ് ഇ.ജി. മോഹനൻ, സി.ഐ.ടി.യു ജില്ലാ സെക്രട്ടറി വി.കെ. മധു, മുൻ ഡപ്യൂട്ടി മേയർ ജയപ്രകാശ്, എൻ.ജി.ഒ. യൂണിയൻ സംസ്ഥാന ട്രഷറർ ശ്രീകണ്ഠൻ, സി.പി.എം. കോവളം ഏരിയ സെക്രട്ടറി രാജേന്ദ്രകുമാർ, നഗരസഭ കൗൺസിലർ എ.ജെ. സുക്കാർണോ, ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ സെക്രട്ടറി മോഹനൻ, ഐ.എച്ച്.ആർ.ഡി. യൂണിയൻ ട്രഷറർ ബേസിൽ ഗോമസ്, കോൺഫഡറേഷൻ ജില്ലാ സെക്രട്ടറി അശോകൻ, മത്സ്യത്തൊഴിലാളി യൂണിയൻ സെക്രട്ടറി പുല്ലുവിള സ്റ്റാൻലി, കോപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ ജില്ലാ ജോയിന്റ് സെക്രട്ടറി ടി.എസ്. സത്യകുമാർ, കെ.എം.എസ്.ആർ.എ. ജില്ലാ പ്രസിഡന്റ് എം. സുന്ദരം, പി.കെ.എസ്. ജില്ലാ സെക്രട്ടറി വണ്ടിത്തടം മധു, ഹൗസിംഗ് ബോർഡ് എംപ്ലോയീസ് ഫെഡറേഷൻ വൈസ് പ്രസിഡന്റ് വാമനൻ നമ്പൂതിരി, സി.പി.എം. തിരുവല്ലം ലോക്കൽ കമ്മിറ്റി സെക്രട്ടറി കരിങ്കടമുകൾ രാജൻ, ചെത്തുതൊഴിലാളി യൂണിയൻ സെക്രട്ടറി കൃഷ്ണൻകുട്ടി, കയർ വർക്കേഴ്സ് യൂണിയൻ സെക്രട്ടറി ബി. ജയകുമാർ, സി–ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി ബി. സതീശൻ, വൈസ് പ്രസിഡന്റ് സജിനാരായണൻ എന്നിവർ സംസാരിച്ചു.







കഴിഞ്ഞ 12 വർഷമായി വളരെ പ്രശംസനീയമായ വിധത്തിൽ യാതൊരു പരാതിയുമില്ലാതെ സംസ്ഥാന സർക്കാർ സ്ഥാപനമായ സി-ഡിറ്റിന്റെ ചുമതലയിൽ നടന്നുവരുന്ന എക്സൈസ് വകുപ്പിനുവേണ്ടിയുള്ള സെക്യൂരിറ്റി ഹോളോഗ്രാം നിർമ്മാണം സി-ഡിറ്റിന്റെ പൂർണ്ണ നിയന്ത്രണത്തിൽ നിന്നും മാറ്റി സ്വകാര്യ ലോബിക്കു നൽകുന്നതിനുള്ള തികച്ചും ദുരൂഹത നിറഞ്ഞ നടപടിക്ക് യു.ഡി.എഫ് സർക്കാർ മുന്നിട്ടിറങ്ങിയിരിക്കുകയാണ്. ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെക്കൊണ്ട് കർണാടക സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനത്തിൽ പഠനം നടത്തി അവർക്കുവേണ്ടി ഒരു റിപ്പോർട്ട് തയ്യാറാക്കിയാണ് ഈ അഴിമതി നാടകം നടത്തുന്നത്. റിപ്പോർട്ടിൽ പറയുന്ന എല്ലാ സുരക്ഷാ സങ്കേതങ്ങളും സജ്ജമാക്കി ഹോളോഗ്രാം ലേബൽ നിർമ്മിച്ചു നൽകാമെന്ന സി-ഡിറ്റിന്റെ രേഖാമൂലമുള്ള ഉറപ്പ് ഗൗനിക്കാതെയാണ് സ്വകാര്യ സ്ഥാപനത്തിനുവേണ്ടി പുതിയ താൽപര്യപത്രം സി-ഡിറ്റിനെക്കൊണ്ട് ക്ഷണിച്ചിരി







ക്കുന്നത് എന്നത് തികച്ചും ഗൗരവതരം തന്നെ. എക്സൈസ് മന്ത്രിക്കുവേണ്ടി എന്തു ദാസ്യവേലയും ചെയ്യുന്ന സി-ഡിറ്റ് ഭരണാധികാരികൾ വൻ അഴിമതിക്ക് കൂട്ടുനിൽക്കുകയാണെന്നത് ഓർക്കുന്നത് നന്ന്. ഇതിനു ഇവർ വൻവില കൊടുക്കേണ്ടി വരുമെന്നതും ഓർമ്മിക്കുന്നത് നന്നായിരിക്കും.

ഹോളോഗ്രാം നിർമ്മാണം നഷ്ടപ്പെടുന്ന അവസ്ഥ വന്നാൽ 400-ൽ പരം ജീവനക്കാരുള്ള സി-ഡിറ്റ് അടച്ചു പൂട്ടലിലേയ്ക്ക് നീങ്ങും. ഇന്ത്യയിൽ പൊതുമേഖലയിലുള്ള ഏക ഹോളോഗ്രാം നിർമ്മാണ കേന്ദ്രമാണ് സി-ഡിറ്റ് എന്നത് യു.ഡി.എഫ് സർക്കാർ മറക്കുന്നു. സമീപകാലത്ത് ഹോളോഗ്രാം ലേബർ മാതൃകയ്ക്ക് രാജ്യാന്തര അവാർഡ് സി-ഡിറ്റ് നേടിയെന്നതും നാം മനസിലാക്കണം. സി-ഡിറ്റ് ലേബൽ നിർമ്മാണം തുടങ്ങിയശേഷം കേരളത്തിൽ വ്യാജമദ്യദുരന്തം ഉണ്ടായിട്ടില്ല. എന്നാൽ പുതിയ താൽപര്യപത്രം വഴി ലേബൽ നിർമ്മാണം സി-ഡിറ്റിന്റെ പൂർണ നിയന്ത്രണത്തിൽനിന്നും സ്വകാര്യ ലോബിയിലേക്കു മാറുന്നതോടെ വ്യാജമദ്യദുരന്തം ഉണ്ടാകും. സംസ്ഥാന ഖജനാവിനു വൻ നികുതി നഷ്ടവും ഉണ്ടാകും. ഈ നികുതിനഷ്ടം ഇതിനു കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥ - ഭരണ നേതൃത്വത്തിനു ലഭിക്കും. ഇങ്ങ















നെ ഒരു വൻ അഴിമതിക്കാണ് ഇപ്പോൾ സി-ഡിറ്റിന്റെ കാർമികത്വത്തിൽ കളം ഒരുങ്ങുന്നത്.

സി.എ.ജി. റിപ്പോർട്ട് ശുപാർശ ചെയ്തത് ലേബൽ നിർമ്മാണത്തിൽ സ്വകാര്യ പങ്കാളിത്തം ഒഴിവാക്കണമെന്നാണ്. ഇതനുസരിച്ചുള്ള നടപടികൾ അടിയന്തിരമായി ആവിഷ്കരിച്ച് സി-ഡിറ്റ് സ്വന്തം നിലയിൽ ലേബൽ നിർമ്മാണം വിജയകരമായി നടത്തി വരുന്നതിനിടയിൽ ഇപ്പോൾ വീണ്ടും കർണാടകയിലെ സ്വകാര്യ ലോബിയുമായി കൂട്ടുകച്ചവടം നടത്തി കോടികളുടെ അഴിമതിക്കാണ് എക്സൈസ് മന്ത്രി കച്ചകെട്ടി ഇറങ്ങിയിരിക്കുന്നത്. ഇതിനുവൻ വില നൽകേണ്ടി വരും. സംസ്ഥാനത്തിന്റെ പൊതുതാല്പര്യം കണക്കിലെടുത്ത് തികച്ചും ദേശവിരുദ്ധമായ ഈ അഴിമതി നടപടിയിൽ നിന്നും സംസ്ഥാന സർക്കാരും സി-ഡിറ്റും ഉടനടി പിൻമാറണമെന്ന് ആവശ്യപ്പെടുന്നു. ഈ രംഗത്തുള്ള സി-ഡിറ്റിന്റെ പ്രാഗൽഭ്യം പരിഗണിച്ച് കഴിഞ്ഞ ഇടതുപക്ഷസർക്കാർ സി-ഡിറ്റിനെ സെക്യൂരിറ്റി ഹോളോഗ്രാം മേഖലയിലെ ടോട്ടൽ സൊലൂഷ്യൻ പ്രൊവൈഡർ ആയി പ്രഖ്യാപിച്ചിരുന്നു.

വളരെ പ്രധാനപ്പെട്ട വരുമാന സ്രോതസ്സായ ഹോളോഗ്രാം ലേബൽ നിർമ്മാണം സി-ഡിറ്റിന് നഷ്ടമാകുന്നു. ഒന്നരപതിറ്റാണ്ടായി കുറ്റമറ്റരീതിയിൽ ലേബലിന്റെ നിർമ്മാണം നിർവ്വഹിച്ചുവരുന്ന സി-ഡിറ്റിനെ ഒഴിവാക്കി മണിപ്പാൽ സെക്യൂരിറ്റി പ്രസ്സിന് നൽകാനുള്ള സർക്കാരിന്റെ നടപടി അവസാനഘട്ടത്തിലായി. ഇന്നത്തെ യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതുമുതൽ സി-ഡിറ്റിൽ നിന്നും മാറ്റി കർണ്ണാടകത്തിലെ സ്വകാര്യ കമ്പനിക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എക്സൈസ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം ഉദ്യോഗസ്ഥരാണ് കർണ്ണാടകകമ്പനിക്ക് പദ്ധതി നൽകുന്നതിനുള്ള ആസൂത്രിതമായ നീക്കങ്ങൾ നടത്തിയത്. വൻ അഴിമതിക്കുള്ള ഇടപാടുകൾ വളരെനേരത്തെ ഉറപ്പിച്ചു കഴിഞ്ഞ ഇക്കൂട്ടരുടെ നീക്കങ്ങൾ മനസ്സിലാക്കിയ സി.ഇ.എ.അതിശക്തമായ ജനകീയ പ്രക്ഷോഭം ഇതിനെതിരെ ഉയർത്തിക്കൊണ്ടുവന്നു. സി.ഇ.എയുടെ നേതൃത്വത്തിൽ ബഹുജനങ്ങളെ അണിനിരത്തി ബഹു.പ്രതിപക്ഷ നേതാവ് ഉൾപ്പെടെ പങ്കെടുത്ത സെക്രട്ടറിയേറ്റിനുമുന്നിലെ ജനകീയ പ്രതിഷേധ കൂട്ടായ്മക്ക് എക്സൈസ് വകുപ്പ് നേരിട്ട് ടെണ്ടർ വിളിച്ച് കർണ്ണാടക കമ്പനിയെ ഏൽപ്പിക്കുവാൻ നടത്തിയ ശ്രമങ്ങളെ താൽക്കാലികമായി തടയാൻ കഴിഞ്ഞു.

ലേബൽ നിർമ്മാണത്തിൽ നിന്നു സി-ഡിറ്റിനെ ഒഴിവാക്കാനുള്ള അഴിമതി സംഘത്തിന്റെ പ്രവർത്തനങ്ങളെ അതീവ സൂക്ഷ്മതയോടെ പിൻതുടർന്ന സി.ഇ.എ. ഓരോ നീക്കവും സി-ഡിറ്റിന്റെ മന്ത്രിയെയും മുഖ്യമന്ത്രിയെയും സി-ഡിറ്റ് അധികാരികളെയും ധരിപ്പിച്ചു കൊണ്ടിരുന്നു. എന്നാൽ സി-ഡിറ്റ് ഭരണനേതൃത്വം എക്സൈസ്സ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള അഴിമതി സംഘത്തിന് ഓശാന പാടുകയായിരുന്നു പുത്തൻ സാങ്കേതിക വിദ്യ കണ്ടെത്താനെന്ന വ്യാജേന ബുദ്ധിപൂർവ്വം സി-ഡിറ്റിനെ കൊണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും താല്പ

10th Oct, 2014

# PEOPLES CAMPAIGN

Secretariat Dharna

ര്യ പത്രം ക്ഷണിപ്പിച്ചു. താല്പര്യപത്രം ക്ഷണിക്കൽ നടപടിക്കെതിരെ സി.ഇ.എ. അതിശക്തമായി പ്രതികരിച്ചു. അപ്പോഴും സി-ഡിറ്റിന്റെ ഭരണനേതൃത്വം ജീവനക്കാരെ ആക്ഷേപിക്കാനും ഒറ്റപ്പെടുത്താനുമാണ് തയ്യാറായത്. അഴിമതി സംഘത്തിന്റെ പ്രവർത്തനങ്ങളെ ശക്തിയുക്തം എതിർത്തുകൊണ്ടിരുന്ന സി-ഡിറ്റിലെ വകുപ്പ്മേധാവിയായ സയന്റിസ്റ്റിനെ ബന്ധപ്പെട്ട യോഗങ്ങളിൽ നിന്നും എക്സൈസ് വകുപ്പ് ഒഴിവാക്കിയപ്പോഴും സി-ഡിറ്റ് അധികാരികൾ ഇടപെട്ടില്ല. താല്പര്യപത്ര നടപടികൾ പൂർത്തീകരിച്ച സി-ഡിറ്റിനെ വിദഗ്സമിതിയിൽ നിന്നും ഒഴിവാക്കിയപ്പോഴും നമ്മുടെ ഭരണ കർത്താക്കൾ ഒന്നും ചെയ്തില്ല. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ അഴിമതി സംഘത്തിന് കൈമാറി നോക്കുകൂലി കിട്ടാനായി കാത്തിരുന്നു.

സി-ഡിറ്റ് പൂർണ്ണമായും നേരിട്ട് നിർമ്മാണം നടത്തിയതിനുശേഷവും സ്വകാര്യ പങ്കാളിത്തത്തിനായി സി-ഡിറ്റ് അധികാരികൾ അഴിമതി സംഘത്തിന്റെ അടിമപണി ചെയ്തുകൊണ്ടിരുന്നു. സി-ഡിറ്റ് മന്ത്രി സ്വീകരിച്ച അനുകൂല നിലപാടുപോലും സി-ഡിറ്റ് അധികാരികൾ സ്വീകരിച്ചില്ല. അഴിമതി സംഘത്തിന്റെ പ്രവർത്തങ്ങളെ വിദഗ്ധമായി തടഞ്ഞുകൊണ്ടിരുന്ന വകുപ്പ് മേധാവിയായ സ: സാജൻ അമ്പാടിയെ ലേബൽ നിർമ്മാണ വകുപ്പിൽ നിന്നു മാറ്റി അഴിമതി സംഘത്തിന് വേണ്ട സൗകര്യം ഒരുക്കുകയാണ് സി-ഡിറ്റ് ഡയറക്ടർ ചെയ്തത്. സി-ഡിറ്റ് അധികാരികളും അഴിമതി സംഘത്തിലെ അംഗങ്ങളാണെന്ന അക്ഷേപം ബലപ്പെടുകയാണ്.

പുത്തൻ സാങ്കേതികവിദ്യ തെരഞ്ഞെടുക്കാൻ രൂപീകരിച്ച വിദഗ്ധസമതിയുടെ ജോലി EOI യിൽ പങ്കെടുത്ത കമ്പനികളെ തെരഞ്ഞെടുക്കുക എന്നതായി. മണിപ്പാൽ സെക്യൂരിറ്റി പ്രസ്സിനെയും അവരുടെ അസോസിയേറ്റായ മദ്രാസ് പ്രസ്സിനെയും ചുരുക്കപ്പട്ടികയിലാക്കി. ചുരുക്കപ്പട്ടികയിൽ നിന്നും ഒരു കമ്പനിയെ തെരഞ്ഞെടുക്കാനുള്ള RFP തയ്യാറാക്കുന്ന ജോലിയും സർക്കാർ ഉത്തരവിലൂടെ വിദഗ്ദ സമിതിയെ ഏൽപ്പിച്ചിരിക്കുന്നു. 11.08.2014 ന് ചേരുന്ന വിദഗ്ദ സമിതിയിൽ RFP അംഗീകരിക്കുന്നതോടെ മണിപ്പാൽ സെക്യൂരിറ്റി പ്രസിനെ ഏല്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകും. അത് കഴിഞ്ഞാലുടൻ സി-ഡിറ്റിനെ പൂർണ്ണമായും ഒഴിവാക്കി മണിപ്പാൽ സെക്യൂരിറ്റി പ്രസ്സിനെ ഏൽപ്പിക്കാനുള്ള ഉത്തരവ് ഇറക്കാനും കഴിയും.

സി-ഡിറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി നഷ്ടപ്പെടുന്ന അവസ്ഥയിൽ നിൽക്കുമ്പോഴും കോൺഗ്രസ്സ് യൂണിയൻ നേതാവിന്റെ അടിമപണി ചെയ്ത് നിർവൃതി കൊണ്ടിരിക്കുകയാണ് നമ്മുടെ അധികാരികൾ. നന്നായി നടന്നു പോകുന്ന പദ്ധതികളുടെ മേധാവികളെ മാറ്റുക, ഉപദ്രവിക്കുക, തട്ടിപ്പ് വീരന്മാർക്ക് ഉന്നത പദവിയും അധികാരവും നൽകുക, പാർശ്വവർത്തികൾക്ക് ഇഷ്ടമുള്ളതുപോലെ ശമ്പളം കൂട്ടി നൽകുക, ബാക്കിയുള്ളവരെ അവഹേളിച്ച് മാറ്റി നിർത്തുക, അന്തസ്സോടെ പണിയെടുക്കുന്നവരെയും നീതി











ക്കുവേണ്ടിയുള്ള പോരാട്ടം നടത്തുന്നവർക്കുമെതിരെ ആടിനെ പട്ടിയാക്കും വിധം കുപ്രചരണം നടത്തുക, കിട്ടുന്നയവസരത്തിൽ മുതല കണ്ണീരൊഴുക്കി പൊറാട്ടു നാടകം കളിക്കുക, ഇത്തരം കലാ പരിപാടികളുമായി നമ്മുടെ ഭരണ കർത്താക്കൾ മിന്നിതിളങ്ങി മികച്ച താരങ്ങളായി ചരിത്രത്തിന്റെ ഭാഗമായി കൊണ്ടിരിക്കുകയാണ്.

ഇവരുടെ നേതൃത്വത്തിൽ പുതിയ പദ്ധതികൾ ഒന്നും കൊണ്ടുവരാൻ കഴിയുന്നില്ല. നിലവിലുള്ള പ്രധാനപദ്ധതികൾ പോലും സംരക്ഷിക്കാൻ പറ്റുന്നില്ല. സ്ഥാപനം തകർച്ചയുടെ വക്കിലായി നിൽക്കുന്നു. ലേബൽ നിർമ്മാണപദ്ധതി നഷ്ടപ്പെടുന്ന അവസ്ഥയിൽ പോലും കോടികൾ ബാദ്ധ്യതയുണ്ടാകുന്ന മിഷനറി വാങ്ങി കൂട്ടുന്നതിനാണ് താല്പര്യം. EOI യിൽ പങ്കെടുത്ത സ്വകാര്യ കമ്പിനിയിൽ നിന്നും മിഷനറി വാടകയ്ക്ക് എടുത്ത് വളഞ്ഞ വഴിയിലൂടെ അകത്ത് കയറ്റുന്ന പണിയിലാണ് സി-ഡിറ്റിലെ മഹാന്മാർ. വലിയ സ്വകാര്യപ്രിന്റിംഗ് പ്രസ്സുകൾക്കു പോലും നിലനിൽപ്പിനായി കഷ്ടപ്പെടുമ്പോൾ ഉത്സവനോട്ടീസും, ഇലക്ഷൻ പോസ്റ്ററും അടിക്കാനുള്ള പ്രിന്റിംഗ് പ്രസ്സാക്കി മാറ്റാനാണ് അധികാരികൾ മുന്നിട്ട് ഇറങ്ങിയിരിക്കുന്നത്. ഭാവിയിൽ വൻ സാമ്പത്തിക കടം വരുത്തിവെച്ച് സ്ഥാപനത്തെ പൂട്ടിക്കാനുള്ള ശ്രമത്തിലാണ് ഇവർ.

ആവശ്യമായ രാഷ്ട്രീയ ഇടപെടൽ നടത്തി ഹോളോഗ്രാം ലേബൽ നിർമ്മാണ പദ്ധതി നിലനിർത്താൻ കഴിയാത്ത നിങ്ങൾ എന്തിനാണ്

10th Oct, 2013

# PEOPLES CAMPAIGN
## Secretariat Dharna










സി-ഡിറ്റിൽ തുടരുന്നത്? ഇതെല്ലാം നഷ്ടപ്പെട്ടാൽ ലക്ഷങ്ങൾ വിലയുള്ള നിങ്ങളെ താങ്ങാൻ എങ്ങനെ സി-ഡിറ്റിന് കഴിയും? സ്ഥാപനത്തെ ഉപദ്രവിച്ച് എത്ര നാൾ? പദ്ധതികൾ കൊണ്ടുവരുന്നതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും ചുമതല ജീവനക്കാർക്കും സി.ഇ.എക്കും ആണെങ്കിൽ പിന്നെന്തിനാണ് ഇവിടെ നിങ്ങളുടെ സേവനം? നിലവിലെ പദ്ധതികൾ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ ഉചിതമായ തീരുമാനം ഉടൻ എടുക്കേണ്ടതാണ്. ജീവനക്കാരുടെ മേൽ കുതിരകയറി സമയം കളയാതെയും അഴിമതി സംഘത്തിന്റെ പങ്കാളികളാകാതെയും ഹോളോഗ്രാം ലേബൽ നിർമ്മാണപദ്ധതി നഷ്ടപ്പെടാതിരിക്കാൻ വേണ്ട ശ്രമങ്ങൾ ഇനിയെങ്കിലും നിങ്ങൾ ഉടൻ നടത്തണമെന്നും എല്ലാം ജീവനക്കാരെ ഏൽപ്പിച്ച് നോക്കുകുത്തികളായിരിക്കാതെ സ്ഥാപനത്തിനുവേണ്ടി ദയവായി എന്തെങ്കിലും പെട്ടെന്ന് ചെയ്യൂ മാനേജ്മെന്റേ?

10th Oct, 2013

## PEOPLES CAMPAIGN

Secreteriat Dharna



# ഗാസ

**സജി നാരായണൻ,**
ഡെപ്യൂട്ടി ഡയറക്ടർ



ഹ! ഇതു ഗാസ
യുദ്ധക്കൊതിയനും
സാമ്രാജ്യകഴുകനും
റാകിപ്പറക്കുന്ന കുരുതിക്കളം.

പണ്ടു പാതയ്ക്കു വേണ്ടി
പിന്നെ പൊന്നിനു വേണ്ടി
ഇന്നു മേൽക്കൈയ്ക്കുവേണ്ടി
വെറുതെ പൊരിഞ്ഞയുദ്ധം.

യുദ്ധത്തിലാരും ജയിക്കുന്നതില്ല
യുദ്ധത്തിൽ ധർമ്മാധർമ്മമില്ല
തോൽക്കുന്നു സ്നേഹം, തോൽക്കുന്നു ജീവൻ
തോൽക്കുന്നു സർവ്വം സഹിക്കുമമ്മ.

കണ്ണഞ്ചിക്കും തീക്ഷ്ണ പ്രകാശവും
കാതടപ്പിക്കും കഠോരനാദവും
വിഷപ്പുക തിങ്ങി വിങ്ങും ഭൂമിയും
ചക്രവാളം മുറിച്ചെത്തും മൃത്യുവും

ഇതു മദംപൊട്ടിയൊഴുകുമൊരു പുഴയല്ല
അച്ഛന്റെ അമ്മയുടെ പേരക്കിടാവിന്റെ
സോദരി – സോദര കൂട്ടരുടെ
ഹൃത്തടം വാർന്നൊഴുകും ചോരയാണ്.

ചിതറിക്കിടക്കുന്ന മാംസപിണ്ഡം
കൈകാലറ്റവർ, മുറിവേറ്റു കേഴുവോർ,
പുഴുപോലിഴയുവോർ ...
കാണുവാൻ വയ്യെന്റെ കണ്ണേ.

യുദ്ധക്കൊതിയന്റെ മനസെത്ര ദുഷ്ടം?
രക്തം കുടിച്ചുന്മത്തനായവൻ
നാവുചുഴറ്റിച്ചിറിയും തുടച്ചലറുന്നു
“ന്യായദണ്ഡെന്റെ പക്കൽ”.

ദുഃഖം തളം കെട്ടുമീ വീഥിയിൽ
ശാന്തിമന്ത്രമൊന്നു ചൊല്ലാൻ
സൗഖ്യദായകരേ വരിക
സദയമീ മണ്ണിലെ തീ കെടുത്തുക.

STAFF TOUR

3rd May, 2013

# A Trek to Vazhvanthol waterfalls



# വാഴ്‌വാൻതോൽ

## പ്രതീക്ഷിക്കാത്ത വീഴ്ചയ്ക്കൊരിടം

ബി. സതീശൻ

**വാ**ഴവാൻന്തോൽ, വഴുതിവീഴാനുള്ള സ്ഥലം. വീണാൽ തോൽപോകുന്ന സ്ഥലമായി കരുതാം. തിരുവനന്തപുരം ജില്ലയിൽ ഏറെ അറിയപ്പെടാത്ത ഒരു വനാന്തരം വിനോദ സഞ്ചാരത്തിന്റെ ഭൂപടത്തിൽ ഉണ്ടെങ്കിലും അധികം ശ്രദ്ധിക്കാത്ത കേന്ദ്രം. സി.ഇ.എ യുടെ നേതൃത്വത്തിൽ 1993 മുതൽ ജീവനക്കാരും കുടുംബാംഗങ്ങളും വിനോദയാത്ര പോയിവരുന്നു. ആദ്യകാലഘട്ടങ്ങളിൽ സി-ഡിറ്റിൽ ജോലി ചെയ്തുവരുന്നവരുടെയും കുടുംബാംഗങ്ങളുടെയും സംഗമത്തിനുള്ള ഏക അവസരമായിട്ടാണ് യാത്രയെ കണ്ടിരുന്നത്. അന്നത്തെ യാത്രകൾ വിനോദയാത്രകൾ ആയിരുന്നില്ല. ഒന്നിച്ചു നില്ക്കുന്നവർ നടത്തുന്ന സ്നേഹയാത്രകളായിരുന്നു. കെ.മോഹൻകുമാറും ഭാര്യ മീരയും മകളും, ബീനാപോളും മകളും, ശ്രീ.കെ.ജി.ജയനും ഷീബയും മകളും, ഡോ.അജിത് കുമാർ പി.റ്റിയും കുടുംബാംഗങ്ങളും, ബൈജു ആട്ടുകാലും, ഞാനും പാർവ്വതിയും സി.ഇ.എയുടെ കുറച്ച് സഖാക്കളും കൂടി തുടങ്ങിവെച്ച വർഷന്തോറുമുള്ള യാത്രയാണ് പിൽക്കാലത്ത് മെയ് 1 ന്റെ വിനോദയാത്രയായി രൂപാന്തരപ്പെട്ടത്. പഴയകാല സംഭവങ്ങൾ പറഞ്ഞ് ഈ വർഷത്തെയാത്രയുടെ വേറിട്ടഅനുഭവത്തിന്റെ ഭംഗി ഇല്ലാതാക്കുന്നില്ല.





മെയ് 1 സി.ഇ.എയുടെ പതിവ് യാത്രാതീയതിയിൽ മാറ്റംവരുത്തി. മെയ് 3-ാം തീയതി ജീവനക്കാരും കുടുംബാംഗങ്ങളും യാത്രപോകാൻ തീരുമാനിച്ചു. വിനോദയാത്രയുടെ ആസ്ഥാന കോഡിനേറ്ററും നിരവധി യാത്രകൾ സ്വകാര്യമായും കൂട്ടുകാരോടൊപ്പം ഇരുചക്രവാഹനത്തിൽ സംസ്ഥാനത്തിന് പുറത്തും അകത്തും നിരന്തരം പോയ്ക്കൊണ്ടിരിക്കുന്ന നമ്മുടെ സ. പ്രശാന്തിനോട് ഞാൻ ആരാഞ്ഞു. പ്രശാന്തെ ഇപ്രാവശ്യം നമുക്ക് എവിടെ പോകാം. ചേട്ടാ ഒരു ദിവസം പോയി വരാൻ പറ്റുന്ന കേരളത്തിലും തമിഴ്നാട്ടിലുമുള്ള എല്ലാ സ്ഥലങ്ങളും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നമ്മൾ കവർ ചെയ്തു കഴിഞ്ഞു. ഇനി എവിടെ പോകാൻ. ചേട്ടൻ തന്നെ പറ.... നമുക്ക് രണ്ട് ദിവസം ആക്കാം. അങ്ങനെയെങ്കിൽ കൊടയ്ക്കനാൽ, ഊട്ടി, മുന്നാർ 20 ഓളം സ്ഥലങ്ങൾ പ്രശാന്ത് എന്നോട് നിർദ്ദേശിച്ചു. അപ്പോൾ ഞാൻ ഒരു ദിവസമായിട്ടുപോലും "കോഴിയ്ക്ക് തീറ്റകൊടുക്കണം, പശുവിനെ കറക്കണം, ആടിന് സമയമായിരിക്കുന്നു, പട്ടിക്കാണെങ്കിൽ ഞാനും അവളും എന്തെങ്കിലും കൊടുത്താലെ കഴിക്കൂ. ഇവ്ത്തുങ്ങളെയിട്ടിട്ട് എങ്ങനെ വരാൻ. മാഷിനാണെങ്കിൽ ഇതൊന്നുമില്ലാത്തതുകൊണ്ട് കുഴപ്പമില്ല. മാഷും ബാക്കിയുള്ളവരും പോയി വാ." എന്നുപറയുന്നവരാണ് നമ്മുടെ കൂട്ടത്തിൽ ഏറിയവരും. ഓരോരുത്തർക്കും അവ








STAFF TOUR

# A Trek to Vazhvanthol waterfalls

# A Trek to Vazhvanthol waterfalls



രുടെതായ പ്രശ്നങ്ങൾ. അങ്ങനെ ആശ
യക്കുഴപ്പത്തിൽ നിൽക്കുമ്പോഴാണ് യാ
ത്രാതൽപ്പരനും പ്രകൃതി സ്നേഹിയും
കാർഷിക ഉത്പന്നങ്ങളും പഴവർഗ്ഗങ്ങ
ളുമായി കുടുംബത്തോടൊപ്പം സ്ഥിരം
വിനോദയാത്രയിൽ പങ്കെടുക്കുന്ന സ.
ബൈജു ആട്ടുകാലിനോട് ഞാൻ ചോ
ദിച്ചു. സഖാവെ ഇപ്രാവശ്യം പ്രശാ
ന്തിന്റെ കണ്ണിൽ സ്ഥലങ്ങളൊന്നും തെ
ളിഞ്ഞില്ല. എന്തുചെയ്യും? അണ്ണാ... ഇ
ത്തിരി പ്രയാസമാണ് കയറാനും ഇറ
ങ്ങാനും ഞങ്ങൾ ഗോർക്കിക്കാർ പല
തവണ പോയിട്ടുള്ളതാണ്, നമ്മുടെ ദീപ
വരെ മുകളിൽ കയറി ഇറങ്ങിയിട്ടുള്ള
താ. അതുകൊണ്ട് സ്ത്രീകൾക്കും കു
ടുംബത്തിനും പോകാവുന്നതേയുള്ളൂ.
ഞാൻചോദിച്ചു. ഏതാണീസ്ഥലം. ട്രക്കി
ങ്ങിന് പറ്റിയ സ്ഥലമാണ്... വെള്ളച്ചാട്ടം,
കാട്ടിനുള്ളിലൂടെ നാല് കിലോമീറ്റർ നട
ത്ത, അട്ട, പാറ ഇടുക്കുകൾ, വലിയ പാ
റമേൽ കയറി ഇറങ്ങൽ എന്നിങ്ങനെ
യൊക്കെയാണ് അവിടുത്തെ പ്രത്യേ
കതകൾ. അവിടുത്തെ ഒരു നാട്ടുകാ
രൻ നമ്മുടെ മോഹൻ സാറിന്റെ ഫാൻ
ആയിട്ടുണ്ട്. അയാൾ എല്ലാത്തിനും സ
ഹായകരമായിരിക്കും - ഒരു അല്പം
മടിയോടെ അങ്ങോട്ടുപോകാം എന്നു
തീരുമാനിച്ചു. അങ്ങനെ ഞാൻ ടൂർ കോ
ഡിനേറ്റർ പ്രശാന്തിനോട് പറഞ്ഞു
വാഴവാന്തോളിൽ പോകാം. ശരി ചേട്ടാ
എന്നു പറഞ്ഞ പ്രശാന്ത് ഉടൻ നെറ്റിൽ
കയറി വാഴവാന്തോൽ സെർച്ച് ചെയ്തു.
എന്നിട്ട് എന്നോട് പറഞ്ഞു, കുഴപ്പ
മില്ല ചേട്ടാ, അതു ഫോറസ്റ്റ് ഡിപ്പാർട്ടു
മെന്റിന്റെ ടൂറിസ്റ്റ്കേന്ദ്രത്തിൽ ഉൾപ്പെ
ടുന്നതാണ്. നമുക്ക് പോയി നോക്കാം.



അങ്ങനെ വാഴവാന്തോൽ എന്ന
കാട്ടിനുള്ളിലെ വെള്ളച്ചാട്ടം കാ
ണാനും സാഹസികമായ യാത്ര
യ്ക്കും തയ്യാറായി. പോസ്റ്ററുകൾ
കണ്ട സി-ഡിറ്റ് ജീവനക്കാരിൽ
കുടുംബവുമായി വരാൻ കഴിയാ
ത്ത ചുരുക്കം പേർക്ക് മാത്രം വാഴ
വാന്തോൽ കാണാൻ കഴിഞ്ഞില്ല.
നമ്മുടെ രണ്ട് ഓഫീസ് ബസ്സുക
ളിലായി ഞങ്ങൾ അന്നേ ദിവസം
രാവിലെ 6.30 ന് ഗോർക്കി ഭവ
നിൽ നിന്നും പുറപ്പെടാൻ തീരുമാ
നിച്ചു. 7.30ന് സ. ബൈജു ആട്ടു
കാലിന്റെ പുതുക്കിയ വീട്ടിൽ
പ്രഭാത ഭക്ഷണവും തുടർന്നുള്ള
യാത്രയും നിശ്ചയിച്ചു. എന്നാൽ
6.00 മണിക്ക് തുറക്കുന്ന വനിതാ
ഹോസ്റ്റലിൽ താമസിക്കുന്ന ജീവ
നക്കാർ 6.30ന് തന്നെ എത്തിയെ
ങ്കിലും നമ്മുടെ കുടുംബശ്രീക
ളും ഭർത്താക്കന്മാരും പെയിന്റടി
ച്ചും മുടിയിൽ കള്ളർ തേച്ചും എ
ത്തിയപ്പോൾ 7.30 കഴിഞ്ഞു. രാവി








ലെ 9.30 ന് ബൈജുവിന്റെ വീട്ടിൽ എത്തിയപ്പോൾ പലരും ഉറക്കം തീരാത്തതിനാൽ പകുതി മയക്കത്തിലും ചിലരാകട്ടെ രാവിലെ തന്നെ ചെറിയ കറക്കത്തിലുമായിരുന്നു. വിപുലമായ പ്രഭാത ഭക്ഷണം കഴിഞ്ഞ ഞങ്ങൾ ബൈജുവിന്റെ കുടുംബത്തോടൊപ്പം യാത്ര തിരിച്ചു. ഞങ്ങളെ സഹായിക്കാൻ ബൈജുവിന്റെ സുഹൃത്തുക്കളുടെ രണ്ട് കുടുംബങ്ങളും മറ്റൊരു കാറിൽ പിൻതുടർന്നു. കാട്ടിനുള്ളിൽ കയറുന്നതിന് തൊട്ടുമുന്നിൽ ബസ്സുകൾ നിർത്തി. ഞങ്ങൾ കാൽനടയായി യാത്ര തുടങ്ങി. ആദ്യമൊന്നും വലിയ പ്രതീക്ഷ തോന്നിയില്ല. പക്ഷെ സ. മുകേഷിന്റെ വേഷവും തയ്യാറെടുപ്പും കണ്ടപ്പോൾ ഏറെ കൗതുകം തോന്നി. കൂട്ടത്തിൽ ബൈജുവിന്റെ ആസ്ഥാന ഗെയ്ഡ് ശ്രീ. മല്ലന്റെ ഇണ്ടാസ് കൂടി ആയപ്പോൾ ഒരു അല്പം പേടിയുമായി. ഏതാണ്ട് രണ്ടര കിലോമീറ്റർ കാട്ടിനുള്ളിൽ കൂടിയുള്ളയാത്ര. ആദ്യമൊക്കെ നടക്കാൻ വലിയ ബുദ്ധിമുട്ടില്ലാത്ത പാതയോരങ്ങൾ, ഏതാണ്ട് അര കിലോമീറ്റർ കഴിയുമ്പോൾ ഇരുവശവും തിങ്ങി നിറഞ്ഞുനിൽക്കുന്ന വൻ മരങ്ങൾ. അതിനിടയിലൂടെയുള്ള ഇടുങ്ങിയ വഴികൾ. നടപ്പാതയിൽ തലയുയർത്തി നിൽക്കുന്ന പാറക്കൂട്ടങ്ങളും ഒറ്റയാൻ മാരും ഇവരുടെ പുറത്തും നടുവിലൂടെയും കടന്നുപോകുമ്പോൾ പച്ചപ്പുകളെയും വൻ മരങ്ങളെയും തട്ടിത്തലോടി ഒഴുകി നടക്കുന്ന പരിശുദ്ധിയുടെ നീരുറവകളിൽ നിന്നും വരുന്ന ചെറു അരുവികൾ. മരച്ചില്ലകളിലെ അന്തേവാസികൾ അതിഥികളോട് സംവേദിക്കുന്നതിന്റെ ശബ്ദാന്തരീക്ഷം. രണ്ട് കിലോമീറ്റർ താണ്ടി ചെന്ന് നിന്നത് ഒരിക്കലും കയറാൻ കഴിയില്ലെന്ന് തോന്നുന്ന വൻ പാറമലയുടെയും ഇടുക്കുകളുടെയും മുന്നിൽ. ഇതിനിടയിൽ നമ്മുടെ കൊച്ചു ശ്രീകണ്ഠൻ വടിയും കുത്തി പലയിടത്തും ഇരുന്നും ഇരിക്കാതെയും കൂടെയെത്തി. പലരുടെയും രക്ത ഗ്രൂപ്പ് അട്ടകൾ തിരിച്ചറിഞ്ഞു. ചിലരെ കടിച്ച അട്ടകൾ മയങ്ങി വീണു. ചിലരാകട്ടെ അട്ട കടിച്ചത് അറിഞ്ഞതേയില്ല. പാറമുകളിലേയ്ക്ക് പരിചയസമ്പന്നരായ ചിലർ ആദ്യം കയറി. ബൈജു കൂടെ കരുതിയിരുന്ന വടം താഴോട്ടിട്ടു. വടത്തിൽ തൂങ്ങി ചിലരൊക്കെ ആ കടമ്പ കടന്നു. ആള് കയറിയാൽ നൃത്തം ചെയ്യുന്ന മരകഷ്ണങ്ങളാൽ നിർമ്മിതമായ ചെറിയൊരു പാലവും കഴിഞ്ഞ് വെള്ളച്ചാട്ടത്തിനരികിൽ എത്തിയപ്പോൾ ഒരു മരത്തിൽ ഫോറസ്റ്റ് വകുപ്പ് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. വഴുതലുള്ള പ്രദേശം വീഴാതെ സൂക്ഷിക്കുക. മുന്നറിയിപ്പ് നോക്കി പലരും പുച്ഛത്തോടെ മുന്നോട്ട് നടന്നു.






A Trek to Vazhvanthol waterfalls
















എന്നാൽ മുതിർന്നവരുടെ മുന്നറിയിപ്പ് പോലെ അർത്ഥവത്തായിരുന്നു സൂചനാബോർഡ്. വെള്ളച്ചാട്ടത്തിൽ എത്തുന്നതിനുമുമ്പ് തന്നെ പലരും വഴുക്കലായ പാറയിൽ വീഴാൻ തുടങ്ങി. വീഴ്ചകൾ പലരും രഹസ്യമായി വെച്ചു എന്നതാണ് സത്യം. കൂട്ടത്തൽ ഉണ്ടായിരുന്ന ഏക ജിം നമ്മുടെ ഗോപീകൃഷ്ണൻ വീണ് ജീൻസും മുട്ടും കീറിയത് ആരും അറിഞ്ഞതേയില്ല. വെള്ളച്ചാട്ടവും കുളി സ്ഥലവും ചെറിയൊരു പ്രദേശം. കുത്തനെ വന്നുവീഴുന്ന വെള്ളച്ചാട്ടത്തിലോട്ട് ചെന്നിറങ്ങിയവരെല്ലാം തെന്നി മലന്നടിച്ചു വീഴുകയായിരുന്നു. മടിച്ചു നിന്ന ചില വനിതാ സഖാക്കളെ വെള്ളത്തിലിറക്കാൻ ശ്രമിച്ചതുവഴി ഞാനും തലയും കുത്തി വെള്ളത്തിൽ വീണു. അപ്പോഴേക്കും ശിഷ്യയും മറ്റുചിലരും കൂടി വീണു കഴിഞ്ഞിരുന്നു. തണുത്ത് വിറങ്ങലിക്കാത്തവിധം നമ്മെ കുളിരണിയിപ്പിക്കുന്ന പ്രത്യേകതരം തണുത്ത ശുദ്ധമായ ജലാശയം. ഞാൻ കുളിച്ചുകൊണ്ടിരുന്നപ്പോൾ എന്നോട് സംസാരിച്ചു കൊണ്ട് വെള്ളത്തിൽ ഇറങ്ങിയ പരിചയസമ്പന്നനായ ബൈജു നടുവിടിച്ചു വെള്ളത്തിൽ വീണ് കൈപൊക്കി സഹായം തേടുന്നതും ഞാൻ






കണ്ടു. കുളിക്കാനിറങ്ങിയവർ സ്ത്രീ പുരുഷ പ്രായവ്യത്യാസമില്ലാതെ വഴുതി വെള്ളത്തിലേയ്ക്ക് വീഴുന്ന കാഴ്ചയായിരുന്നു.

വീഴാത്തസ്ഥലം നോക്കി കുളിക്കാൻ പോയ ഞാൻ ഒരല്പമറിയാവുന്ന നീന്തൽ പ്രയോഗിച്ചു. തിരിച്ചുനീന്താനറിയാതെ താഴോട്ടുപോയ എന്നെ എന്റെ മകനും ബൈജുവിന്റെ മൂത്തമകനും ചേർന്ന് കൂടുതൽ വെള്ളം കുടിക്കാതെ രക്ഷപ്പെടുത്തി. എന്നിട്ട് അവൻമാരുടെ കമന്റ് നീന്താൻ പോലും അറിയാത്ത വിപ്ലവകാരി. കട്ടാന്തറയിൽ നീന്തി വീരവാദം മുഴക്കുന്ന അഭിനവ വിപ്ലവകാരികളെക്കാൾ എത്രയോ ഭേദം എന്റെ മനസ്സിൽ തോന്നിയെങ്കിലും ഒരല്പം കൂടി കഴിഞ്ഞിരുന്നെങ്കിൽ നാണക്കേടായേനെ.

ഉച്ചഭക്ഷണത്തിനായി കരുതിയ ചിക്കൻ പെരട്ടിയതും കപ്പയും ചപ്പാത്തിയുമെല്ലാം കൂട്ടമായിരുന്ന് കഴിച്ചു. പലർക്കും വീണ്ടും കുളിക്കാനൊരു മോഹം. വെള്ളം അലർജിയാണെന്ന മട്ടിൽ അതുവരെ മാറി നിന്ന സഹീർ കൈകഴുകാനായി വെള്ളത്തിനടുത്തേക്ക് പോകുന്നത് കണ്ടു. ഒറ്റ സ്റ്റെപ്പിൽ മൂന്നു തവണ വെള്ളത്തിലേക്ക് മറിഞ്ഞു വീണതും ചിക്കന്റെയും കപ്പയുടെയും നിറങ്ങളോടെ തിരിച്ചുകയറി വന്ന കാഴ്ച മറക്കാൻ കഴിയില്ല. “ഒട്ടും പ്രതീക്ഷിക്കാത്ത വീഴ്ചകൾ. അതിനായി ഒരിടം വാഴവാൻന്തോൽ”

പെട്ടെന്ന് അന്തരീക്ഷം ഇരുട്ടുമൂടി. മല്ലനും മാധേവനും പറഞ്ഞു ഉടൻ ഇറങ്ങണം. മഴവരുന്നു. വന്നാൽ ആർക്കും കണ്ണുകാണാൻ കഴിയില്ല. താഴോട്ട് ഇറങ്ങാൻ കഴിയില്ല. ഒരു ദിവസമെങ്കിലും മഴ നീണ്ടുനിൽക്കും. ഇതു കേട്ടതോടെ ഒട്ടും താമസിക്കാതെ എല്ലാപേരും ഓടിയിറങ്ങി. താഴേയ്ക്ക് ഇറങ്ങുന്നതിനിടയിൽ നമ്മുടെ ഗെയ്ഡ് മല്ലൻ വീണ ശബ്ദം കേട്ട് ഞാൻ ഞെട്ടിപ്പോയി. തപ്പിത്തടഞ്ഞാണെങ്കിലും നമ്മുടെ പല സി-ഡിറ്റ് മല്ലൻമാരും താഴെ ബസ്സിനുമുന്നിലെത്തി. കയറുന്നതിലും ഇറങ്ങുന്നതിലും നമ്മുടെ വനിത സഖാക്കളും മറ്റ് വനിതകളും കാട്ടിയ കായിക മിടുക്ക് എടുത്ത് പറയേണ്ടതാണ്. കുട്ടികളെല്ലാം എന്തോ കീഴടക്കിയതിന്റെ ആവേശത്തിലായിരുന്നു. ഇതിനുശേഷം ഗെയ്ഡ് മല്ലന് തൊട്ടടുത്തുള്ള പുൽമേട് നമ്മളെ കാണിക്കണം. എന്നാൽ ഭൂരിപക്ഷം പേർക്കും പൊൻമുടിയിൽ പോകണം. അങ്ങനെ പൊൻമുടിയിലേക്ക് യാത്രയായി. കല്ലാറിലെത്തിയപ്പോഴേയ്ക്കും പൊൻമുടിയിൽ കയറാനുള്ള സമയം കഴിഞ്ഞിരുന്നു. കൂട്ടത്തിൽ മാർഗ്ഗതടസ്സവും കൂടിയായപ്പോഴേയ്ക്കും അവിടെ നിന്നും മടങ്ങാൻ തീരുമാനിച്ചു. ഫോട്ടോ എടുത്ത് കൊതിതീരാത്തവർ കല്ലാർ തടാകത്തിലും ഇറങ്ങി. ഗ്രൂപ്പായും ഒറ്റയ്ക്കും ഫോട്ടോകൾ എടുത്തു. ഫെയ്സ്ബുക്കിൽ പോസ്റ്റു ചെയ്യാൻ ആവശ്യത്തിനായി കഴിഞ്ഞപ്പോൾ ഓരോരുത്തരായി ബസ്സിൽ കയറി. വഴിയിൽ തട്ട് ചായയും പരിപ്പ് വടയും കഴിച്ച് ആട്ടുകാലിൽ ബൈജുവിനെ












യും കുടുംബത്തെയും സുരക്ഷിതമായി എത്തിച്ച് യാത്ര പറഞ്ഞു. 7 മണിയോടെ ഗോർക്കിഭവനിൽ തിരിച്ചെത്തി. സാഹസികത നിറഞ്ഞ യാത്രയിൽ വെൽഫെയർ കമ്മിറ്റി കൺവീനർ മഹേഷ് പഞ്ചുവിന്റെ കൂടെക്കൂടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിരുന്നതിനാൽ ആർക്കും വലിയ ക്ഷീണം അനുഭവപ്പെട്ടില്ല. തികച്ചും വ്യത്യസ്തവും വേറിട്ടതുമായ യാത്ര. വാഴവാന്തോൾ വഴുതി വീണ് കളിക്കാൻ പറ്റിയ ഇടം. ഒരിക്കൽ പോയവർക്ക് വീണ്ടും പോകാൻ തോന്നും. പ്രകൃതി സൗന്ദര്യവും ആകാംക്ഷ ഉണർത്തുന്നതുമായ ഏറെ അറിയപ്പെടാത്ത മനോഹരമായ ശ്രദ്ധിച്ചു പോകേണ്ട ഒരിടം. എല്ലാപേർക്കും വളരെ ഇഷ്ടപ്പെട്ടു. അങ്ങനെ ഒരുസ്നേഹയാത്രകൂടി കഴിഞ്ഞു.

## വഴിയിൽ കണ്ടത്....

വാഴവാന്തോളിൽ ചെറുപ്പകാലത്ത് കൂട്ടുകാരുമായി പോയിട്ടുള്ള ഒരുവൻ ഭാര്യയുമായി അവിടേയ്ക്ക് വന്നു. ഭാര്യയ്ക്ക് സാമാന്യം മോശമല്ലാത്ത ശരീരഭാഗ്യം ഉള്ളതിനാൽ കയറാൻ കഴിയാതെ ബുദ്ധിമുട്ടുന്നു. നമ്മളിൽ ചിലർ കഴിയുന്ന സഹായം ചെയ്തുവെങ്കിലും ഭർത്താവിന്റെ വാശിയേറിയ ആഗ്രഹം നടക്കാതെ അവർ വഴി മദ്ധ്യ മടങ്ങി.

the end.







**Deepa N.**
HOD, Digitization Department

# TABLETS vs TEXT BOOKS

**The transition from textbooks to tablets is taking place in some schools. As tablets are becoming more popular, the idea of replacing printed textbooks with tablets with are also becoming more popular.**

Until recently, classrooms had remained unchanged for nearly a hundred years .Desks and benches were arranged in neat rows facing a chalkboard at the front of the room, students took notes on notebooks or paper, and read from printed textbooks. They carried heavy satchels on their back carrying piles of books.

Things started to change with the advent of whiteboards and projection equipment and, even more recently, individual computers. The trend is continuing, and the next casualty of the technological revolution appears to be the printed textbook. The transition from textbooks to tablets is taking place in some schools. As tablets are becoming more popular, the idea of replacing printed textbooks with tablets with are also becoming more popular.

The place of textbooks in educational institutions is facing a growing challenge from tablets. As a means of bringing a revolutionary change in school education the Kerala state government was also set to introduce the tablet project in all government schools within a few years. The honourable Education Minister Shri Abdu Rabb had announced earlier in 2012 that tablet personal computers will be distributed to students from primary to secondary level thereby saving them from the burden of carrying heavy books to school.

The advantages and disadvantages of tablets adoption in schools are interesting, but it is important to look at both sides of the coin before moving forward.

## The Benefits

At a glance, it is clear that tablets can pack in more learning materials than textbooks. Most tablets today are manufactured with memories between 8GB and 64GB, which can hold hundreds of thousands of textbooks. Many of these gadgets also come with expanded memory capabilities, which can double their hard disk spaces. This means a single tablet is more than capable for holding all the textbooks a learner needs plus quizzes and homework. With such capabilities, there will be no need for physical space for storing learning materials.


Moreover the Tablets offer a wide range of possibilities. They can hold and download files, which is convenient for students and teachers. They allow students to do things that they couldn't do in a print textbook such as making notes or highlighting text. They can save time, allowing students to quickly looking up a link.

Electronic books obviously cost less than their print versions, meaning the same amount of money can be used to buy more textbooks. Even though the initial price of a tablet may be prohibitive, they are not that expensive and their prices are continually falling. Moreover, the thousands of textbooks they can hold can be used to offset their costs.

There is also growing evidence that students learn better with tablets than with textbooks. According to a MOBILEDIA report titled "Kids to Spur Tablet Growth," a study conducted on algebra students showed that those who used tablets scored higher than those who used print textbooks. Tablets are also lighter, can easily be updated and do not age as fast as printed books.

## The Disadvantages

One of the foremost disadvantages of tablets (as well as other handheld devices) is that they have been connected to a number of health issues. Heavy usage of tablets is believed to cause eyestrain, blurred vision and headaches, symptoms which are collectively known as Computer Vision Syndrome.




The other disadvantage of tablets is that students who use them tend to get too distracted, as opposed to those who use textbooks. This distraction comes from a number of areas including games, videos, emails and countless entertainment applications. This is why many digitally connected students tend to have short attention spans. Other issues with tablets include their tendency to freeze, crash or get infected with malware. A school day can easily get messed up due to a successful widespread hacking. Also, the typical usage hours of most tablets are shorter than school day lengths. School charging will present additional challenges.

Despite all these challenges, however, it seems as if the adoption of tablets in schools is inevitable. Even before their adoption is integrated in education policies, independent schools and parents are slowly making tablets available to their students. Though complete replacement of print textbooks is still many years away, the two standards will soon be complimentary in most schools.



IPAD Mini
Kindle Fire HDX
Nexus 7
Samsung Galaxy Tab 3
Galaxy Note 8

**Some of the widely accepted best Tablets available:**





**Giby P Abraham**
State Co-ordinator



# CHRONICLES OF A **TEMPLE** PAINTER

Review on the Documentary by
**Sravan Katikadheni**

**സം**സ്ഥാന ചലച്ചിത്ര അക്കാദമി നടത്തിയ 7-ാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ (IDSFFK 2014) Long documentary വിഭാഗത്തിൽ പുരസ്കാരം നേടിയ Chronicles of a Temple Painter എന്ന ഡോക്യുമെന്ററിയാണ് ഈ അവലോകനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രാവൺ കടിക്കധേനി എന്ന 30 വയസ്സുള്ള ഹൈദരാബാദുകാരനായ യുവ സംവിധായകന് ഏറെ അംഗീകാരം ലഭിച്ച ഈ ഡോക്യുമെന്ററി തിരുവനന്തപുരം ഫെസ്റ്റിവലിൽ ഏറെ പ്രേക്ഷക ശ്രദ്ധ നേടിയെടുത്തു. തികച്ചും വേറിട്ട ഒരു യഥാർത്ഥ സംഭവത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച ഈ ഡോക്യുമെന്ററി അവസാനിക്കുമ്പോഴും പ്രേക്ഷകരിൽ ആശങ്കയും അസ്വസ്ഥതയും നിലനിൽക്കുന്നുവെന്നതാണ് പ്രത്യേകത.

2010 ൽ ഹൈദരബാദ് നഗരത്തെ നടുക്കിയ ഇരട്ട ബോംബ് സ്ഫോടനത്തിന്റെ ഒരു അനന്തിര ഫലമാണ് ഈ ഡോക്യുമെന്ററിയുടെ അടിസ്ഥാനം. നൂറിലധികം പേരുടെ ജീവനെടുക്കുകയും ബഹുശതം പേർക്ക് ആജീവനാന്ത വൈകല്യവും സമ്മാനിച്ച ഈ ബോംബ് സ്ഫോടനത്തിൽ മാതാപിതാക്കളും സഹോദരങ്ങളും കൊല്ലപ്പെട്ട് അനാഥയായ ഒരു നാലു വയസ്സുകാരി മുസ്ലീം പെൺകുട്ടിയും അവളെ ആരുടെയും പ്രേരണയില്ലാതെ സംരക്ഷിച്ച് ജീവിതത്തിലേക്കു മടക്കിക്കൊണ്ടു വന്ന ഹിന്ദു മതവിശ്വാസിയായ പാപ്പാലാൽ എന്ന ഒരു പെയിന്ററുമാണ് ഇതിലെ മുഖ്യ കഥാപാത്രങ്ങൾ. വർഗ്ഗീയ വിഷം ഉള്ളിൽ ആവാഹിച്ച സമൂഹം ഇവർക്കു

മുന്നിൽ ഉയർത്തുന്ന വെല്ലുവിളികളാണ് ഈ കാലഘട്ടത്തിലാണോ നാം ജീവിക്കുന്നതെന്ന ചിന്ത നമ്മിൽ ഉണർത്തുന്നത്.

സ്ഫോടനം നടന്ന രാത്രി നഗരത്തിലെ വിജനമായ തെരുവിലൂടെ ഭയപ്പാടോടെ വീട്ടിലേക്കു പോകുന്ന വഴിയിലാണ് പാപ്പാലാൽ ഒരു കടത്തിണ്ണയിൽ ഏകയായി ഭയന്നു നിലവിളിക്കുന്ന പെൺകുട്ടിയെ കാണുന്നത്. മറ്റൊന്നും ചിന്തിക്കാതെ കുട്ടിയുമായി അടുത്ത പോലീസ് സ്റ്റേഷനിൽ എത്തിയ പാപ്പാലാലിനു കിട്ടിയ മറുപടി സ്ഫോടനത്തെക്കാൾ ഭീകരമായിരുന്നു. 'ഞങ്ങൾക്ക് ഇതിന്റെ പുറകെ നടക്കാൻ നേരമില്ല. തനിക്കു കിട്ടിയ സ്ഥലത്ത് കൊണ്ടുവച്ചു ഉപേക്ഷിച്ചുപോയ്ക്കോൾക. ആരെങ്കിലും വന്ന് ഇതിനെയും കൊലപ്പെടുത്തിക്കൊള്ളും'. തികഞ്ഞ ഭയത്തോടെ കുട്ടിയുമായി അടുത്ത വേറൊരു പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ സമീപനം കുറെകൂടി ഭേദമായിരുന്നു. കുട്ടിയുടെ സംരക്ഷണം താൽക്കാലികമായി ഏറ്റെടുക്കാനായിരുന്നു അവരുടെ ഉപദേശം. അങ്ങനെ പാപ്പാലാലിന്റെ വീട്ടിലെ അംഗമായ കുട്ടിക്ക് അവർ അഞ്ജലി എന്ന പേരും നൽകി. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ പാപ്പാലാലിനെ തേടി പോലീസ് എത്തി. കുട്ടിയെ സ്റ്റേഷനിൽ ഹാജരാക്കാനായിരുന്നു ഉത്തരവ്. സ്റ്റേഷനിലെത്തിയ പാപ്പാലാലിനെയും കുട്ടിയെയും സ്വീകരിച്ചത് സർക്കാർ അനാഥാലയം ഉദ്യോഗസ്ഥരായിരുന്നു. സർക്കാർ വക അനാഥാലയത്തിനു കൈമാറാനുള്ള നടപടികൾ ഇതിനോടകം അവിടെ പൂർത്തിയായിരുന്നു. എന്നാൽ പാപ്പാലാലിനെ വിട്ടുപിരിയില്ല എന്ന അഞ്ജലിയുടെ കരഞ്ഞു നിലവിളിച്ച പിടിവാശിക്കൊടുവിൽ അവർ ആ ശ്രമം ഉപേക്ഷിച്ചു. അങ്ങനെ ഔദ്യോഗികമായി കുട്ടിയുടെ വളർത്തു ചുമതല പാപ്പാലാലിൽ വന്നുചേർന്നു.




എന്നാൽ തുടർന്നിങ്ങോട്ട് ഈ കുടുംബത്തിന്റെ മേൽ ദുരിതപർവ്വം ചേക്കേറുകയായിരുന്നു. വർഗ്ഗീയ വിഷം നിറഞ്ഞ മതസമൂഹം പാപ്പാലാലിന്റെ മാനുഷിക മുഖം പിച്ചിച്ചീന്തുവാൻ തുടങ്ങി. ഹിന്ദുമത വിശ്വാസിയായ പാപ്പാലാലിന്റെ വീട്ടിൽ ഒരു മുസ്ലീം പെൺകുട്ടിയെ വളർത്തുന്നതിനെതിരെ ഹിന്ദു വർഗ്ഗീയ വാദികളും കുട്ടിയെ മുസ്ലീം അനാഥാലായത്തിൽ തന്നെ വളർത്തണമെന്ന മുസ്ലീം മത വിശ്വാസികളുടെയും സമ്മർദ്ദം പാപ്പാലാലിന്റെ സൈ്വര ജീവിതം ദുസ്സഹമാക്കാൻ തുടങ്ങി. സാധാരണ മതവിശ്വാസികൾക്കുപുറമെ ഇരു മതത്തിലെയും പ്രമാണിമാരും പുരോഹിതരും പാപ്പാലാലിനെ നിരന്തരം സമ്മർദ്ദത്തിലാക്കി.

ഇരു കൂട്ടരുടെയും സമ്മർദ്ദത്തിനു മുൻപിൽ വഴങ്ങില്ലെന്നായതോടെ പാപ്പാലാലിനെ ശാരീരികമായും മാനസ്സികമായും തകർക്കുന്നതിലേയ്ക്ക് തൽപര കക്ഷികൾ ഗൂഢശ്രമം തുടങ്ങി. മനുഷ്യാവകാശ കമ്മീഷനിൽ കേസായി. കുട്ടിക്ക് ഒരു മതവുമായും ബന്ധപ്പെട്ട പേരും നൽകരുതെന്ന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് അഞ്ജലി എന്ന പേര് മാറ്റി സോണിയ എന്നാക്കി. എന്നാൽ മുസ്ലീം മത നേതാക്കളുടെ ഭീഷണിയെ തുടർന്ന് സോണിയ ഫാത്തിമ എന്ന് പേര് പരിഷ്കരിച്ചു. ഇതിനു പുറമെ കുട്ടിയെ ദക്ഷിണേന്ത്യയിലെ പ്രമുഖ മുസ്ലീം ദേവാലയങ്ങളിൽ കൊണ്ടുപോകേണ്ടിയും വന്നു.

ഇതിനിടെ ഹിന്ദു വർഗ്ഗീയ വാദികൾ പാപ്പാലാലിന്റെ അമ്മയെയും സഹോദരനെയും സ്വാധീനിച്ചു കുട്ടിയെ മുസ്ലീം അനാഥാലയത്തിൽ ഏൽപ്പിക്കാൻ പ്രേരിപ്പിച്ചു. ഇതു ഫലം കാണാതെവന്നതോടെ സഹോദരൻ പാപ്പാലാലിനെ വീട്ടിൽ കയറി മർദ്ദിച്ചു. പോലീസുമായി ഒത്തുചേർന്ന് കള്ളക്കേസുണ്ടാക്കി പാപ്പാലാലിനെ 15 ദിവസം ജയിലിൽ അടച്ചു. പാപ്പാലാൽ ജയിലിൽ ആയതിന്റെ ആഹ്ലാദം പോലീസ് സ്റ്റേഷനിലടക്കം മധുരം വിതരണം ചെയ്തു തൽപരകക്ഷികൾ ആഘോഷിച്ചു. ഇതും മതിയാകാതെ പാപ്പാലാലിന്റെ വീട്ടിനുള്ളിലെത്തി പടക്കം പൊട്ടിച്ചു. ഇപ്പോൾ ഹൈക്കോടതിവരെയുള്ള വിവിധ കോടതികളിൽ നിരന്തരം കേസുകൾ നൽകി വർഗ്ഗീയവാദികൾ ഊറ്റം കൊള്ളുന്നു. ഭാര്യയുടെ ആഭരണം വരെ പണയം വച്ചു കേസു നടത്തേണ്ട ഗതികേടിലേയ്ക്കു പാപ്പാലാൽ എത്തി. തുടർച്ചയായുള്ള കോടതി നടപടികൾ കാരണം കൃത്യമായി ജോലിക്കു പോകുവാൻ കഴിയുന്നില്ല. അതോടെ വരുമാനവും ഇല്ലാതായി.

കുട്ടിയെ തട്ടികൊണ്ടുപോകുമെന്ന ഭീഷണി ഉള്ളതിനാൽ പാപ്പാലാലോ ഭാര്യയോ എല്ലാ ദിവസവും കുട്ടിയ്ക്ക് അകമ്പടിയായി സ്കൂളിൽ പോകണം. ക്ലാസ്സ് കഴിയുന്നതുവരെ സ്കൂളിൽ കാവലിരിക്കണമെന്ന നിലയിലായിരിക്കുന്നു.

സ്വാതന്ത്ര്യം കിട്ടി 68 വർഷം പിന്നിടുന്ന നമ്മുടെ ഭാരതത്തിൽ ഒരു പെൺകുട്ടിയുടെ ജീവിതം നമുക്കു മുമ്പിൽ തുറന്നു വെയ്ക്കുന്ന ദൈന്യഭാവത്തിന്റെ നേർക്കാഴ്ചയാണ് ഈ ഡോക്യുമെന്ററി. ഭരണകൂടവും പോലീസും എല്ലാം വർഗ്ഗീയതയുടെ ഫണം വിടർത്തി നിൽക്കുന്നവരുടെ കൈയിലെ പാവകളായി മാറുന്ന കാഴ്ച. ഒരു മനുഷ്യ സ്നേഹിയോടു സമൂഹം കാണിക്കുന്ന ക്രൂരത സർവ്വസീമകളും ലംഘിക്കുകയാണ്. ജീവൻ തിരിച്ചുകിട്ടിയ പെൺകുട്ടി തനിക്കു ജീവൻ തിരികെ നൽകിയ രക്ഷിതാവിന്റെ അനുദിന ദുരിതം കണ്ടു പകച്ചു നിൽക്കുന്നു. ഈ കുട്ടിയുടെ അരക്ഷിതാവസ്ഥയ്ക്കുനേരെ കണ്ണടയ്ക്കുവാൻ ആർക്കു കഴിയും. ഈ കുട്ടിയുടെ മാനസിക സംഘർഷം നാളെ ഏതു അവസ്ഥയിലേക്കു എത്തും?

മതത്തിന്റെയോ ജാതിയുടെയോ അതിലുപരി ഇവ രണ്ടും ഉയർത്തുന്ന വർഗ്ഗീയതയുടെ ഇരുണ്ട നാലതിരുകൾക്കുള്ളിൽ നിന്നും പുറത്തിറങ്ങി ജീവിക്കുവാനുള്ള അവകാശം തേടുന്ന ഒരു ജനതയുടെ പ്രതീകമാവുകയാണ് ഈ നേർക്കാഴ്ചയിലൂടെ ആദ്യം അഞ്ജലിയായും പിന്നീട് സോണിയയും സോണിയ ഫാത്തിമയുമൊക്കയായി ഐഡന്റിറ്റി ക്രൈസിസിനു വിധേയമാകുന്ന ഈ സാധാരണ പെൺകുട്ടി. ഇതുപോലൊരു ഡോക്യുമെന്ററിക്ക് ഇതിവൃത്തമാകുവാൻ സമാനമായ മറ്റൊരു യഥാർത്ഥ കഥാതന്തു ഈ ഭാരതമണ്ണിൽ ഉണ്ടാവാതിരിക്കട്ടെ എന്നാശിക്കുന്നു. ജീവനു ഭീഷണിയെ അവഗണിച്ച് ഡോക്യുമെന്ററി യാഥാർത്ഥ്യമാക്കിയ സംവിധായകനും ടിമിനും സുമനസ്സുകളുടെ അഭിവാദ്യങ്ങൾ.

# ഓർമ്മകളെ തൊട്ടുണർത്തി ഒരു ഓണം കൂടി

**സജി നാരായണൻ,**
ഡെപ്യൂട്ടി ഡയറക്ടർ

**മാ**നത്തും മനസ്സിലും പൂക്കളങ്ങളൊരുക്കി ആരും ക്ഷണിക്കാതെ തന്നെ ഓണം വീണ്ടുമെത്തി. എന്തോ പതിവില്ലാത്ത വിധം അത് ഒരുപാട് ഓർമ്മകളെ തൊട്ടുണർത്തുന്നു.

ആദ്യമായി ഓടിയെത്തുന്നതു പത്തുപതിമൂന്നു വർഷം മുമ്പുള്ള ഒരു ഓണക്കാലമാണ്. ഇവിടെ ശമ്പളം കൊടുക്കാൻ പോലും കഴിവില്ലാതെ വറുതിയിലായിരുന്നു ആ ഓണക്കാലം. അന്നു സെക്രട്ടറിയേറ്റിൽ കയറിയിറങ്ങിയ ദിവസങ്ങൾ ഇന്നും മായാതെ നിൽക്കുന്നു.

അതിനു മുമ്പ് ജനസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി കേരളത്തിലങ്ങോളമിങ്ങോളം ഓടിനടന്ന ദിനങ്ങൾ. ആദ്യത്തെ ഐ.റ്റി. പ്രോജക്ട് വിജയിച്ചപ്പോളുണ്ടായ അതിയായ ആഹ്ലാദം – തുടർന്ന്, അത്, രണ്ടു മൂന്നു ബിരുദാനന്തര ബിരുദങ്ങൾ നേടിയെടുക്കുന്നതിനു പ്രചോദനമായതിന്റെ ചാരിതാർത്ഥ്യം. അങ്ങനെ പലതും...

രണ്ടായിരത്തി ഒന്ന് – രണ്ടായിരത്തി മൂന്ന് കാലഘട്ടത്തിൽ പ്രോജക്ടുകൾ ഇല്ലാതിരുന്നപ്പോൾ വിവിധ സർക്കാർ വകുപ്പുകൾ തോറും പ്രോജക്ടും തേടിയലഞ്ഞ നാളുകൾ (കൂട്ടിന് ഒന്നോ രണ്ടോ പേർ മാത്രം കാണും. ചിലപ്പോൾ ആരും കാണില്ല). അതിന്റെ ഭാഗമായുണ്ടായ കൂട്ടായ്മകൾ. അതിൽ നിന്ന് സ്ഥാപനത്തിനുണ്ടായ വളർച്ച...

ഇവിടെ യാതൊരു മാതൃകയും ഇല്ലാതിരുന്നിട്ടും കഠിനാധ്വാനത്തിലൂടെ വിദ്യാഭ്യാസ പങ്കാളിത്ത പദ്ധതി വിജയിപ്പിക്കാൻ കഴിഞ്ഞതു ജീവിതത്തിലെ നാഴികക്കല്ലു തന്നെ. അതിന്റെ കരിക്കുലം, സിലബസ്, ചട്ടക്കൂട്, നിയമാവലികൾ എന്നിവ തയ്യാറാക്കുന്നതിനും തുടക്കത്തിലുള്ള അപേക്ഷകരുടെ യോഗ്യത പരിശോധിക്കുന്നതിനും സഹായിക്കാൻ ആരുമുണ്ടായിരുന്നില്ല.

സ്ഥാപനത്തിന് ഇന്നുവരെ ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ പ്രോജക്ടായ എഫ്.എം.എസ്.–എം.വി.ഡി. പദ്ധതി നേടിയെടുക്കുന്നതിനു നൽകിയ നേതൃത്വപരവും സാങ്കേതികവുമായ സംഭാവനകൾ മറക്കാൻ കഴിയുന്നില്ല. ആരുടെയെങ്കിലും ഓർമ്മയിലുണ്ടെങ്കിൽ നന്ദി.

സ്ഥാപനത്തിനു വരുമാനമുണ്ടാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ടാക്സ് ലേബൽ നിർമ്മാണം, സ്ഥാപനം, നേരിട്ടു നടത്തുന്നതിനു വേണ്ടി സ്വീകരിച്ച ഉറച്ച നിലപാടുകൾ – അതിലൂടെ ലാഭത്തിലുണ്ടായ വർദ്ധനവ്...

ഇനിയും എമ്പിടിയുണ്ട് പറയാൻ...



ഈയിടെയായി ശാസ്ത്രജ്ഞരെന്നു കേട്ടാൽ ചിലർക്ക് പുച്ഛം! ഗവേഷണം നടത്തുന്നില്ല പോലും. എന്തുകൊണ്ടാണ് പത്തുപന്ത്രണ്ടു വർഷങ്ങൾക്കു മുമ്പ് ഗവേഷണ രംഗത്തു നിന്ന് സ്ഥാപനം പൂർണ്ണമായും പിന്മാറിയത് എന്ന് ആരെങ്കിലും ഓർക്കുന്നുണ്ടോ? ഇവിടെയുള്ള ശാസ്ത്രജ്ഞന്മാരെല്ലാം കൊച്ചു കൊച്ചു ഗവേഷണ പ്രോജക്ടുകളുമായി ഒതുങ്ങിക്കൂടണമെന്നാണോ നിങ്ങൾ പറയുന്നത്? അതു വളരെ എളുപ്പമാ. അതുപോലെയല്ല വൻപദ്ധതികൾ കണ്ടെത്തി, അവ നടപ്പിലാക്കി വിജയിപ്പിക്കുക എന്ന പ്രക്രിയ. അതിത്തിരി പ്രയാസമുള്ള കാര്യമാ – കട്ടയിടും.

പ്രോജക്ട് എന്നതു വിപണിയിൽ ലഭിക്കുന്ന ചരക്കല്ല. സ്റ്റാച്യുവിൽ ബസ്സ് കാത്തു നിൽക്കുമ്പോൾ 'തിരുവല്ലത്തേയ്ക്കല്ലേ ദാ കൊണ്ടുപോയി പുഴുങ്ങി തിന്നോളൂ' എന്നു പറഞ്ഞു ദാനമായി തരുന്ന ഒരു കുട്ട മീനല്ല പ്രോജക്ട്. ഇവിടുത്തെ ഓരോ ശാസ്ത്രജ്ഞന്റെയും ബുദ്ധിയിൽ ഉദിക്കുകയും പിന്നീടുള്ള കൂട്ടായ പ്രവർത്തനങ്ങളുടെയും പരിണത ഫലമാണ് ഓരോ പ്രോജക്ടും.

ഒരു പ്രോജക്ടിലും ഉൾപ്പെടാത്ത ചിലർക്കും വിഷവാഹികളായ ചില ജീവികൾക്കും പുച്ഛം തോന്നിയേക്കാം. ശാസ്ത്രജ്ഞരെന്നും പ്രോജക്ട് എന്നുമൊക്കെ കേട്ടാൽ. അവർക്ക് അറിയില്ല, ഓരോ പ്രോജക്ടും കണ്ടെത്തുന്നതിന്റെ ബുദ്ധിമുട്ടുകൾ. അവർ അഭിമുഖീകരിച്ചിട്ടില്ല, ഒരു പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കുന്നതിലെ യാതനകൾ. അവർ അനുഭവിച്ചിട്ടില്ല, ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിലെ വേദനകൾ.

അതുകൊണ്ടുവരും ഇതുകൊണ്ടുവരും എന്നു വീമ്പിളക്കാൻ ആർക്കും കഴിയും. ഒരു പ്രസ്ഥാനം മുന്നോട്ടു പോകുമ്പോൾ അതിലെ പോരായ്മകൾ മാത്രം കണ്ടുപിടിക്കാൻ ദോഷൈകദൃക്കുകൾ ധാരാളം. ഒരു തൈ നട്ടുപിടിപ്പിച്ചു വളർത്തിയെടുക്കാൻ നെടുനാളത്തെ അദ്ധ്വാനം വേണ്ടി വരും. ഫലമെടുക്കാൻ വലിയ അദ്ധ്വാനമൊന്നും വേണമെന്നില്ല. തകർക്കാൻ പെട്ടെന്നു കഴിയും. നിർമ്മിക്കാൻ വളരെയധികം പ്രയത്നിക്കണം.

ഇവിടെ നടക്കുന്നതെല്ലാം കാണുമ്പോൾ നമ്പ്യാർ ഫലിതം ഓർമ്മ വരുന്നു:

“എന്നിട്ടരിശം തീരാഞ്ഞവനാ
പുരയുടെ ചുറ്റും മണ്ടി നടന്നു”.

വീട്ടിലുണ്ടായിരുന്ന സകലതും എടുത്തു കിണറ്റിലിട്ടു. എന്നിട്ടും അരിശം തീരാഞ്ഞിട്ട് അവൻ വീടിനു ചുറ്റും മണ്ടി നടന്നു. അതുപോലെ പ്രോജക്ടുകളെല്ലാം നശിപ്പിച്ചു, ശാസ്ത്രജ്ഞരെ ചീത്തയും വിളിച്ചു. എന്നിട്ടും അരിശം തീരാഞ്ഞിട്ട് ചിലർ സ്ഥാപനത്തിനു ചുറ്റും മണ്ടി നടക്കുകയാ.

മണ്ടി നടന്നു, മണ്ടി നടന്നു ഞൊണ്ടി ആകരുതെന്നേ പറയാനുള്ളൂ.







## ജീവനക്കാരെയും സ്ഥാപനത്തെയും രക്ഷിക്കാൻ

# കൂട്ടഉപവാസം

മദ്യക്കുപ്പികളിൽ ഉപയോഗിക്കുന്ന സുരക്ഷാ ലേബലിന്റെ നിർമ്മാണച്ചുമതലയിൽനിന്ന് സി-ഡിറ്റിനെ ഒഴിവാക്കാനുള്ള നീക്കം സംസ്ഥാനത്ത് വ്യാജമദ്യം ഒഴുക്കാനാണെന്ന് സിപിഐഎം പൊളിറ്റ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. സി-ഡിറ്റിനെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ട് ജീവനക്കാർ നടത്തിയ ഉപവാസം ഉദ്ഘാടനം ചെയ്യുകയായിരുന്നു കോടിയേരി.

ശാസ്ത്രസാങ്കേതിക രംഗത്ത് ഒട്ടേറെ നേട്ടങ്ങൾക്ക് നേതൃത്വം വഹിച്ച സി-ഡിറ്റിനെ തകർച്ചയിൽനിന്ന് രക്ഷിക്കാൻ സർക്കാർ ഇടപെടണം. രാഷ്ട്രീയ സങ്കുചിതമനോഭാവം മാറ്റി സ്ഥാപനത്തെ











അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. മദ്യക്കുപ്പികളിലെ സുരക്ഷാ ലേബൽ നിർമ്മാണ ചുമതലയിൽ നിന്ന് സർക്കാർ സ്ഥാപനമായ സി-ഡിറ്റിനെ ഒഴിവാക്കുന്നതിന് പിന്നിൽ അഴിമതി മാത്രമാണ് ലക്ഷ്യം. മണിപ്പാലിലെ സ്വകാര്യ പ്രസ്സിന് ഹോളോഗ്രാം നിർമ്മാണ ച്ചുമതല നൽകുന്നതോടെ കർണ്ണാടകത്തിൽനിന്ന് സ്പിരിറ്റിൽ കളർ ചേർത്ത് വ്യാജമദ്യം സർക്കാർ ലേബലോടെ കേരളത്തിലേക്ക് ഒഴുകും. കോടികളുടെ അഴിമതി ലക്ഷ്യമിട്ടുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്മാറണം. ഹോളോഗ്രാം നിർമ്മാണച്ചുമതല സി-ഡിറ്റിനെ ഏൽപ്പിക്കണം.

മദ്യമേഖലയിൽ വൻ അഴിമതിക്കാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 418 ബാറുകൾ അടച്ചിട്ടിട്ടും മദ്യ ഉപയോഗം കൂടിയെന്ന് വകുപ്പ് മന്ത്രിതന്നെ പറയുന്നു. സ്ഥാപനം അടച്ചിട്ടിട്ട് കാശ് കൊടുത്താൽ തുറക്കാൻ അനുവദിക്കുന്നത് മറ്റ് സംസ്ഥാനങ്ങളിൽ കേട്ടിട്ടുണ്ട്. ആദ്യം എല്ലാ ബാറുകളും പൂട്ടി. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ 315 ബാറുകൾക്ക് നിലവാരമുണ്ടെന്നായി. ഇപ്പോൾ പൂട്ടിക്കിടക്കുന്നവയിൽ നിലവാരമുള്ളവയും ഉണ്ടെന്ന വാദം ഉയർന്നു കഴിഞ്ഞു. അഴിമതിക്കായുള്ള വിലപേശൽ തുടരുകയാണെന്നും കോടിയേരി പറഞ്ഞു.













പ്രതിസന്ധിയിലായ സി-ഡിറ്റിനെ രക്ഷിക്കുക, ജീവനക്കാരുടെ ആനുകൂല്യങ്ങൾ നടപ്പാക്കുക, കാലഹരണപ്പെട്ട ശമ്പളവ്യവസ്ഥ പുതുക്കുക തുടങ്ങിയ 32 ആവശ്യങ്ങൾ ഉന്നയിച്ച് സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ (സിഐടിയു) ആഭിമുഖ്യത്തിൽ തിരുവല്ലത്തെ ഹെഡ് ഓഫീസിനു മുന്നിലായിരുന്നു ഉപവാസം. ഉദ്ഘാടനത്തിൽ അസോസിയേഷൻ പ്രസിഡന്റ് കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനായി. വി. ശിവൻകുട്ടി എം.എൽ.എ, സിപിഐഎം കോവളം ഏരിയാ കൗൺസിലർ എ.കെ. സുക്കാർണോ, തിരുവല്ലം ശിവരാജൻ, കരിങ്കട രാജൻ, എൻ.ജി.ഒ. യൂണിയൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം രാജൻ എന്നിവർ സംസാരിച്ചു. അസോസിയേഷൻ ജനറൽ സെക്രട്ടറി ബി. സതീശൻ സ്വാഗതം പറഞ്ഞു.

























സി-ഡിറ്റ് ജീവനക്കാർ
പ്രക്ഷോഭത്തിലേക്ക്
▪ ജീവനക്കാരുടെ അവകാശങ്ങൾ നടപ്പിലാക്കുക
▪ പ്രതിസന്ധിയിലായ സ്ഥാപനത്തെ രക്ഷിക്കുക
▪ കാലഹരണപ്പെട്ട ശമ്പള വ്യവസ്ഥ പുതുക്കി നിശ്ചയിക്കുക.
▪ സർക്കാർ 2009 - ൽ പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം ഉടൻ നടപ്പിലാക്കുക.
▪ കുറഞ്ഞത് 25% ശമ്പളവർദ്ധനവ് ഉടൻ പ്രഖ്യാപിക്കുക
▪ നീതിപൂർവ്വമായ പ്രമോഷൻ ഉടൻ നടപ്പിലാക്കുക
▪ കരാറിലേയ്ക്ക് മാറ്റിയ ഉത്തരവ് ഉടൻ നടപ്പിലാക്കുക
▪ അധികവേതന വിവേചനം അവസാനിപ്പിക്കുക.




കൂട്ടഉപവാസം


കൂട്ടഉപ




കൂട്ടഉപ
സി-ഡിറ്റ് എംപ്ലോയീസ് അസോസി

# കൂട്ടഉപവാസം


സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ


സി-ഡിറ്റ് ജീവനക്കാർ പ്രക്ഷോഭത്തിലേക്ക്
2014








വാസം
10 Am - 5 Pm
ജീവനക്കാരുടെ അവകാശങ്ങൾ നടപ്പിലാക്കുക
പ്രതിസന്ധിയിലായ സ്ഥാപനത്തെ രക്ഷിക്കുക





**കുമാർ. ആർ**
പ്രോജക്ട് മാനേജ്മെന്റ് ഡിവിഷൻ

# ജനിച്ച മണ്ണിൽ ജീവിക്കാനായി...

ഇന്ത്യൻ രാഷ്ട്രീയം നിർണ്ണായകമായ ഒരു വഴിത്തിരിവിൽ എത്തിനിൽക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. 16-ാം ലോകസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ.യുടെ വിജയവും ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്രമോഡിയുടെ പ്രധാനമന്ത്രിയാരോഹണവും, തിരഞ്ഞെടുപ്പ് സമയത്ത് ഇന്ത്യൻ മാധ്യമങ്ങൾ പുകഴ്ത്തിപ്പാടി അധികാരത്തിലെത്തിച്ച ഈ സർക്കാർ രാജ്യത്തെ ഏത് ദിശയിലേക്ക് കൊണ്ടുപോകും എന്നത് കാത്തിരുന്നുകാണേണ്ട കാര്യമാണ്. എന്തായാലും, ഇന്ത്യയിലെ ജനങ്ങളുടെ ദാരിദ്ര്യമകറ്റാൻ, തൊഴിൽ ലഭ്യമാക്കാൻ, വിദേശബന്ധങ്ങൾ ശക്തിപ്പെടുത്താൻ, അഴിമതി ഇല്ലാതാക്കാൻ എന്നീ പ്രവർത്തനങ്ങൾ എത്രത്തോളം നടപ്പാക്കാൻ കഴിയും എന്നും കണ്ടറിയണം. അഴിമതിയും കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലാത്ത ഭരണവും കാരണം പാർലമെന്റിൽ പ്രതിപക്ഷ സ്ഥാനം ലഭിക്കാനായി സുപ്രീംകോടതി കയറിയിറങ്ങുന്ന കോൺഗ്രസ് നേതൃത്വത്തിന് എത്രത്തോളം ഈ സർക്കാരിനെ പ്രതിരോധിക്കാൻ കഴിയും എന്നതിൽ ആശങ്കയാണ് നിലനിൽക്കുന്നത്. വർഗ്ഗീയ ധ്രുവീകരപ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് എൻ.ഡി.എ. സർക്കാർ നടത്തിവരുന്നത്.

ഇന്ത്യയിലെ ജനങ്ങൾ, പ്രത്യേകിച്ച് അദ്ധ്വാനിക്കുന്ന ജനങ്ങൾ, ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ ജനകോടികൾ നിത്യജീവിതത്തിൽ അനുഭവിക്കുന്ന വിഷയങ്ങൾ ഉയർത്തിയുള്ള പോരാട്ടത്തിന്റെ നാളുകൾ അനിവാര്യമായിവരുമ്പോൾ മുൻകാലങ്ങളിൽ നേടിയെടുത്ത അവകാശങ്ങളിൽ കവർന്നെടുത്തവ തിരികെ ലഭിക്കുമോയെന്ന ആശങ്കയിലാണ് രാജ്യത്തെ പാവം ജനങ്ങൾ. കഴിഞ്ഞ രണ്ട് വ്യാഴവട്ടക്കാലമായി ഇന്ത്യൻ ഭരണവർഗ്ഗം പിൻതുടരുന്ന നവ-ലിബറൽ നയങ്ങൾ കൂടുതൽ കരുത്തോടെ നടപ്പിലാക്കുന്നതിനും അതിനനുകൂലമായ അന്തരീഷം സൃഷ്ടിക്കുന്നതിനും ഹിന്ദുത്വവർഗ്ഗീയതയെ പരിപോഷിപ്പിക്കുന്നതിനും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ എൻ.ഡി.എ. ഭരണം ശ്രമിക്കുമെന്നതിൽ സംശയം വേണ്ടിവരില്ല. തിരഞ്ഞെടുപ്പ് വേളയിൽ പ്രചരണത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം

ആർ.എസ്.എസ്. നടത്തിയ തീവ്രവർഗ്ഗീയ പ്രചരണമായിരുന്നു എന്നത് നാം കണ്ടതാണ്.

അദ്ധ്വാനിക്കുന്ന ജനങ്ങളെ ഭിന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വർഗ്ഗീയബോധവും വർഗ്ഗീയ സംഘർഷങ്ങളും വർദ്ധിപ്പിക്കുന്നത്. ഒരു ജനവിഭാഗത്തെ തമ്മിൽ ശത്രുക്കളാക്കുന്നതിന് ഭരണവർഗ്ഗത്തിന്റെ കൈയ്യിലുള്ള പ്രധാന ആയുധമാണ് അധികാരവും ആനുകൂല്യങ്ങളും. ഇത് വലതുപക്ഷ രാഷ്ട്രീയത്തിന് ഒഴിവാക്കാനാകാത്ത ഭാഗമാണ്. ഇതിനൊപ്പംതന്നെ ജനങ്ങളുടെ സാമ്പത്തികവും ഉപജീവനപരവുമായ പ്രശ്നങ്ങൾ ഉയർത്തി വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങൾക്ക് ഒരുവിഭാഗം നേതൃത്വം നൽകുമ്പോൾ ഇതിനിടയിൽ വിള്ളലുണ്ടാക്കി ഇത്തരത്തിലുള്ള പോരാട്ടങ്ങൾക്ക് മങ്ങലേൽപ്പിക്കാൻ ഭരണകൂടം ശ്രമിക്കാറുണ്ട്, ഇത് പല അവസരങ്ങളിലും വിജയിച്ചിട്ടുണ്ട്, എന്നാൽ പലപ്പോഴും പരാജയപ്പെട്ടിട്ടുമുണ്ട്. ഇത്തരത്തിലുള്ള നിർണ്ണായക പോരാട്ടങ്ങൾ രാഷ്ട്രീയമായും സംഘടനാപരമായും സംഘടിപ്പിക്കുന്ന അവസരങ്ങളിൽ സ്വന്തം ദൗർബല്യങ്ങളെ അതിജീവിക്കാൻ എല്ലാവർക്കും കഴിയുന്നുണ്ടോ എന്നതും കാണേണ്ടതാണ്. അങ്ങനെ കഴിയാതെ വരുമ്പോഴാണ് കുലംകുത്തികളും ഒറ്റുകാരുമൊക്കെ ജനിച്ചുവീഴുന്നത്. ഒരല്പം ലാഭത്തിനോ, താല്പര്യങ്ങൾക്കോ വഴിപെട്ടുപോയാൽ ഇത്തരക്കാർക്ക് ചരിത്രം മാപ്പ് നൽകില്ല. രാജ്യത്ത് നടമാടുന്ന വർഗ്ഗീയതയെയും അരാജകത്വത്തെയും പ്രോത്സാഹിപ്പിക്കുവാനേ ഇത്തരക്കാർക്ക് കഴിയൂ.

ഗുജറാത്തിൽ നടപ്പാക്കിയതുപോലെ കോർപ്പറേറ്റുകൾക്ക് വൻതോതിൽ ഭൂമി നൽകാൻ എൻ.ഡി.എ. ഭരണകൂടം നടപടികൾ എടുത്തുവരുന്നു. കഴിഞ്ഞ നൂറ് ദിവസത്തെ എൻ.ഡി.എ. ഭരണം അവരുടെ നയസമീപനങ്ങൾ എന്തായിരിക്കും എന്നത് വ്യക്തമാക്കുന്നതാണ്. ഇന്ത്യയിൽ യു.പി.എ. ഭരണം നടപ്പാക്കിയ ഉദാരവൽക്കരണ–സാമ്പത്തിക നയങ്ങൾ നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങളുമായാണ് ഇവർ മുന്നോട്ടു പോകുന്നത്. ഇത്തരം ശ്രമങ്ങൾ സാധാരണക്കാരുടെ പ്രയാസങ്ങൾ വർദ്ധിപ്പിക്കുന്നതിനും ദുരിതമനുഭവിക്കുന്നതിനുമുള്ള കാരണമായി മാറും. തൊഴിലാളികളുടെ പരിമിതമായ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനും തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനും എൻ.ഡി.എ. സർക്കാർ നീക്കം നടത്തിവരുന്നു. സബ്സിഡികൾ നിർത്തലാക്കാൻ നടത്തുന്ന ശ്രമങ്ങൾ രാജ്യത്ത് സാമ്പത്തിക അരാജകത്വം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. റെയിൽവേ ചരക്കുകൂലി വർദ്ധനവിലൂടെയും വൻവിലക്കയറ്റത്തിലൂടെയും സബ്സിഡി വെട്ടിക്കുറയ്ക്കുന്നതിലൂടെയും കൃഷിയിലും അനുബന്ധ മേഖലകളിലും പണിയെടുക്കുന്ന പാവപ്പെട്ട കർഷകജനതയെ ചൂഷണം ചെയ്യാൻ സഹായിക്കുന്ന നടപടികൾ സ്വീകരിക്കുക വഴി ധനികവിഭാഗത്തിന് നേട്ടമുണ്ടാക്കാൻ വൻഅവസരം സൃഷ്ടിച്ചുനൽകുകയാണ് ചെയ്തിരിക്കുന്നത്.

യു.പി.എ.യുടെ തെറ്റായ സാമ്പത്തികനയങ്ങളും അഴിമതിയും ഇന്ത്യയിലെ ജനങ്ങൾക്ക് വലിയ ദുരന്തമാണ് സമ്മാനിച്ചത്. ഈ സാഹചര്യത്തിലാണ് ജനങ്ങൾ മറ്റൊരു വഴി ആലോചിച്ചത്. അവിടെയാണ് മാധ്യമങ്ങളുടെ 'മോഡി'യുള്ള വാർത്തകൾ പ്രചാരണമായി ജനങ്ങളിലെത്തിയത്. യു.പി.എ.യുടെ അഴിമതിക്കെതിരെയും തെറ്റായ നയങ്ങൾക്കെതിരെയും എൻ.ഡി.എ.യ്ക്ക് വോട്ടുചെയ്താൽ രാജ്യത്തിന് നേട്ടമുണ്ടാകുമെന്ന വ്യാമോഹം ജനങ്ങളിലുണ്ടായി. എന്നാൽ, സമ്പന്നവിഭാഗത്തിൽപ്പെട്ടവർ ഇന്ത്യയുടെ ചരിത്രത്തിൽ ഇല്ലാത്തവിധം പാർലമെന്റിൽ എത്തിച്ചേരാൻ ഇത് കാരണമായി. ഈ തിരഞ്ഞെടുപ്പ് പണക്കൊഴുപ്പിന്റെ ഉത്സവമായിരുന്നുവെന്ന് ഇതിലൂടെ തന്നെ തെളിയിക്കപ്പെട്ടതാണ്. യു.പി.എ.യുടെയും എൻ.ഡി.എ.യുടെയും സാമ്പത്തിക നയങ്ങൾ ഒന്നുതന്നെയാണെന്ന ഇടതുപക്ഷത്തിന്റെ നിലപാട് ശരിയായിരുന്നു എന്നതാണ് എൻ.ഡി.എ. സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ തെളിയിക്കുന്നത്. എന്നാൽ, കേരളത്തിന്റെ രാഷ്ട്രീയസ്ഥിതി എന്താണ് എന്നത് അതിശയിപ്പിക്കുന്നതാണ്. ഓരോ വിവാദങ്ങളിൽപ്പെട്ട് ഓരോ വർഷവും തള്ളിനീക്കുന്ന സ്ഥിതിയാണ്. സാധാരണക്കാരന്റെ ജീവിതസാഹചര്യങ്ങൾ ദുരന്തമെന്നതുപോലെയാണ്. ജീവിക്കാനുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു. ജീവിതത്തിന്റെ വസന്തകാലം മുഴുവൻ പാടത്തും പറമ്പിലും പണിയെടുത്ത് ആരോഗ്യം നഷ്ടപ്പെട്ട വൃദ്ധന്മാരായ മനുഷ്യരെ മറന്നു. ഇവർക്ക് ക്ഷേമപെൻഷൻ നൽകുന്നുണ്ടോ? വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ഈ കാലത്ത് നേടിയെടുത്ത അവകാശങ്ങൾ ചോദിക്കുമ്പോൾ ഇതൊക്കെ ഒരു ദാനമാണെന്ന തോന്നലോടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ നിലപാടുകൾ 'കോരന് കഞ്ഞി കുമ്പിളിൽ' എന്ന ബൂർഷാ ഭൂപ്രഭുവിന്റെ മനോഭാവമാണ്. കേരളത്തിന്റെ കാർഷി



**ക്രമസമാധാനനില തകർന്ന നിലയിലാണ്. സാമ്പത്തിക തട്ടിപ്പുകളിൽ കേരളം മുന്നിലാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിക്കുന്നു. സ്ത്രീകുറ്റവാളികൾ പെരുകുന്നു. കർഷക ആത്മഹത്യയും പട്ടിണി മരണവും വീണ്ടും ഉണ്ടാകുന്നു. ബ്ലേഡ് മാഫിയകൾ വിലസുന്നു. അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. എന്നിങ്ങനെ എണ്ണിയാൽ തീരാത്ത വിഷയങ്ങൾ നിലനിൽക്കുകയാണ്.**



കാവസ്ഥയെ നിലനിർത്താൻ കഠിനമായി പ്രയത്നിച്ച ഈ അദ്ധ്വാനശക്തിയെ ആദരിക്കുന്നതിനു പകരം ഇക്കൂട്ടർ 'മനുഷ്യരല്ല' എന്നാണ് പറയുന്നത്. ചിലരെ മാത്രം മനുഷ്യരായി കണ്ട് അവർക്ക്വേണ്ടതെല്ലാം നൽകുന്ന രീതി ജനാധിപത്യമാണോ? മാസംതോറും കോടികൾ കടംവാങ്ങി സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ എത്രനാൾ കഴിയും? തൊഴിലില്ലായ്മ കാരണമായിരിക്കാം യുവതീ-യുവാക്കൾ വൻതട്ടിപ്പുകൾക്ക് തുനിഞ്ഞിറങ്ങുന്ന സ്ഥിതി ഇന്ന് ഉണ്ടായിരിക്കുന്നത്. വിദ്യാഭ്യാസമേഖല എങ്ങോട്ടാണ്? അവിടെയും വിവാദങ്ങൾ. തൊഴിൽ കേന്ദ്രങ്ങൾ എങ്ങോട്ടാണ്? അവിടെയും അടച്ചുപൂട്ടൽ ഭീഷണികൾ. പൊതുവിതരണസമ്പ്രദായം എവിടെയാണ്? അവിടെയും വൻപരാജയം. ഒടുവിൽ ഈ ഓണത്തിന് ബി.പി.എൽകാർക്ക് നൽകിയ ഓണക്കിറ്റിലും തട്ടിപ്പ്. സർക്കാർ തന്നെ സപ്ലൈകോവഴിയുള്ള അവശ്യസാധനങ്ങളുടെ വിലവർദ്ധിപ്പിക്കുന്നു. ഇതിലൂടെ കേന്ദ്രസർക്കാരിന്റെ സബ്സിഡി ഇല്ലാതാക്കൽ ഇവിടെയും നടപ്പാകുന്നു.

ജനക്ഷേമപരിപാടികൾ പരാജയപ്പെടുമ്പോഴും സാമ്പത്തികഭദ്രത ഉറപ്പാക്കാൻ ധനകാര്യമാനേജുമെന്റിന് കഴിയുന്നില്ല. തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളൊക്കെ ഒരു സുപ്രഭാതത്തിൽ ലഭിച്ച കാര്യങ്ങളല്ല. നിരവധി സമരപോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളാണ്. ഈ അവകാശങ്ങൾ ചോദിക്കുമ്പോൾ അതിനുനേരെ വിരൽ ചൂണ്ടുകയോ എതിർക്കുകയോ ചെയ്യുന്നത് ഭരണവർഗ്ഗത്തിന്റെ കാൽക്കീഴിൽ സാഷ്ടാംഗം വീണുകിടക്കുന്നവർക്കും ലഭിക്കേണ്ടതായണ് എന്നതും ചിലർ മനഃപൂർവ്വം മറന്നുപോകുന്ന സ്ഥിതിയാണ്. ഒരു കുടുംബത്തിന് ജീവിക്കാൻ കഠിനമായ പ്രയാസങ്ങൾ നേരിടുന്ന ഈ വേളയിലാണ് മദ്യകുപ്പിയുടെ 'തിളക്കത്തിന്റെ' അവകാശം എനിക്കോ, നിനക്കോ? എന്ന മത്സരം നടക്കുന്നത്. വിദ്യാഭ്യാസമേഖലയിൽ ഉണ്ടായ കോടതി ഇടപെടലുകൾ മൂലം പരസ്പരം പഴിചാരുന്ന പ്രവർത്തനങ്ങളുമായാണ് ഭരണവർഗ്ഗം മുന്നേറുന്നത്.

ക്രമസമാധാനനില തകർന്ന നിലയിലാണ്. സാമ്പത്തിക തട്ടിപ്പുകളിൽ കേരളം മുന്നിലാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിക്കുന്നു. സ്ത്രീകുറ്റവാളികൾ പെരുകുന്നു. കർഷക ആത്മഹത്യയും പട്ടിണി മരണവും വീണ്ടും ഉണ്ടാകുന്നു. ബ്ലേഡ് മാഫിയകൾ വിലസുന്നു. അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. എന്നിങ്ങനെ എണ്ണിയാൽ തീരാത്ത വിഷയങ്ങൾ നിലനിൽക്കുകയാണ്. ഈ അവസരത്തിൽ കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾ, കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന, സംസ്ഥാന സർക്കാരിന്റെ നയസമീപനങ്ങൾ, എൻ.ഡി.എ. എന്ന ആപത്ത്, ഇടത്പക്ഷം യു.പി.എ. സർക്കാരിന് പിൻതുണ നൽകിയ കാലത്ത് ഉണ്ടാക്കിയ നേട്ടങ്ങൾ എന്നിവ വിലയിരുത്തപ്പെടണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധനയങ്ങൾക്കെതിരെയും കേരളത്തോട് കേന്ദ്രസർക്കാർ കാണിക്കുന്ന അവഗണനയ്ക്ക് എതിരെയുമുള്ള ചെറുത്ത്നിൽപ്പിനും, ജീവിക്കാനുള്ള അവകാശത്തിനും ജനിച്ച മണ്ണിൽ ജീവിക്കാനുമുള്ള സമരത്തിന് വീണ്ടും തയ്യാറാകേണ്ടതായി വരുമെന്നാണ് ഈ രാജ്യത്തെ സാധാരണ ജനങ്ങൾ കരുതുന്നത്.



# സി-ഡിറ്റ് ജീവനക്കാർ സമരത്തിലേക്ക്

# ഹോളോഗ്രാം ലേബൽ നിർമ്മാണം സി-ഡിറ്റിന് നഷ്ടമാകുന്നു

# സി-ഡിറ്റ് ജീവനക്കാർ വീണ്ടും പ്രക്ഷോഭത്തിലേയ്ക്ക്...

കഴിഞ്ഞ മൂന്നുവർഷമായി സി-ഡിറ്റിൽ നടന്നു വരുന്ന... പ്രക്ഷോഭങ്ങളുടെ ഭാഗമായി ... ഉത്തരവുകൾ എന്നിവയെല്ലാം ... നിലപാട് മാനേജ്മെന്റ് ...

# വാടക മാഫിയകളിൽ നിന്നും സി-ഡിറ്റിന് മോചനമില്ലേ??

സി-ഡിറ്റിന് നഗരസമുച്ചയം നിർമ്മിക്കാൻ ഇടതുപക്ഷ സർക്കാർ പട്ടത്തു സ്ഥലം അനുവദിച്ചു. വർഷങ്ങൾ കഴിഞ്ഞ് ഒട്ടും മോശമില്ലാത്ത വിധം തറക്കല്ലിടൽ കർമ്മം യു.ഡി.എഫ് സർക്കാർ നടത്തുകയും ചെയ്തു. ബഹു. മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും മത്സരിച്ചു പ്രഖ്യാപിച്ചു, 6 മാസത്തിനുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുമെന്ന്! നിരവധി 6 മാസങ്ങൾ കടന്നുപോയി. പായലും പൂപ്പലും ചെറു ചെടികളും വളർന്ന് തറക്കല്ലിനെ പുതപ്പണിയിച്ചുവെന്നല്ലാതെ വാനം വെട്ടാൻ പോലും ഇതുവരെ കഴിഞ്ഞിട്ടില്ല. കെട്ടിടനിർമ്മാണത്തിന്റെ രൂപകല്പന, ടെണ്ടർ, തുക നിശ്ചയിക്കൽ, ചില വ്യക്തികൾക്ക് നിർമ്മാണ ജോലികൾ നൽകുവാനുള്ള ... ആശങ്കയും തുടക്കം മുതൽക്കേ നിലന... പ്രവർത്തനം ഏൽപ്പിക്കാനുള്ള ചിലരു...

# സ്ഥാപനം പ്രതിസന്ധിയിൽ

## വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗം ചക്രമില്ലാത്ത വ...

# ജീവനക്കാരുടെ ക്ഷേമ ആനുകൂല്യങ്ങൾ വേഴാമ്പലിനെപ്പോലെ...

സി-ഡിറ്റ് ജീവനക്കാർക്കുള്ള ക്ഷേമാനുകൂല്യങ്ങളായ പെൻഷൻ, പ്രമോഷൻ, ഗ്രൂപ്പ് ഇൻഷ്യുറൻസ്, മെഡിക്ലെയിം വെൽഫെയർ ഫണ്ട് എന്നിവ മഴ കാത്തി...ക്കുന്ന വേഴാമ്പലിനെപ്പോലെ നാളുകളായി കാത്തിരിക്കുകയാണ്. ഓരോ പ്രാവശ്യവ... മാനേജ്മെന്റ് മോഹനവാഗ്ദാനങ്ങൾ നൽകുന്നതല്ലാതെ ഇ...

# ഞങ്ങൾ ശിരസ്സുയർത്തി പിടിക്കുന്നവരുടെ കൂട്ടം -സി.ഇ.എ

# ജനസമ്പർക്കപരിപാടി: സി-ഡിറ്റിനെയും ജീവനക്കാരെയും കബളിപ്പിച്ചു

# അഭിവാദ്യങ്ങൾ

# ഹോളോഗ്രാം ലേബൽ നിർമ്മാണം സി-ഡിറ്റിന് നഷ്ടമാകുന്നു; സ്ഥാപനം പ്രതിസന്ധിയിലേക്ക്...

# ശമ്പള വർദ്ധനവ് നൽകിയതിന് അഭിവാദ്യങ്ങൾ!!!

# 2013 ഫെബ്രുവരി 20,21 ദേശീയ പണിമുടക്ക്

## സി-ഡിറ്റ് ജീവനക്കാർ പണിമു...

സുഹൃത്തുക്കളെ,

# ഞങ്ങൾ ശിരസ്സുയർത്തി പിടിക്കുന്നവരുടെ കൂട്ടം -സി.ഇ.എ

1989 ൽ സി-ഡിറ്റ് സ്ഥാപിതമായി, അതിനുശേഷം കെ.കരുണാകരന്റെ ഭരണകാലം വന്നു. കുറച്ച് പരാന്നഭോജികളായ (Parasite Babies) കുഞ്ഞുങ്ങളെ വളർത്താൻ സി-ഡിറ്റിനെ അദ്ദേഹം ഏൽപ്പിച്ചു. ...

# അട്ടിമറി വീരന്മാരെ "വേല" കയ്യിലിരിക്കട്ടെ...

സി - ഡിറ്റിന്റെ 17-ാമത് ഗവേണിംഗ് ബോഡി 150 ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തെ പിൻതുടർന്ന് 18-ാമത് ഗവേണിംഗ് ബോർഡി 6 വർഷം സർവ്വീസ് പൂർത്തീകരിച്ചവരെ സ്ഥിരപ്പെടുത്തുവാൻ വേണ്ടി സർക്കാരിലേയ്ക്ക് പ്രോപ്പോസൽ സമർപ്പിക്കാനും തീരുമാനിച്ചതായിട്ടാണ് സി.ഇ.എ. മനസ്സിലാക്കുന്നത്. 17-ാമത് ജി.ബി. തീരുമാനം നടപ്പിൽ വരുത്തുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 18-ാമത് ജി.ബി. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ എടുത്ത തീരുമാനം ആദ്യം മുതൽക്കേ സി.ഇ.എ. സ്വാഗതം ചെയ്യുകയും സ്ഥിരത നടപ്പിലാക്കുന്നതിനുള്ള പിൻതുണയും അതിനുവേണ്ട പ്രവർത്തനങ്ങളും നടത്തിവരുകയുമാണ്. എന്നാൽ പ്രസ്തുത ജി.ബി. കഴിഞ്ഞ് ഏതാണ്ട് ഒരു വർഷത്തോളം ആകുമ്പോഴും മിനിട്സ് ഒപ്പിടാതെ വകുപ്പ് സെക്രട്ടറിമാരും സർക്കാരും കാലതാമസം വരുത്തുന്നു.



**Mridula. S**
Android Trainee,
Cybersri



# Fallen ANGEL

Oh now the fallen Angel
Everything going to hell
Have I done something wrong
Have I missed up

I am no longer an angel,
No light Fluffy wings
Anyone with me
Dark Angel, Fallen Angel
The Pain behind your anger
Makes me stronger !!!

So lonely
With no hope
For the future
Black clouds
Crying along me

Walking along the
thorn path
Begging for the
dew drops

oh now the fallen Angel
Everything going to hell.



12th September, 2013

# ONAM
## Celebrations





സി-ഡിറ്റ് ജീവനക്കാരുടെ 2013 ലെ ഓണാഘോഷം വിപുലമായ പരിപാടികളോടെ 2013 ആഗസ്റ്റ് 11 ന് തിരുവല്ലം മെയിൻ ഓഫീസ് അങ്കണത്തിൽ നടത്തപ്പെട്ടു. എല്ലാ ജീവനക്കാരും ഒത്തൊരുമിച്ച് പൂക്കൾ വിതറി നിർമ്മിച്ച ഓണപ്പൂക്കളം സി-ഡിറ്റ് ഡയറക്ടർ ശ്രീ. ബാബു ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡയറക്ടറും രജിസ്ട്രാർ ഡോ.എസ്.എ. ഷാജഹാനും ഓണസന്ദേശം നൽകി. തുടർന്ന് സുന്ദരിക്ക് പൊട്ടുതൊടൽ, നാരങ്ങാ സ്പൂൺ ഓട്ടം, മെഴുകുതിരി ഓട്ടം തുടങ്ങി ആഹ്ലാദം അലതല്ലിയ ഒട്ടനവധി മത്സരങ്ങൾക്കു വേദിയൊരുങ്ങി. ഉച്ചയ്ക്ക് വിഭവസമൃദ്ധമായ ഓണസദ്യ ഒരുക്കിയിരുന്നു. ഉച്ചതിരിഞ്ഞ് തിരുവനന്തപുരം ദേവരാജൻ ഫൗണ്ടേഷൻ അവതരിപ്പിച്ച ഗാനമേളയും ഓണാഘോഷ പരിപാടിക്ക് മിഴിവേകി.


















12th September, 2013

# ONAM
## Celebrations
















12th September, 2013

# ONAM

## Celebrations




**മജേഷ് കെ.പി.**
നെറ്റ്‌വർക്കിംഗ് ട്രെയിനി,
സൈബർശ്രീ

# ലോകഭൂപടം


ഒരു രക്ഷിതാവിന്റെ കൈയ്യിൽ ഒരു വേൾഡ് മാപ്പ് ഉണ്ടായിരുന്നു. വേൾഡ് മാപ്പ് എന്തെന്നറിയാത്ത മകൻ അത് ചെറിയ ചെറിയ കഷ്ണങ്ങളാക്കി കീറിക്കളഞ്ഞു. പിതാവ് എത്ര ശ്രമിച്ചിട്ടും ആ മാപ്പ് ശരിയാക്കാൻ സാധിച്ചില്ല. വൻകരകളും സമുദ്രങ്ങളും ശരിയായ സ്ഥാനത്ത് വരാതെ വന്നപ്പോൾ അദ്ദേഹത്തിന് ദേഷ്യം വന്നു. അവസാനം പിതാവ് ആ വേൾഡ് മാപ്പിന്റെ കഷ്ണങ്ങൾ ചുരുട്ടിക്കൂട്ടി ആ ടേബിളിൽ വച്ച് മകനോടു പറഞ്ഞു എടാ കുരുത്തംക്കെട്ടവനെ നീയല്ലേ ഇതു നശിപ്പിച്ചത് നീ തന്നെ നന്നാക്ക് ഈ ലോകഭൂപടം. അച്ഛൻ മൂന്ന് മണിക്കൂർ ശ്രമിച്ചു നന്നാക്കാൻ സാധിക്കാത്ത വേൾഡ് മാപ്പ് മകൻ മൂന്ന് മിനിറ്റ് കൊണ്ട് നന്നാക്കി. അച്ഛൻ വന്ന് നോക്കിയപ്പോൾ വേൾഡ് മാപ്പ് റെഡി. അദ്ദേഹം മകനോട് ചോദിച്ചു. ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന നീ ഭൂമിശാസ്ത്രം പഠിക്കുന്നില്ലല്ലോ? പിന്നെ ഈ ഭൂപടം നീ എങ്ങനെ റെഡിയാക്കി. വൻകരകളുടെയും സമുദ്രങ്ങളുടെയും യഥാർത്ഥ സ്ഥാനം നിനക്കെങ്ങനെ മനസ്സിലായി. അപ്പോൾ മകൻ മറുപടി പറഞ്ഞു. അച്ഛൻ ഏത് വേൾഡ് മാപ്പിന്റെ കാര്യമാണ് പറയുന്നത്. അവൻ ഭൂപടത്തിന്റെ പടമെ കണ്ടിട്ടില്ല. ആ വേൾഡ് മാപ്പിന്റെ പിന്നിൽ ഒരു സിനിമാ നടന്റെ പടം ഉണ്ടായിരുന്നു. ആ ചെറിയ കുട്ടി കണ്ണ് കണ്ടു കൈ കണ്ടു, കാല് കണ്ടു. കണ്ണ് എവിടെ നിൽക്കണം, കാൽ എവിടെ നിൽക്കണമെന്ന് അവനറിയാം. ഒരു ഭാഗത്ത് വ്യക്തി റെഡിയായപ്പോൾ മറുഭാഗത്ത് ലോകം ശരിയായി എന്നാണ്. ആ ഒരു വ്യക്തി നിങ്ങളാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

# കണ്ടതും കേട്ടതും











GREEN BUILDNG
2012
2014



Expression of Interest
HOLOGRAPHY DEPT.
MANIPAL SECURITY



ഇപ്പോൾ ഇതു മാത്രമേ നടക്കുന്നുള്ളൂ.....
NO PROJECTS
INTERVIEW



C DIT
New Generation
Courses
ബ്ബാ.. ബ...
ബ.. ബ..ബ
ബ... ബ
Ekm.


പണിയില്ലാ പാവങ്ങൾ
DEPUTY DIRECTORS


കന്യാകുമാരി
C-DIT


Sweeper trainee
Driver trainee
Director trainee
Registrar trainee


Transfer & Posting


CMD
MANAGER


Super man
Save our lives....
Ta..Ta...





**രശ്മി വി.ടി**
w/o സുധീർ. വി.യു
ഗോർക്കി ഭവൻ

# ഇഷ്ടം

**പാ**തി വിടർന്നൊരാ-
ചെമ്പനീർപൂവിലുറങ്ങും മോഹം
അറിയുന്ന നിലാവിനെയാണിഷ്ടം
എനിക്കേറെ ഇഷ്ടം.... എന്നുമിഷ്ടം!

പാതി നിറഞ്ഞൊരാ-
നീർത്തടത്തിലുറയും ദുഃഖം
മായ്ക്കുന്ന തെന്നലിനെയാണിഷ്ടം
എനിക്കേറെ ഇഷ്ടം.... എന്നുമിഷ്ടം!

പാതി മറഞ്ഞൊരാ-
പാൽപ്പുഞ്ചിരിയിലുണരും കനവ്
വിടർത്തുന്ന മുകിലിനെയാണിഷ്ടം
എനിക്കേറെ ഇഷ്ടം.... എന്നുമിഷ്ടം!

പാതി ഉടഞ്ഞൊരാ-
നൽ സ്വപ്നശൈലത്തിൽ നിന്നടരും മുഖം
ചേർക്കുന്ന മണ്ണിനെയാണിഷ്ടം..
എനിക്കേറെ ഇഷ്ടം.... എന്നുമിഷ്ടം!

With best compliments from

"Our live streaming solution bring you closer to your audience across the globe"

webmobi

WebMobi Network Solutions Pvt Ltd.
XI / 180 G , Naithelil Building, Padamugal,
Thrikkakara, Kochi , Kerala, India 682021
Ph:+91 9400323583 | +91 484 6465624






31st March, 2014

# WOMENS DAY
## Celebration

## വനിതാദിനാചരണം

മാർച്ച് 8, അന്തർദേശീയ വനിതാദിനാഘോഷത്തിന്റെ ഭാഗമായി, സി.ഇ.എ വനിതാ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, സി-ഡിറ്റ് തിരുവല്ലം ക്യാമ്പസിൽ മാർച്ച് 31 ന് വനിതാ കൂട്ടായ്മ സംഘടിപ്പിച്ചു.

'സ്ത്രീ സമത്വം സാമൂഹിക ഉന്നമനത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സമ്മേളനം സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണ കൗൺസിൽ ഉപ



31st March,2014

## WOMENS DAY







ദേഷ്ടാവ് ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു.

തദവസരത്തിൽ കുര്യാത്തി ആനന്ദനിലയം അനാഥമന്ദിരത്തിലെ കുട്ടികൾക്കായി സി-ഡിറ്റ് ജീവനക്കാരിൽ നിന്നും സി.ഇ.എ സ്വരൂപിച്ച 150 ഓളം പുസ്തകങ്ങൾ ശ്രീമതി ലിഡാ ജേക്കബ് ആനന്ദനിലയം ഭാരവാഹി ശ്രീമതി കുമാരിക്ക് സമർപ്പിച്ചു.

സി-ഡിറ്റ് ഡയറക്ടർ ഡോ.ബാബു ഗോപാലകൃഷ്ണൻ, രജിസ്ട്രാർ ഡോ. എസ്.എ. ഷാജഹാൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി ജയ, സി.ഇ.എ. സെക്രട്ടറി സഖാവ് ബി. സതീശൻ എന്നിവർ ആശംസകളർപ്പിച്ചു. സി.ഇ.എ വനിതാ സബ്ബ്കമ്മിറ്റി കൺവീനർ ശ്രീമതി പ്രേംസുജ അദ്ധ്യക്ഷത വഹിച്ചു. വനിതാ സബ്ബ്കമ്മിറ്റിയംഗങ്ങളായ കുമാരി വിനീത സ്വാഗതവും രാജേശ്വരി കൃതജ്ഞതയും പറഞ്ഞു.

# വനിതാദിനാചരണം


















C-DIT
FILM







16th June,2014

# EMPLOYEES GENERAL BODY





**2014** ജൂൺ 16ന് കെ.ജി.ഒ.എ ഹാളിൽ വച്ച് സി-ഡിറ്റ് ജീവനക്കാർ യോഗം ചേർന്നു. സി-ഡിറ്റിന്റെ ഗവേണിംഗ് ബോഡി യോഗം ജൂൺ 4-ാം തീയതി വിളിച്ച് ചേർത്തിരുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പള വർദ്ധനവ്, ശമ്പളം പുതുക്കി നിശ്ചയിക്കൽ, ജോലി സ്ഥിരത, സ്കെയിലോഫ് പേയിലേക്ക് മാറ്റൽ, കരാറിൽ മാറ്റുക, ശമ്പള പരിഷ്ക്കരണം, പ്രമോഷൻ, പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ്, മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, ക്യാമറ സ്റ്റുഡിയോ നവീകരണം, ജീവനക്കാർക്ക് ജോലിയെടുക്കുവാനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുക, കാലാനുസൃതമായ പരിശീലനം നൽകുക, പദ്ധതികൾ നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുക തുടങ്ങി സ്ഥാപനത്തെയും ജീവനക്കാരെയും സംബന്ധിക്കുന്ന പ്രധാന ആവശ്യങ്ങൾ ഉന്നയിച്ച് സി.ഇ.എയുടെ നേതൃത്വത്തിൽ മേയ് 29-ാം തീയതി ജീവനക്കാരുടെ കൂട്ട ഉപവാസം അനുഷ്ഠിച്ചു. സി-ഡിറ്റിലെ വിവിധ വിഷയങ്ങൾ ഉയർത്തികാട്ടി നടത്തിയ ശക്തമായ പ്രക്ഷോഭം നിയമസഭയുടെ ഉപപ്രതിപക്ഷ നേതാവും സി.പി.എ. പോളിറ്റ് ബ്യൂറോ അംഗവുമായ സ. കോടിയേരി ബാലകൃഷ്ണൻ ഉത്ഘാടനം ചെയ്യുകയും സി.ഇ.എ പ്രസിഡന്റ് കടകം പള്ളി സുരേന്ദ്രൻ, വി.ശിവൻകുട്ടി എം.എൽ.എ തുടങ്ങി









പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കൾ ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു ഉപവാസസമരം വൻ വിജയമായിരുന്നു. ജീവനക്കാരുടെ പങ്കാളിത്തവും രാവിലെ 10 മണിമുതൽ 5.30 വരെ സമര വാളന്റിയർന്മാരായി ഉപവാസം അനുഷ്ഠിച്ചതും മാനേജ്മെന്റിനെ വല്ലാതെ വിഷമിപ്പിച്ചു. ജീവനക്കാരുടെ സമരാവേശത്തെക്കുറിച്ച് കേട്ടറിഞ്ഞു സി-ഡിറ്റ് ഡയറക്ടർ പ്രതികാര നടപടിയായി സമരത്തിൽ പങ്കെടുത്ത പ്രമുഖരായ ജീവനക്കാരെയും നേതാക്കന്മാരെയും സ്ഥലം മാറ്റുകയും പദവികളിൽ



നിന്നും മാറ്റുകയും ചെയ്തു. ഇതിനായി പുറപ്പെടുവിച്ച പ്രതികാര ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ ശക്തമായ പ്രതിഷേധ സമരം നടത്തി. സി-ഡിറ്റ് ഡയറക്ടറെ കണ്ട് സംസാരിച്ച ജീവനക്കാരോട് പ്രസ്തുത ഓർഡർ മന്ത്രിയുമായി സംസാരിച്ചതിനുശേഷം പിൻവലിക്കാമെന്ന് ഉറപ്പ് നൽകുകയായിരുന്നു. അതിനുശേഷം വാക്ക് പാലിക്കാതെ കോൺഗ്രസ്സ് യൂണിയൻ നേതാക്കളോടൊപ്പം ഡയറക്ടർ രാഷ്ട്രീയം കളിക്കുകയാണ് ചെയ്തത്. തുടർന്നുള്ള ദിവസങ്ങളിൽ ജീവനക്കാർ ശക്തമായ പ്രതിരോധ സമരം സംഘടിപ്പിക്കുകയും ജീവനക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ അംഗീകരിക്കുക വരെയും ട്രാൻസ്ഫർ ചെയ്തവരെ തിരിച്ചുകൊണ്ടുവരുന്നതുവരെയും അനിശ്ചിതമായ നിരാഹാരസമരം ചെയ്യുന്നതിന് സി.ഇ.എ. തീരുമാനിക്കുകയുണ്ടായി. തുടർന്ന് സ്ഥാപനത്തിൽ നടന്നുകൊണ്ടിരിക്കുന്ന ദുർഭരണത്തിനെതിരെ ജീവനക്കാരുടെ പൊതുയോഗം വിളിച്ചു ചേർത്തു. ഡെപ്യൂട്ടി ഡയറക്ടറന്മാർ മുതൽ എല്ലാവിഭാഗം ജീവനക്കാരും യോഗത്തിൽ പങ്കെടുത്തു.

ജീവനക്കാരുടെ യോഗം സ. കടകംപള്ളി സുരേന്ദ്രൻ ഉത്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡയറക്ടർ, ജി. ജയരാജ്, കെ.മോഹൻകുമാർ, സ. സജിനാരായണൻ, വിവിധ വകുപ്പ് മേധാവികൾ എന്നിവർ സംസാരിച്ചു. സ. ബിജു. എസ്.പി., സ. റ്റി.പി. സുധാകരൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. സി-ഡിറ്റിന്റെ നിലവിലുള്ള സ്ഥിതി സി.ഇ.എ ജനറൽ സെക്രട്ടറിയും പ്രസിഡന്റും വിശദമായി വിവരിക്കുകയും ശക്തമായ സമരപ്രക്ഷോഭവുമായി മുന്നോട്ട് പോകാൻ ജീവനക്കാരുടെ പൊതുയോഗം തീരുമാനിക്കുകയുമുണ്ടായി.





നിലീന പി
റിപ്പോർട്ടർ
സി-ഡിററ്

# ROAD TO **FOREST**

**യാഥാർത്ഥ്യത്തിൽ നിന്ന് മിഥ്യയിലേയ്ക്കുള്ള വഴി**

**അഥവാ റോഡ് ടു ഫോറസ്റ്റ്**

....He holds me in his arms
Drunk and I am seeing stars
This all I think of
Watching all our friends fall.....

Lana Dell Ray
Song : Video ames
Album: Born 2 Die

**അ**മേരിക്കൻ സംഗീതജ്ഞനായ ലന ഡെൽ റേ എന്ന എലിസബത്ത് ഗ്രാന്റിന്റെ വീഡിയോ ഗെയിംസ് എന്ന ഗാനം ജീവിതത്തെയും വീഡിയോ ഗെയിമുകളെയും ബന്ധിപ്പിക്കുന്നതാണ്. വീഡിയോ ഗെയിമുകളും ജീവിതത്തിലെ സംഭവങ്ങളും തമ്മിലുള്ള സമാനതകളാണ് ഈ ഗാനം. അണുകുടുംബങ്ങളിലെ കുട്ടികളുടെ ജീവിതത്തിൽ വീഡിയോ ഗെയിമുകൾ ചെലുത്തുന്ന സ്വാധീനം പാശ്ചാത്യ, വികസിത രാജ്യങ്ങൾ ഏറെക്കാലം മുമ്പുതന്നെ ചർച്ച ചെയ്തു തുടങ്ങിയിരുന്നു. ആ ചർച്ച ഇപ്പോൾ കേരളത്തിലെ പല കുഗ്രാമങ്ങളിലെയും ചായക്കടകൾ വരെ എത്തി നിൽക്കുന്നു. കുട്ടികൾക്കിടയിൽ അത്രമാത്രം സ്വാധീനമാണ് വീഡിയോ ഗെയിമുകൾക്കിന്നുള്ളത്. എന്നാൽ കേവലമൊരു സ്വാധീനത്തെക്കാളുപരി അവരുടെ ജീവിതത്തിലേക്ക് വീഡിയോ ഗെയിമുകൾ കടന്നാക്രമണമല്ലേ നടത്തുന്നത്? കളിയിടങ്ങൾ തേടി ചെല്ലുന്ന കുട്ടികളിലെ സ്വാഭാവിക പരിണാമങ്ങളെ മറികടന്ന് വീഡിയോ ഗെയിമുകൾ അവരെ തേടി ചെല്ലുന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. മാതാപിതാക്കൾ പണമുണ്ടാക്കാൻ മാത്രം തത്രപ്പെടുന്ന തിരക്കേറിയ യന്ത്രങ്ങളായി തീരുമ്പോൾ ഫ്ളാറ്റുകളിൽ ഒറ്റപ്പെടുന്ന കുട്ടികളെ തേടി അവയെത്തുന്നു. ഈ കുട്ടികളിൽ ഒരു പ്രത്യേക മാനസിക അവസ്ഥയാണ് രൂപപ്പെടുന്നത്. യാഥാർത്ഥ്യത്തിൽ നിന്ന് ഏറെ അകന്നുള്ള മിഥ്യാ ലോകം. ഇവിടെ വീഡിയോ ഗെയിമുകളാണ് യഥാർത്ഥ്യ ലോകമെന്ന് കുട്ടികൾ തെറ്റിദ്ധരിക്കുന്നു. വീഡിയോ ഗെയിമിലെ കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന അത്യാധുനിക ആയുധങ്ങളും വാഹനങ്ങളും അവരും ഉപയോഗിക്കാനാഗ്രഹിക്കുന്നു, അവയെക്കുറിച്ച് മനസ്സിലാക്കിവയ്ക്കുന്നു. അനുകൂല സാഹചര്യങ്ങളിൽ ഈ കഥാപാത്രങ്ങളിലൂടെ ഇടപെട്ട് വീഡിയോ ഗെയിമുകൾ കുട്ടികളുടെ ജീവിതത്തിലേക്ക് കടന്നാക്രമണം നടത്തുന്നു.

ഇത്തരത്തിലുള്ള കടന്നാക്രമണങ്ങൾ സൃഷ്ടിക്കുന്ന ഭീകരതയാണ് സപ്നേഷ് വരച്ചൽ എഴുതി സംവിധാനം ചെയ്ത റോഡ് ടു ഫോറസ്റ്റ് എന്ന ഹൃസ്വചിത്രം നമുക്ക് മുന്നിൽ തുറന്നു കാട്ടുന്നത്. ഗൗതം സ്കൂളിൽ നിന്ന് പുറത്താകുന്നിടത്താണ് ഇരുപത്തിമൂന്നു മിനിറ്റ് ദൈർഘ്യമുള്ള ചിത്രം ആരംഭിക്കുന്നത്. സഹപാഠിയെ കുത്തിപ്പരിക്കേൽപ്പിച്ചതിനെ തുടർന്നാണ് സ്കൂൾ അധികൃതർ അവനെ പുറത്താക്കിയത്. വീഡിയോ ഗെയിമിനോട് അടിമപ്പെട്ട അവന്റെ ജീവിതം സിനിമയുടെ തുടക്കത്തിൽ തന്നെ പ്രേക്ഷകർക്ക് വ്യക്തമാക്കുന്നുണ്ട്. എന്തുകൊണ്ട് അവൻ അതിനടിമപ്പെട്ടു എന്ന ചോദ്യത്തിനുള്ള ഉത്തരം ദൃശ്യങ്ങൾക്കിടയിൽ നിന്നും വായിച്ചെടുക്കാം. ഗൗതമിന്റെ മാതാപിതാക്കൾ തേടാത്തതും ആ ചോദ്യത്തിനുള്ള ഉത്തരമാണ്. അവർ ചിന്തിക്കുന്നത് അവനെ വീട്ടിൽ നിന്നും അകറ്റി നിർത്തിയാൽ അവൻ നന്നാകുമെന്നാണ്. അതിനാൽ അവർ അവനെ ബാംഗ്ലൂരിലേക്ക് കൊണ്ടു പോകാൻ തീരുമാനിക്കുന്നു. എന്നാൽ ബിസിനസുകാരായ അവന്റെ അച്ഛനും ഐ ടി വിദഗ്ധയായ അമ്മയും അവനെ അകറ്റി നിർത്താൻ ശ്രമിക്കുന്നതിന് പിന്നിൽ അവരുടേതായ നിഗൂഢ ലക്ഷ്യങ്ങളുണ്ട്. അവന്റെ കടുത്ത എതിർപ്പിനെ അവഗണിച്ച് കൊണ്ട് അവർ തീരുമാനത്തിലുറച്ചു നിൽക്കുന്നതും അതിനാലായിരിക്കും. ഒരു പക്ഷേ അവർ യോജിച്ചെടുത്ത ഒരേയൊരു തീരുമാനവും അതാണെന്ന് പ്രേക്ഷകർക്ക് തോന്നിപ്പോകും.

സമ്മതമില്ലാതെയുള്ള ബാംഗ്ലൂർ യാത്രയ്ക്കിടെ ഗൗതമും പ്രേക്ഷകരും അവന്റെ മാതാപിതാക്കളുടെ രഹസ്യപ്രണയങ്ങൾ മനസ്സിലാക്കുന്നുണ്ട്. അച്ഛൻ കാർ നിർത്തി കാമുകിയുമായി ഫോണിൽ സംസാരിക്കുന്നതിനും അമ്മ കാമുകന് ഫോണിലൂടെ സന്ദേശമയയ്ക്കുന്നതിനും ഇടയിൽ ലഭിച്ച അവസരം ഗൗതം ഉപയോഗിക്കുന്നു. കാറിൽ നിന്നിറങ്ങിയ അവൻ മുന്നിൽ കണ്ട വനത്തിലേക്ക് കുതിച്ചു. പിന്നാലെ മാതാപിതാക്കളും. കാടാകുന്ന സ്വാതന്ത്ര്യത്തിലേയ്ക്ക് എത്തിയ അവൻ അവിടെ ഒരു വേട്ടക്കാരനെ കണ്ടുമുട്ടുന്നു. അയാളുടെ കയ്യിലെ തോക്കിൽ ആകൃഷ്ടനായ അവൻ അയാളോട് തോക്കുകളെക്കുറിച്ച് സംസാരിക്കുന്നു. തന്നെ അവഗണിച്ച് കടന്നുപോകാൻ ശ്രമിക്കുന്ന അയാളോട് തോക്ക് ആവശ്യപ്പെടുന്ന അവൻ അത് ലഭിക്കാതെ വരുമ്പോൾ തട്ടിപ്പറിക്കുകയും വേട്ടക്കാരനെ തള്ളിത്താഴെയിടുകയും ചെയ്യുന്നു. അയാൾ പ്രത്യാക്രമണത്തിന് മുതിരുന്നത് മനസ്സിലാക്കിയ ഗൗതമിന്റെ ഉപബോധ മനസ്സിലെ സാങ്കൽപിക കഥാപാത്രങ്ങൾ



യാഥാർത്ഥ്യ ലോകത്തിലേക്ക് പ്രവേശിച്ചു. തോക്കിന്റെ പാത്തികൊണ്ട് അടിച്ചു കൊന്ന അയാളെ സമീപത്തെ കുളത്തിലെറിയുന്നു. ഇതിന് സാക്ഷിയായി അധികം ദൂരത്തല്ലാതെ നിന്നിരുന്ന വേട്ടക്കാരന്റെ മകളെ അതേ തോക്ക് കൊണ്ട് വെടിവെച്ച് കൊല്ലുന്ന അവന്റെ മനസ്സിൽ തെളിയുന്നത് വീഡിയോ ഗെയിമുകളിൽ ശത്രുവിനെ അടയാളപ്പെടുത്തുന്ന ഇമേജുകളാണ്. സാക്ഷി അതാരായാലും ശത്രുവാണെന്ന സാമാന്യ ക്രിമിനൽ ബോധമാണ് ആ കുട്ടിക്കുറ്റവാളിയിൽ പ്രകടമാകുന്നത്. ഇതു കണ്ടുകൊണ്ടെത്തുന്ന അവന്റെ അച്ഛൻ തോക്ക് വലിച്ചെറിഞ്ഞ് അവനെ കൂട്ടിക്കൊണ്ട് പോകാൻ ശ്രമിക്കുന്നു. എന്നാൽ അയാളിൽ നിന്നും കുതറിമാറിയ അവൻ തോക്കിലെ ഫിംഗർ പ്രിന്റ് പച്ചിലകൾകൊണ്ട് തുടച്ച ശേഷമാണ് തിരിച്ചെത്തുന്നത്. അവനിലെ കുറ്റവാളിയെ ഞെട്ടലോടെ തിരിച്ചറിയുന്ന അയാൾ അവനെ തിരികെ കാറിലെത്തിക്കുന്നു.

അവന്റെ മാനസികാവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവിൽ ബാംഗ്ലൂർ യാത്ര വേണ്ടെന്ന് വയ്ക്കാനാണ് അച്ഛൻ തീരുമാനിച്ചത്. എന്നാൽ കാട്ടിൽ നടന്നതൊന്നും തിരിച്ചറിയാത്ത അമ്മ ബാംഗ്ലൂർ യാത്ര മാറ്റിവെയ്ക്കേണ്ടതില്ലെന്നാണ് അഭിപ്രായപ്പെടുന്നുണ്ട്. അച്ഛനെ വീണ്ടും ഞെട്ടിപ്പിച്ചു കൊണ്ട് ഇത്തവണ അവൻ പറയുന്നു, 'നമുക്ക് ബാംഗ്ലൂർക്ക് തന്നെ പോകാം ഡാഡി'. ആപ്പിൾ മുറിക്കാനുപയോഗിക്കുന്ന കത്തിയിലേക്ക് നോക്കി അവൻ പറയുന്നതിനെ അയാൾ ഭയത്തോടെയാണ് കേൾക്കുന്നത്. തന്നെയും കൊല്ലാനുള്ള ധൈര്യം അവനുണ്ടെന്ന് അയാൾ തിരിച്ചറിയുന്നു. എന്നാൽ അവന്റേത് ഒരു സ്വാതന്ത്ര്യ പ്രഖ്യാപനമാണ്. തിരസ്കൃത ബാല്യത്തിൽ നിന്നുള്ള തന്റെ യാത്രയിൽ ഇനി ആരുടെയും വിലക്കുകളെ നേരിടേണ്ടതില്ല എന്ന പ്രഖ്യാപനം. ഗൂഢമായ മാനസിക തലങ്ങളിലൂടെ സഞ്ചരിക്കുന്ന ഈ ഹൃസ്വചിത്രം യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാതെയാണ് നമ്മുടെ സമൂഹം കുട്ടികളെ പരിഗണിക്കുന്നത് എന്ന സത്യം തുറന്നുകാട്ടുന്നു.

ഗുരുതരമായ ഒരു സാമൂഹിക വിഷയം കൈകാര്യം ചെയ്തു കൊണ്ട് സിനിമയെന്ന മാധ്യമത്തിലെ കർത്തവ്യം നിർവഹിക്കാൻ സപ്നേഷിന് സാധിച്ചിട്ടുണ്ടെന്ന് തന്നെ പറയാം. സി-ഡിറ്റിൽ പ്രോഗ്രാം പ്രൊഡ്യൂസറായ സപ്നേഷിന്റെ ആദ്യ ഹൃസ്വ ചിത്രമായ റോഡ് ടു ഫോറസ്റ്റ് വിബ്ജിയോർ, ഇന്തോ - റഷ്യൻ ഫിലിം ഫെസ്റ്റിവൽ, സ്പ്രിംഗ് യൂത്ത് ഫിംലിം ഫെസ്റ്റിവൽ, സ്ക്രിപ്റ്റ് ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, കോണ്ടാക്ട് ഷോർട് ഫിലിം ഫെസ്റ്റിവൽ തുടങ്ങിയ ചലച്ചിത്ര മേളകളിൽ മത്സര വിഭാഗത്തിൽ പ്രദർശന യോഗ്യത നേടിയിട്ടുണ്ട്. നിർമ്മലഗിരി കോളേജ് നടത്തിയ ഹൃസ്വ ചലച്ചിത്ര മേളയിൽ ഈ ചിത്രമാണ് മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടത്.

സി-ഡിറ്റിലെ ജീവനക്കാരായ കാർത്തിക് കളറിംഗും സുകുമാരൻ കലാസംവിധാനവും കൈകാര്യം ചെയ്തിരിക്കുന്നു. സിനിലാൽ (മേക്ക് അപ്), ശങ്കർദാസ് (ആഡിയോഗ്രഫി), അശ്വിൻ ജോൺസൺ (മ്യൂസിക്), ഷാലു എ ജബ്ബാർ (ഗ്രാഫിക്സ്), ശോഭിൻ കെ ജോൺസൺ (എഡിറ്റിംഗ്), പ്രശാന്ത് കൃഷ്ണ (ഡി.ഒ.പി), സിംപിൾ വി. തോമസ് (പ്രൊഡ്യൂസർ) എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ.

അമേരിക്ക ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ സ്കൂളുകളിൽ നടക്കുന്ന വെടിവെയ്പ്പിന്റെ വാർത്തകളാണ് ഇന്ന് നമുക്ക് മുന്നിലെത്തുന്നത്. വെടിവയ്പ്പ് നടത്തുന്ന വിദ്യാർത്ഥികളുടെ മാനസിക നില പരിശോധിക്കുമ്പോൾ ഈ ഹൃസ്വചിത്രത്തിന്റെ പ്രസക്തിയെന്താണെന്ന് നമുക്ക് വ്യക്തമാകും.

Poem



പ്രേംസുജ ബി
കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷൻ

# നടതള്ളൽ

ഇനിയും വരാപ്പക്ഷിയാം മകനെ കാത്തൊരമ്മ -
യതാ അരയാലിൻ ചോട്ടിൽ തളർന്നിരിപ്പൂ -
നിറയും മിഴികൾ നേര്യതിൻ തുമ്പിനാൽ
തുടച്ചും കൊണ്ടകലെയാ നിഴലാട്ടം കാക്കുന്നു.
അമ്പലച്ചോറിൽ പശിപകുക്കും സമാനരിൽ ചിലർ
അരികത്തായ് ചാഞ്ഞും ചരിഞ്ഞും കിടപ്പൂ
പലരും വരുന്നു പോകുന്നു, കാൺമതില്ല
എന്നുണ്ണിയെ മാത്രം കാണുവാനില്ലല്ലോ
ആഹാരം വാങ്ങിയെത്തിടാം ക്ഷണനേരം
അതുവരെയമ്മ വിശ്രമിച്ചീടണം പോൽ
പകലന്തി പലതു പിന്നിട്ടുവല്ലോ എവിടെ?
എന്നുണ്ണീ നീ അമ്മയെ മറന്നുവോ?
ഗതകാലസ്മരണകൾ മനസ്സിലോടിയെത്തുന്നു.
പൊന്നുമോൻ പിറന്നതും പിച്ചവച്ചതും
പള്ളിക്കൂടപ്പടികളോരോന്നായ് കയറിയതും
വിശന്നും തളർന്നും ഉറക്കമില്ലാ രാവിലും
നീ കൊഞ്ചിപ്പറഞ്ഞു വലുതാവട്ടെ എന്നമ്മ-
യ്ക്കു ഞാനേകിടും പൊന്നും പട്ടും പായസവും
ജീവിത പ്രാരബ്ദമേകയായ് പേറുമ്പോളന്ന്
ജീവിക്കാൻ ചോദന നീമാത്രമായിരുന്നു.
സ്നേഹമുള്ളവൻ, നന്മയുള്ളൊരുമകൻ
ആരോ ചൊല്ലി സൽപ്പുത്രയോഗം സൗഭാഗ്യമല്ലെ-
കാലമതിവേഗം കടന്നുപോയ് വാർദ്ധക്യമായ്
കാലിന്നു നീരും ഒടുങ്ങാത്ത ചുമയും വലിവും
വയ്യായ്കയേറി കൈത്താങ്ങും വേണമെന്നായ്
അമ്പലമണിയൊച്ച മുഴങ്ങുന്നു
ശീവേലികഴിഞ്ഞ് നടയടയ്ക്കും ഭഗവതി-
യമ്പലം വൈകാതെയിരുട്ടിൽ മുങ്ങിടും
പതിവുപോലെയാരെയോ തിരഞ്ഞു മടുത്തു
ചുറ്റുമുള്ളോരെല്ലാം ഉറക്കം പിടിച്ചുവോ
മാനത്ത് കർക്കിടകക്കാറിരുണ്ടു കൂടുന്നു
മഴകാണും ഉണ്ണിയെവിടെയോ ആവോ
ഒരു വേള പുലരിയിലവനെത്തിടും
നിർമ്മാല്യം തൊഴുതു മടങ്ങിടും
കേവലം തിരസ്ക്കാര കഥയറിയാതെയാ അമ്മ
കണ്ണീരൊപ്പി അരയാലിൻ ചോട്ടിൽ ചുരുണ്ടുകൂടി.





# DICTIONARY of Questions

S. Ananthakrishnan

Why answer the questions already known
where is the beauty in a question unasked
who shows you the path not taken
when can I hear the chirps of life again
what are the beauties of the night
How do we find the beauty in our own

Why do you see a different truth
where are your memories of the truth hidden
who can accept a two sided truth
when can you catch the slippery tail of truth
what is the poem of reality
how is it known that love is the only known reality

Why cant a smile be the reason for peace
Where is the source of a peaceful emotion
Who alone or else can find you solitude
When must we join hands and when must we not
What helps us find hope when we stop looking
How is it that peace never stays for supper

Why does the man answer death in the end
Where is the courage to feel the pain
Who can truly escape the human nature
When?
What are the uncertainties of the concept death
How are the words last and lost connected

Why is there a special who for love
Where is the end to love
Who doesn't need love
when we breathe in and out, lust and love
What is it that we truly own
How is it hard to fall in love with a new beginning



# അമ്മമരം



**രാജേശ്വരി ആർ**
സി-ഡിറ്റ്



പ്രകൃതിദേവി കനിഞ്ഞു നൽകിയ വരദാനങ്ങളിൽ പ്രധാന സ്ഥാനം വഹിക്കുന്നവയിൽഒന്നാണ് മരങ്ങൾ. ഈ പ്രപഞ്ചം എങ്ങും ഹരിതവൃക്ഷങ്ങളാൽ ആവരണം ചെയ്യപ്പെട്ടു കിടക്കുന്ന പ്രകൃതിയെയാണ് സുന്ദരിയായി കവികൾ വാഴ്ത്തുന്നത്. മരങ്ങളിൽ നിന്നും നമുക്ക് ശുദ്ധവായുവും ഔഷധങ്ങളും തണലും ഫലങ്ങളും ഒക്കെ കിട്ടുന്നു... മഴപെയ്യാനുള്ള ഒരു കാരണവും മരങ്ങൾ തന്നെയാണ്. മരങ്ങൾ പുറത്തു വിടുന്ന ഓക്സിജൻ നീരാവിയായി മാറുമ്പോഴാണത്രെ മഴയുണ്ടാകുന്നത്. നമ്മുടെ ഏറ്റവും വലിയ സമ്പത്താണ് വനങ്ങൾ. നാട്ടിൽ പലതരത്തിലും രൂപത്തിലും ഭാവത്തിലും ഉള്ള ജനങ്ങളെന്നപോലെയാണ് വനങ്ങളിൽ മരങ്ങൾ. പല തരത്തിലുള്ള വൃക്ഷങ്ങളേയും പല ഇനത്തിലുള്ള വൃക്ഷങ്ങളേയും ഒക്കെ നമുക്ക് കാണാൻ സാധിക്കും. അവയ്ക്ക് മനുഷ്യരെപ്പോലെ സഞ്ചാരസ്വാതന്ത്ര്യം ഇല്ലെന്നു മാത്രം, ബാക്കിയെല്ലാ കാര്യങ്ങളും മറ്റുജീവജാലങ്ങളെ പോലെതന്നെയാണ്. മരങ്ങൾ തമ്മിൽ ആശയവിനിമയം നടത്തുകയും പ്രണയിക്കുകയും പരാഗം നടത്തുകയും അവരുടെ വംശം നിലനിർത്തുകയും ഒക്കെ ചെയ്യുന്നു. മരങ്ങൾ മനുഷ്യരെപ്പോലെ സംഗീതം ആസ്വദിക്കുന്നവരാണ്... മരങ്ങളോട് നമ്മൾ സംസാരിക്കുകയാണെങ്കിൽ അതിനു മനസ്സിലാകും എന്നാണ് പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ളത്. പണ്ട് മാർത്താണ്ഡവർമ്മ മഹാരാജാവിനെ ശത്രുക്കൾ ആക്രമിക്കാൻ വന്നപ്പോൾ അദ്ദേഹം ശത്രുക്കളിൽനിന്നും രക്ഷനേടാൻ അന്ന് അവിടെ കണ്ട ഒരു മരപൊത്തിൽ കയറി ഒളിച്ചിരുന്നു. ശത്രുക്കൾ പോയശേഷം അദ്ദേഹം പുറത്തിറങ്ങി... ഒരു അമ്മയെപ്പോലെ ശത്രുക്കളിൽനിന്നും തന്റെ ജീവൻ രക്ഷിച്ച ആ മരത്തിനെ അദ്ദേഹം 'അമ്മച്ചിപ്ലാവ്' എന്നുവിളിച്ചു.

പക്ഷികൾ മരച്ചിലകളിൽ കൂടുകൂട്ടി, മുട്ടയിട്ട്, കുഞ്ഞുങ്ങളെ വിരിയിച്ച്, അവരെ പരിപാലിച്ചു വളർത്തുന്നതും അന്തിഉറങ്ങാൻ നേരമാകുമ്പോൾ ചേക്കേറുന്നതും ഒക്കെ മരച്ചില്ലകളിലാണ്. അവരുടെ വീടും നാടും നഗരവും എല്ലാം മരച്ചില്ലകൾതന്നെയാണ്. മരങ്ങൾ തന്റെ ചില്ലകളിൽ ഉണ്ടാകുന്ന കായ്കനികൾ ഒരമ്മ തന്റെകുഞ്ഞുങ്ങൾക്ക് വാൽസല്യത്തോടും സ്നേഹത്തോടുംകൂടി മാമൂട്ടുന്നപോലെയാണെന്ന് തോന്നിപ്പോകും, പക്ഷികൾ ആ ഫലങ്ങൾ ഭക്ഷിക്കുന്നതു കാണുമ്പോൾ... പക്ഷികളെ മാത്രമല്ല ആ അമ്മ പരിപാലിക്കുന്നത്, മനുഷ്യരെയും മറ്റു ജീവജാലങ്ങളേയും എന്തിനേറെ ഈ പ്രപഞ്ചം മൊത്തത്തിലും നിരന്തരം ഒരു വിശ്രമവുമില്ലാതെ പരിപാലിച്ചുകൊണ്ടേയിരിക്കുന്നു. ഒരമ്മയുടെ കണ്ണിൽ തന്റെ കുഞ്ഞുങ്ങളെല്ലാം സമന്മാരാണെന്ന് പറയുന്നതു പോലെ, മരങ്ങൾക്ക് പക്ഷികളെന്നോ, മനുഷ്യരെന്നോ മറ്റു ജീവജാലങ്ങളെന്നോ ഉള്ള വേർതിരിവില്ല. എല്ലാവരെയും ഒരുപോലെ വാൽസല്യത്തോടെ പരിപാലിക്കുന്നു. അങ്ങനെ എത്ര എത്ര കാര്യങ്ങളാണ് നമുക്കുവേണ്ടി മരങ്ങൾ ചെയ്തുതരുന്നത്, എന്നിട്ടും മനുഷ്യർ മരങ്ങളോട് എന്തിനീ ക്രൂരതകാട്ടുന്നു... അവർക്കു നേരെ എന്തിനു മഴുവെറിയുന്നു... സ്വന്തം അമ്മയുടെ നേരെ മഴുവെറിയുന്നതിനു തുല്യമല്ലേ ഈ ക്രൂരത... നഗരങ്ങളിൽ ഇപ്പോൾ മരങ്ങൾ വളരെ അപൂർവ്വമായെ കാണാൻ സാധിക്കുന്നുള്ളൂ. പക്ഷികൾ നഗരങ്ങളിലെ വഴിയോരത്തു നിൽക്കുന്ന സ്ട്രീറ്റ്ലൈറ്റുകളുടെ സ്തൂപങ്ങളിൽ കൂടുകൂട്ടിയിരിക്കുന്നതു കാണാം.അവർ മരച്ചിലകളിൽ കൂടുകൂട്ടാൻ പോലും മറന്നുപോയിരിക്കുന്നു. തിരുവനന്തപുരത്ത് പാളയം ബസ്സ്സ്റ്റാന്റിൽ അതായത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ മതിലിനോട്ചേർന്ന് നിൽക്കുന്ന ഒരു കുഞ്ഞുമരം. ബസ്സ്കാത്തു നിൽക്കുന്ന ആളുകൾ പൊള്ളുന്ന വെയിലിൽ നിന്നും കോരിച്ചൊരിയുന്ന മഴയിൽ നിന്നും ഒക്കെ രക്ഷനേടാൻ ആ മരച്ചോട്ടിൽപോയി നിൽക്കുന്നതുകാണാം. ആ മരമാകട്ടെ ഒരമ്മപ്പക്ഷി ചിറകിനുള്ളിൽ തന്റെ കുഞ്ഞുങ്ങളെ ഒതുക്കി നിർത്തിയിരിക്കുന്നതുപോലെയാണ് എന്ന് തോന്നിപോകും, ആളുകൾ ആ മരച്ചോട്ടിൽ ഒതുങ്ങി നിൽക്കുന്നതു കാണുമ്പോൾ... തന്റെ ചിറകിനുള്ളിൽ തന്റെ കുഞ്ഞുങ്ങൾ സുരക്ഷിതരാണെന്ന തോന്നൽ ഒരമ്മയിൽ ഉണ്ടാകുന്ന ആനന്ദം ആ മരത്തിലും കാണാൻ സാധിക്കും. അത്രയ്ക്ക് സന്തോഷത്തോടെ ആടിയുലഞ്ഞു സന്തോഷവതിയായി നിൽക്കുന്നതുകാണാം ആ അമ്മ മരം. ആ മരം കാണുമ്പോൾ എനിക്ക് എന്റെ അമ്മയെയാണ് ഓർമ്മ വരുന്നത്. മരങ്ങളെ അമ്മയായിക്കണ്ട് മുറിക്കാതിരിക്കുക. മരങ്ങളെസ്നേഹിക്കുകയും നമ്മുടെ കുഞ്ഞുങ്ങളെക്കൊണ്ട് മരങ്ങളെ സ്നേഹിക്കാനും പഠിപ്പിക്കുക.. ഒരു മരം കാലപഴക്കം ചെന്നുമുറിക്കേണ്ടി വന്നാൽ ആ സ്ഥാനത്ത് പുതിയ ഒരു മരം വച്ചുപിടിപ്പിക്കുക. മരങ്ങളുടെ മഹത്വം മനസ്സിലാക്കുക...



**മനുലാൽ**
ഒ.ഐ.പി. സി-ഡിറ്റ്



# ആധുനിക ഭൗതികത്തിന് നിറം പകർന്ന നൂറ്റാണ്ട്

ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ അപാരതകളിലേയ്ക്ക് മനുഷ്യനെ നയിച്ച നൂറ്റാണ്ടാണ് കഴിഞ്ഞുപോയ നൂറ്റാണ്ട്. ശാസ്ത്രനേട്ടങ്ങൾ മനുഷ്യ ജിജ്ഞാസകളുടെ ഉൽപന്നങ്ങളായിരുന്നെങ്കിൽ സാങ്കേതിക വിദ്യകൾ മനുഷ്യന്റെ അനിവാര്യതകളിൽ നിന്നും ഉടലെടുത്തവയാണ്. വർത്തമാന കാലത്തിന്റെ വിവര - വിജ്ഞാന യുഗത്തെയും വരാനിരിക്കുന്ന നാനോയുഗത്തെയും സാദ്ധ്യമാക്കിയത് കഴിഞ്ഞ നൂറ്റാണ്ടിന്റെ ശാസ്ത്രയുക്തികളാണ്. മനുഷ്യജീവിതവുമായി ഏറെ ബന്ധപ്പെട്ട ഒന്നാണ് ഭൗതിക ശാസ്ത്രം എന്നതു കൊണ്ട് തന്നെ ആ ശാസ്ത്ര ശാഖയ്ക്ക് കഴിഞ്ഞ നൂറ്റാണ്ടിൽ ഉണ്ടായ മാറ്റങ്ങൾ പരിശോധനാർഹമായവയാണ്.

16-ാം നൂറ്റാണ്ടിൽ ഗലീലിയോ തുടങ്ങിവച്ച ശാസ്ത്ര വിപ്ലവം, ന്യൂട്ടന്റെ, ബലതന്ത്ര സിദ്ധാന്തങ്ങളിലൂടെയും ബോയിൽസ്, ക്ലോഷിയസ്, ജൂൾസ്, ബോൾസ്മാൻ തുടങ്ങിയവരിലൂടെ താപഗതികവും, മൈക്കൾഫാരഡെയും, ജെയിംസ് മാക് വെല്ലും രൂപപ്പെടുത്തിയ - വിദ്യുത് കാന്തിക സിദ്ധാന്തങ്ങളും 17, 18 നൂറ്റാണ്ടുകളിൽ ഗണ്യമായ രീതിയിൽ വളർച്ചനേടി. ന്യൂട്ടന്റെ ബലതന്ത്രത്തിനെ 18-ാം നൂറ്റാണ്ടിൽ ലെഗ്രാഞ്ജും 19-ാം നൂറ്റാണ്ടിൽ ഹാമിൽട്ടണും കൂടുതൽ അരക്കിട്ടുറപ്പിച്ചു. അതേ കാലയളവിൽ തന്നെ ജെയിംസ് ഓം വൈദ്യുതിയുടെ പ്രവാഹത്തെ നിർണയിക്കുന്ന നിയമങ്ങൾക്ക് രൂപം നൽകി.

ഈ ശാസ്ത്രയുക്തികളെ അവലംബിച്ച് യൂറോപ്പിൽ വ്യവസായിക - സാമൂഹ്യ മേഖലയിൽ വൻമാറ്റങ്ങൾ രൂപപ്പെട്ടു. താപഗതികം ആന്തര ദഹന യന്ത്രങ്ങളേയും, വിദ്യുത്കാന്തിക സിദ്ധാന്തങ്ങൾ വിവരവിനിമയത്തിലും, വൈദ്യുതിയുടെ ഉപയോഗം രാസപ്രവർത്തനങ്ങളിലും വൻസ്വാധീനം ചെലുത്തി. ഇതിന്റെ ഫലമായി, മോട്ടോർവാഹന വ്യവസായങ്ങളും, രാസ-ലോഹ വ്യവസായങ്ങളും വൻ തോതിൽ രൂപം കൊണ്ടു. അത് യൂറോപ്യൻ മേഖലയുടെ സാമ്പത്തികമായ അഭിവൃദ്ധിക്കും ലോകത്തിലെ മറ്റുമേഖലകളിൽ

യൂറോപ്പിന്റെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനും സഹായകമായി. 16-ാം നൂറ്റാണ്ടു മുതൽ 19-ാം നൂറ്റാണ്ടുവരെ യൂറോപ്പിൽ ശാസ്ത്രം വൻകുതിപ്പു നേടിയപ്പോൾ അത് രാഷ്ട്രീയ മണ്ഡലത്തിൽ യൂറോപ്യൻ അധിനിവേശത്തിന് വഴിതെളിച്ചു. വേഗം കൂടിയ യാത്രോപാധികളിലൂടെയും ആശയവിനിമയ സംവിധാനങ്ങൾ വഴിയും യുദ്ധ സാങ്കേതികതയിലെ മികവും ഒക്കെ ചേർന്ന് യൂറോപ്പ് ലോകത്തെ കീഴടക്കുന്നതാണ് പിന്നീട് നാം കണ്ടത്. ആത്യന്തികമായി വിഭവങ്ങൾക്കും വിപണിക്കുംവേണ്ടിയുള്ള പോരാട്ടം യൂറോപ്യൻ ശക്തികളുടെ കിടമത്സരത്തിലേക്കും അതു വഴി സംഘർഷത്തിലേയ്ക്കും നയിച്ചു.

എന്നാൽ 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിന്റെ മദ്ധ്യത്തോടുകൂടി വില്യം റോൺജൻ എക്സ്-റേയും, ഹെന്റ്റിബെക്കറേൽ-റേഡിയോ ആക്ടീവതയും, ജെ. ജെ. തോംസൺ ഇലക്ട്രോൺ കണ്ടെത്തിയതും ക്ലാസിക്കൽ ഭൗതികത്തിന് കനത്ത വെല്ലുവിളി ഉയർത്തി. 1895, 1896, 1897 വർഷങ്ങളിലാണ് ഈ നേട്ടങ്ങൾ സാധ്യമായത്. ഇത്തരം ഭൗതിക പ്രശ്നങ്ങളെ നേരിടാൻ ക്ലാസിക്കൽ ഭൗതികത്തിനു കഴിഞ്ഞില്ല. മാത്രമല്ല, 1900 ൽ ജർമ്മൻ ഭൗതിക ശാസ്ത്രജ്ഞർ മാക്സ് പ്ലാങ്ക് ക്ലാസിക്കൽ ഭൗതികത്തിന്റെ യുക്തികൾക്ക് തിരശീലയിട്ട് ക്വാണ്ടം ഭൗതിക സിദ്ധാന്തങ്ങൾക്ക് തുടക്കമിട്ടു. ഭൗതിക ശാസ്ത്രത്തെ സംബന്ധിച്ച് അത് മൗലികമായ ഒരു മാറ്റമാണ് ഉണ്ടാക്കിയത്.


മാക്സ് പ്ലാങ്ക് തുടക്കമിട്ട ഈ ക്വാണ്ടം ഭൗതികത്തിന്റെ പാതയിൽ ഊന്നികൊണ്ടാണ് നീൽസ്ബോർ എന്ന ഡാനിഷ് ഭൗതിക ശാസ്ത്രകാരൻ ദ്രവ്യത്തിന്റെ മൗലിക കണരൂപങ്ങൾക്ക്, ആറ്റങ്ങൾക്ക് 19-ാം നൂറ്റാണ്ടിലെ കാഴ്ചപ്പാടുകളിൽ നിന്ന് വ്യത്യസ്തമായ ചിത്ര സമാനമായ വിശദീകരണം നൽകിയത്. ഏറെക്കുറെ ആറ്റത്തിന്റെ സ്വഭാവത്തെ വിശദീകരിക്കുന്നതിൽ അത് വിജയിക്കുകയും ചെയ്തു. പിന്നീട് വിഖ്യാതനായ ആൽബർട്ട് ഐൻസ്റ്റെൻ ഫോട്ടോ - ഇലക്ട്രിക് സ്വഭാവം വിശദീകരിച്ചതും പ്ലാങ്കിന്റെ ക്വാണ്ടം സിദ്ധാന്തത്തെ കേന്ദ്രീകരിച്ചായിരുന്നു. പ്രകാശത്തിന്റെ ക്വാണ്ടം കണങ്ങൾക്ക് ഫോട്ടോൺ എന്ന വിശേഷണവും അദ്ദേഹം നൽകി. ഒരു കാലയളവിലെ മറ്റൊരു ചരിത്രനേട്ടം ഐൻസ്റ്റീന്റെ തന്നെ സവിശേഷ ആപേക്ഷികത സിദ്ധാന്തവും പൊതു ആപേക്ഷികതാ സിദ്ധാന്തവുമായിരുന്നു. 1916 ഓടുകൂടി അദ്ദേഹം ഇവ പൂർത്തീകരിച്ചിരുന്നു. വിഖ്യാതമായ $E = MC^2$ എന്ന ദ്രവ്യ ഊർജ്ജ സമീകരണം പൊതു ആപേക്ഷിക സിദ്ധാന്തത്തിന്റെ സംഭാവനയായിരുന്നു.

കാമർലിംഗ് ഓൺസ് എന്ന ഡച്ച് ഭൗതിക ശാസ്ത്രജ്ഞൻ വൈദ്യുതിയുടെ അതിചാലകത സ്വഭാവം കണ്ടെത്തിയത് ഇക്കാലത്തായിരുന്നു. വൈദ്യുതിയെ സംബന്ധിച്ച ഓം നിയമങ്ങൾക്ക് കടകവിരുദ്ധമായ ഒന്നായിരുന്നു ഇത്. അതിചാലകത പിന്നീട് ക്വാണ്ടം സിദ്ധാന്തങ്ങളുടെ പിൻബലത്തോടുകൂടിയാണ് വിശദീകരിക്കപ്പെട്ടത്. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം ക്വാണ്ടം ബലതന്ത്രത്തിന് പുതിയ അടിത്തറ നൽകികൊണ്ട് ആധുനിക ഭൗതികത്തെ സൃഷ്ടിക്കാൻ അതികായൻമാരായ ഒരു പറ്റം ഭൗതിക ശാസ്ത്രജ്ഞർക്ക് സാധിച്ചു. വ്യത്യസ്ഥമായ ധാരകളിലൂടെയാണ് ഇവർ സഞ്ചരിച്ചതെങ്കിലും ആത്യന്തികമായി അവർ ക്വണ്ടം ബലതന്ത്രത്തിന്റെ അടിസ്ഥാന ശിലകളെ സ്ഥാപിക്കുകയാണ് ഉണ്ടായത്. വെർണർ ഹൈസൻ ബർഗ്, ലൂയീസ് ഡി. ബ്രോഗ്ലി, ഇർവിൽ ഷ്രോഡിഞ്ചർ, പോൾ ഡിറാക്, വുൾഷ് ഗാങ്ങ് പോളി എന്നിവരായിരുന്നു അവർ. ക്ലാസിക്കൽ ഭൗതികത്തിന് ഉണ്ടായിരുന്ന നിർണയത്വ സ്വഭാവത്തെ മാറ്റി നിർത്തി ഭൗതിക നിയമങ്ങളെ സംഭവ്യതകളുടെ കൂടി അടിസ്ഥാനത്തിൽ രൂപപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിലാണ് ഹൈസൻ ബർഗ്ഗിന്റെ അനിശ്ചിതത്വ തത്വവും മെട്രിക്സ് ബലതന്ത്രവും, ലൂയിഡ് ഡ്രിബ്രോഗ്ലിയുടെ പദാർത്ഥങ്ങളെ സംബന്ധിച്ച ദ്വൈത സ്വഭാവവും, ഇർവിൽ ഷ്രോഡിഞ്ചറിന്റെ തരംഗ ബലതന്ത്രവും, പോളിയുടെ അപവർത്തന (ഒഴിവാക്കൽ) നിയമങ്ങളും, ഫെർമ്മി - ഡിറാകിന്റെ വിതരണ നിയമങ്ങളും രൂപം കൊണ്ടത്. ഇവയാണ് ആധുനിക ഭൗതികത്തിന്റെ അടിത്തറയായി തീർന്നത്. ഊർജ്ജത്തിന്റെ മൗലിക സ്വഭാവങ്ങളെ വിശദീകരിക്കുന്നതിൽ ഇവ നിർണായക പങ്കുവഹിച്ചു. തുടർന്നുവന്ന പതിറ്റാണ്ട് നിർണായകമായ രണ്ട് ശാസ്ത്രനേട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചു. അതിൽ ആദ്യത്തേത് നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജയിംസ് ചാഡ്വിക് ന്യൂട്രോൺ കണ്ടെത്തിയതും മറ്റൊന്ന് 1930 കളുടെ അവസാനം എന്റിക്കോ ഫെർമി പ്രേരിത അണുവിഘടന സാധ്യമാക്കിയതുമായിരുന്നു.

20-ാം നൂറ്റാണ്ടിന്റെ ആദ്യനാലു ദശാബ്ദങ്ങൾ ക്ലാസ്സിക്കൽ ഭൗതികത്തിന്റെ അടിത്തറകളെ പാടെ നിരാകരിച്ചെങ്കിലും അത് ക്ലാസ്സിക്കൽ ഭൗതികത്തിന്റെ സാങ്കേതിക വിദ്യകളെ മാറ്റി പ്രതിഷ്ഠിക്കുന്നതിൽ വിജയിച്ചിരുന്നില്ല.

ഒന്നാം ലോകയുദ്ധം കടന്നുപോയത് 19-ാം നൂറ്റാണ്ടിന്റെ സാങ്കേതികതയിൽ അധിഷ്ഠിതമായ യുദ്ധോപകരണങ്ങളിലൂടെയാണ്. ഈ യുദ്ധത്തെ നിയന്ത്രിച്ച യുദ്ധോപകരണങ്ങളായ യുദ്ധ ടാങ്കറുകളും അന്തർ വാഹിനികളും വിമാനങ്ങളുമൊക്കെ 19-ാം നൂറ്റാണ്ടിന്റെ ശാസ്ത്രയുക്തിയുടെ ഫലപ്രഖ്യാപനങ്ങൾ തന്നെയായിരുന്നു. എന്നാൽ 1940-കളോടെ ക്വാണ്ടം ഭൗതികത്തിന്റെ സാങ്കേതിക നേട്ടങ്ങളുടെ വരവായി. 20-ാം നൂറ്റാണ്ടിന്റെ കണ്ടുപിടിത്തങ്ങൾ ആ നൂറ്റാണ്ടിനെ അണുയുഗം, ബാഹ്യകാശയുഗം, ഇലക്ട്രോണിക് യുഗം എന്നീ പേരുകളാൽ വിശേഷിപ്പിക്കപ്പെടാനിടയാക്കി. 19-ാം നൂറ്റാണ്ടിൽ ശാസ്ത്രത്തിന്റെ സാങ്കേതികതയുടെ വളർച്ച യൂറോപ്യൻ ഭൗമ മേഖലയെ കേന്ദ്രീകരിച്ചതായിരുന്നുവെങ്കിൽ ഒന്നാം ലോകമഹായുദ്ധം സൃഷ്ടിച്ച മാന്ദ്യം യൂറോപ്പിൽ നിന്ന് വൻതോതിൽ ശാസ്ത്രജ്ഞന്മാരെ വടക്കേ അമേരിക്കൻ വൻകരയിലേക്കു കുടിയേറിന്നതിനായി പ്രേരിപ്പിച്ചു. വടക്കേ അമേരിക്കയിൽ വിഭവങ്ങൾ സമൃദ്ധമായിരുന്നു. എന്നാൽ മനുഷ്യശേഷിയുടെ കുറവ് ഇവയുടെ ഉപയോഗം ശരിയായ ദിശയിൽ കൊണ്ടെത്തിക്കുവാൻ പര്യാപ്തമായിരുന്നില്ല. മറ്റൊന്ന് വിപ്ലവത്തിന് ശേഷമുള്ള റഷ്യ ഇത്തരം ശാസ്ത്രവികാസങ്ങളുടെ നേട്ടങ്ങളുടെ ഭൂമികയായിരുന്നു എന്നതാണ്.

1940-കളോടെ കണ്ടെത്തിയ ആണവ ഊർജ്ജം ആണവയുഗത്തിന് തുടക്കം കുറിച്ചു. ഊർജ്ജമേഖലയിൽ വൻകുതിച്ചുച്ചാട്ടത്തിന് തുടക്കം കുറിച്ച ഒന്നായിരുന്നു. എന്നാൽ ആണവ സാങ്കേതിക വിദ്യ പ്രധാനമായും ഇടം പിടിച്ചത് യുദ്ധ പ്രതിരോധ മേഖലയിലായിരുന്നു. 1945 ൽ ആണവ സാങ്കേതികതയുടെ വിനാശകരമായ ഉപയോഗത്തിന് നാം സാക്ഷിയായി. അതേ ആണ്ടിൽ തന്നെ ഈ നൂറ്റാണ്ടിന്റെ വ്യവസായ നേട്ടങ്ങൾക്ക് ഇടയാക്കിയ ഇല്ക്ട്രോണിക് സാങ്കേതിക വിപ്ലവത്തിന്റെ അടിസ്ഥാനമായ അർദ്ധചാലക ട്രാൻസിസ്റ്റർ, വില്യം ഷോക് ലെയ്, കൂപ്പർ, ബ്രെട്ടയിൻ എന്നീ ശാസ്ത്രജ്ഞർ അമേരിക്കയിലെ ബെൽ ലാബോറട്ടറിയിൽ കണ്ടെത്തിയത്. ഇവയുടെ വ്യാവസായികമായ ഉൽപാദനവും ഉപയോഗവും പിന്നെയും ഒരു പതിറ്റാണ്ടിനുശേഷമാണ് തുടങ്ങിയത്.



രണ്ടാം ലോകമഹായുദ്ധം അവസാനിക്കുകയും രാഷ്ട്രീയചരിത്രത്തിൽ ഇരുധ്രുവ ശാക്തിക ലോകക്രമം സൃഷ്ടിക്കപ്പെട്ടതുമായ 1950–കളിൽ ശാസ്ത്രസാങ്കേതിക വിദ്യാഗവേഷണം ഗവൺമെന്റ് സംഭാവനകളിലൂടെയാക്കപ്പെട്ടു. ഇതിന്റെ പ്രധാന കാരണം പ്രതിരോധ യുദ്ധ വിജയത്തിന് ഇത്തരം സാങ്കേതിക വിദ്യകൾ അനിവാര്യമായിരുന്നു എന്നതാണ്. 1940–ൽ അമേരിക്ക റോബർട്ട് ഓപ്പൺഹൈമറുടെ നേതൃത്വത്തിൽ തുടങ്ങിയ മാൻഹാട്ടൻ പ്രോജക്ട് എന്ന ആദ്യ അണുബോംബ് പദ്ധതി ഇത്തരത്തിൽ ഒന്നായിരുന്നു.

19–ാം നൂറ്റണ്ടുവരെ ശാസ്ത്രം ഏതാനും ഗവേഷകരുടെ പരീക്ഷണ ശാലകളിൽ രൂപപ്പെടുന്ന ഒന്നുമാത്രമായിരുന്നുവെങ്കിൽ 1940 കളോടുകൂടി വൻകിട വ്യവസായശാലകളും ഗവൺമെന്റുകളും ശാസ്ത്രഗവേഷണത്തിന് വൻതോതിൽ മുതൽ മുടക്കി. വടക്കൻ അമേരിക്കയെ കേന്ദ്രീകരിച്ച് പടിഞ്ഞാറൻ ശക്തികളും യു.എസ്.എസ്. അവനെ കേന്ദ്രമാക്കി കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും ശാസ്ത്ര സാങ്കേതികതയുടെ നേട്ടത്തിനായുള്ള മാത്സര്യവും ആരംഭിച്ചു. പ്രധാനമായും യുദ്ധ – പ്രതിരോധ ഉപകരണങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ഈ ഗവേഷണങ്ങൾ. 1950–കളോടെ യു.എസ്.എസ്.ആർ. മനുഷ്യനെ ബഹിരാകാശത്ത് എത്തിച്ച് ബാഹ്യാകാശയുഗത്തിന് തുടക്കമിട്ടു. സ്പുട്നിക് പരമ്പരകളിലൂടെ അവർ നിരന്തരം ബഹിരാകാശ വിജയങ്ങൾ സ്വന്തമാക്കി. മറുഭാഗത്ത് അപ്പോളോ പരമ്പരകളിലൂടെ അമേരിക്കയും ഈ രംഗത്ത് സജീവമായിരുന്നു. അറുപതുകളുടെ അവസാനത്തിൽ അപ്പോളോ 11 വഴി അമേരിക്ക ആദ്യമായി ചന്ദ്രനിൽ മനുഷ്യ പ്രവേശനം സാധ്യമാക്കി.

ശാസ്ത്രസാങ്കേതികരംഗത്തെ ഇത്തരം നേട്ടങ്ങൾക്കായി ഇരുശക്തികളും വൻതോതിൽ മുതൽ മുടക്കിയിരുന്നു. എങ്കിലും യുദ്ധപ്രതിരോധ മേഖലയിലെ മിസൈൽ സാങ്കേതികയ്ക്ക് നേട്ടം നൽകിയതല്ലാതെ മനുഷ്യോന്മുഖമായ മറ്റുനേട്ടങ്ങൾ അവർക്കുണ്ടാക്കാനായില്ല. എന്നാൽ ഇലക്ട്രോണിക് വ്യവസായം വൻവളർച്ച നേട്ടം കണ്ട 1960 കളിൽ വാർത്താവിനിമയ മേഖലകളിൽ ഭൂസ്ഥിര ഉപഗ്രഹങ്ങൾ സ്ഥാപിക്കുന്നതിൽ മാത്രമാണ് പിന്നീട് ഈ ബഹിരാകാശത്തിന്റെ നേട്ടം ഉപയോഗപ്രദമായത്. ആണവ സാങ്കേതികതയും, ബഹിരാകാശ ശാസ്ത്രവും ഇരുപതാം നൂറ്റാണ്ടിന്റെ ഗതിനിർണയിക്കുന്നതിൽ വഹിച്ച പങ്കിനേക്കാൾ വളരെ വലുതായിരുന്നു അർദ്ധചാലകങ്ങളിൽ അധിഷ്ഠിതമായ ഇലക്ട്രോണിക വിപ്ലവം. 20–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നാം കണ്ട വ്യവസായ വിപ്ലവത്തിന്റെ കേന്ദ്രബിന്ദു അർദ്ധചാലക ട്രാൻസിസ്റ്ററുകൾ ആയിരുന്നു. എന്നാൽ അവയ്ക്കൊപ്പം തന്നെ ഈ വ്യാവസായ വിപ്ലവത്തെ ത്വരിതപ്പെടുത്തുന്നതിൽ ഗണ്യമായ പങ്കുവഹിച്ച മറ്റു ചിലനേട്ടങ്ങൾകൂടി ഉണ്ടായിരുന്നു. അത് 1958–ൽ ഇന്ത്യൻ വംശജനായ അമേരിക്കൻ ശാസ്ത്രജ്ഞൻ നരേന്ദ്രകാപാനി ഒപ്ടികൾ ഫൈബർ കേബിൾ കണ്ടെത്തിയതും 1960 കളിൽ തിയോഡോർ മെയ്മാൻ ലേസർ കണ്ടെത്തിയതും, 1960–കളിലെ ലൈറ്റ് എമിറ്റിംഗ് ഡയോഡുകളുടെ കണ്ടെത്തലും, പ്രോഗ്രാമിംഗ് ലാഗ്വേജുകളുടെ കണ്ടെത്തലുകളും, 1990–ൽ വേൾഡ് വൈഡ് വെബ് കണ്ടെത്തിയും 60–കളിലും 70–കളിൽ ഇന്റർനെറ്റ് രൂപീകരിച്ചതുമായിരുന്നു. മേൽപറഞ്ഞ നേട്ടങ്ങളെല്ലാം അമേരിക്കൻ ഭൂഖണ്ഡത്തെ കേന്ദ്രീകരിച്ചായിരുന്നു.

1960–കളിൽ അർദ്ധചാലക ട്രാൻസിസ്റ്ററുകൾ വ്യാവസായികമായി ഉപയോഗിക്കുകയും അവ ഒന്നാം തലമുറ കമ്പ്യൂട്ടറുകളിൽ നിന്ന് രണ്ടാം തലമുറയെയും, ഇന്റഗ്രേറ്റഡ് സർക്യൂട്ടുകളുള്ള മൂന്നാം തലമുറയെയും, മൈക്രോപ്രോസസർ കേന്ദ്രീകൃതമായ നാലും അഞ്ചും തലമുറകളെയും രൂപപ്പെടുത്തി. 1960 കളുടെ അവസാനം പ്രോഗ്രാമിംഗ് ലാംഗ്വേജുകൾ കമ്പ്യൂട്ടറുകളുടെ പ്രയോഗത്തിൽ വൻ മാറ്റം വരുത്തി. 80 കളോടുകൂടി അവ കൂടുതൽ വികസിച്ച് ജാവ, സി തുടങ്ങിയ പ്രതീകാത്മക പ്രോഗ്രാമിംഗ് ഭാഷ രൂപംകൊണ്ടു. അർദ്ധചാലക ലോകം കമ്പ്യൂട്ടറുകളുടെ വലിപ്പം കുറക്കുകയും അതിന്റെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. 60 കളിൽ രൂപം കൊണ്ട കമ്പ്യൂട്ടറുകളുടെ പരസ്പര ശൃംഖലകൾ വിവരവിജ്ഞാന വിനിമയത്തിന്റെ വേഗം കൂട്ടി. ഇത്തരം ശൃംഖലകളെ രൂപപ്പെടുത്തുന്നതിൽ ഫൈബർ ഒപ്ടിക്കൽ കേബിളുകൾ വലിയ പങ്ക് വഹിച്ചു.

മറ്റൊന്ന് പ്രകാശ സാങ്കേതിക വിദ്യ വിവരശേഖരണത്തിന് ഉപകരിച്ചിരുന്ന മാഗനെറ്റിക് ടേപ്പുകളെ മാറ്റി പ്രകാശാധിഷ്ഠിത ഉപാധികളെ കണ്ടെത്തിയതായിരുന്നു. സിഡിറോം, ഹോളോഗ്രാഫി തുടങ്ങിയവ കൂടുതൽ വിവരങ്ങളെ കുറഞ്ഞ സ്ഥലത്ത് ശേഖരിക്കുന്നതിൽ വിജയിച്ചു. 1990 കളിൽ സാധ്യമായ വേൾഡ് വൈഡ് വെബ് ലോകത്ത് വിവരവിജ്ഞാന മേഖലയിൽ വൻ പുരോഗമനത്തിന് പങ്ക് വഹിച്ചു.

20–ാം നൂറ്റാണ്ടിനെ പൊതുവിൽ വിലയിരുത്തുമ്പോൾ യൂറോപ്യൻ ഭൗമമേഖലയ്ക്കുണ്ടായിരുന്ന വൈജ്ഞാനിക–രാഷ്ട്രീയ ആധിപത്യത്തിന്റെ തകർച്ചയും ഈ രംഗത്ത് വടക്കെ അമേരിക്ക കൈവരിച്ച അധീശത്വവും നമുക്ക് കാണാൻ കഴിയും. ശാസ്ത്രസാങ്കേതികത എങ്ങനെ ലോകത്തിന്റെ രാഷ്ട്രീയ ആധിപത്യം നിർണ്ണയിക്കുന്നു എന്നതു തന്നെയാണ് ഇത് വരച്ചുകാട്ടുന്നത്.

അമേരിക്കൻ ഭൗമമേഖലയിലെ സാങ്കേതികവിജ്ഞാനത്തിന്റെ വളർച്ച മറ്റു രാജ്യങ്ങളിൽ നിന്ന് വൻതോതിൽ ശാസ്ത്രപ്രതിഭകളെ അവിടേക്ക് ആകർഷിക്കാൻ ഇടയാക്കി. അത് പലരാജ്യങ്ങളുടേയും മസ്തിഷ്കശോഷണത്തിന് കാരണമായി. ലോകക്രമത്തിൽ അമേരിക്കയെ മുന്നിൽ നിർത്തുന്നതിനും യു.എസ്.എസ്.ആർ.ന്റെ ക്രമാനുഗതമായ തകർച്ചയ്ക്കും ഈ സാങ്കേതികവിദ്യാവിപ്ലവത്തിന് പങ്കുണ്ട്. 20–ാം നൂറ്റാണ്ടിൽ ക്ലാസ്സിക്കൽ ഭൗതികത്തിന്റെ അടിത്തറ തകർന്ന് പിറവികൊണ്ട ക്വാണ്ടം ഭൗതികം അനസ്യൂതം അതിന്റെ യാത്ര തുടരുന്നതാണ് നാം കാണുന്നത്. 1960–കളിൽ മൈക്രോ സാങ്കേതിക വിദ്യകളുടെ ലോകത്തെ സൃഷ്ടിച്ച അത് വർത്തമാനകാലത്ത് നാനോ സാങ്കേതികത്തിലേക്ക് കടന്നിരിക്കുകയാണ്. മറ്റൊരു മൗലിക മാറ്റത്തിന് ശാസ്ത്രം വഴങ്ങാത്ത കാലത്തോളം ക്വാണ്ടം ഭൗതികം തന്നെയായിരിക്കും മനുഷ്യരാശിയുടെ ഗതിയെ നിർണയിക്കുക.



**എസ്. ജയമോഹൻ**
ഹാർഡ് വെയർ മെയിന്റനൻസ് ഡിവിഷൻ

# സി-ഡിറ്റ്
# അതിജീവനവും അനിവാര്യതകളും



**വൈ**വിധ്യതകളിലൂടെ വേറിട്ട് നിൽക്കുന്ന പൊതുമേഖല സ്ഥാപനമായ സി-ഡിറ്റിന്റെ ഇന്നത്തെ സ്ഥിതി ആശങ്കാജനകമാണ്. വളർച്ചയുടെ പന്ഥാവുകൾ തേടി കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി നടന്നുകൊണ്ടിരുന്ന വികസനോന്മുഖമായ പ്രവർത്തനങ്ങൾക്ക് മുരടിപ്പ് ബാധിച്ചിരിക്കുന്നു. ദിശാബോധം നഷ്ടപ്പെട്ട സ്ഥാപനം തകർച്ചയിലേക്ക് വഴുതി വീഴാൻ തുടങ്ങുന്നു. രാഷ്ട്രീയ പശ്ചാത്തലത്തിൽ പിറവിയെടുത്ത സ്ഥാപനത്തിൽ വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളുണ്ടായിരുന്ന ജീവനക്കാർ ആത്മാർത്ഥതയോടെ കൈകോർത്തപ്പോൾ കേരള സർക്കാരിന്റെ പകിട്ടാർന്ന സ്ഥാപനമായി സി-ഡിറ്റ് മാറുകയായിരുന്നു.

രാഷ്ട്രീയമായ പിറവിയായിരുന്നെങ്കിലും, അക്കാദമിക് രംഗത്ത് മികച്ചനേട്ടങ്ങൾ കൈവരിച്ച പ്രൊഫഷണലുകളുടെ ബാഹുല്യം തന്നെയുണ്ടായിരുന്നു സി-ഡിറ്റിൽ ആദ്യകാലങ്ങളിൽ. കേരളത്തിലെയും, ഇന്ത്യയിലെതന്നെ ഒന്നാംകിട പ്രൊഫഷണൽ കോളേജുകളിൽ നിന്നും ബിരുദവും, ബിരുദാനന്തര ബിരുദവും നേടിയ ചെറുപ്പക്കാർ അണിനിരന്നപ്പോൾ നൂതന ആശയങ്ങളുടെ മികവിൽ വൈവിധ്യതകളിലേയ്ക്ക് പടവുകൾ പണിത് സ്വയം പര്യാപ്തതയോടെ അടയാളങ്ങൾ കേരള സാമ്പത്തിക ചരിത്രത്തിൽ കോറിയിട്ട സ്ഥാപനം ഇപ്പോൾ പിന്നോട്ടു നടക്കുകയാണോ...? മേൽപറഞ്ഞ പരിചയ സമ്പന്നരായ പ്രൊഫഷണലുകളിൽ ഏറെപ്പേരും ഇപ്പോഴും സ്ഥാപനത്തിലുണ്ടായിട്ടും, തക്കതായ സാമ്പത്തിക വളർച്ചയോ, സാങ്കേതിക മികവോ പുലർത്താൻ സ്ഥാപനത്തിന് കഴിയുന്നില്ല... എന്തുകൊണ്ട്? എന്താണ് നമുക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

## വികലമായ HR മാനേജ്മെന്റും നയങ്ങളും :-

പ്രവർത്തനമാരംഭിച്ചിട്ട് 25 വർഷം കഴിയുമ്പോഴും പഴുതടച്ച സർവ്വീസ് റൂളുകളോ, പ്രൊഫഷൻ പോളിസിയോ ഇല്ലാത്ത സ്ഥാപനം ഇന്ത്യയിൽപ്പോലും മറ്റൊന്നുണ്ടാകില്ല. യൗവനകാലയളവിൽ സർവ്വീസിൽ കയറുന്ന ഒരു ജീവനക്കാരൻ റിട്ടയർമെന്റ് വറെ ഒരേ തസ്തികയിൽ ജോലി നോക്കേണ്ടിവരുന്നു. കരിയറിന്റെ മികച്ച കാലയളവിൽ ഓടിനടന്ന് ജോലി നോക്കി സ്ഥാപനത്തിനുവേണ്ടി ആത്മാർത്ഥമായി പണിയെടുക്കുകയും, 5-10 വർഷങ്ങൾ കഴിയുമ്പോൾ യാതൊരുവിധ കരിയർ ഡവലപ്പ്മെന്റോ, മാന്യമായ വേതനമോ ഇല്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ ഹോമിക്കപ്പെട്ട പ്രൊഫഷണൽ ജീവിത്തോട് വെറുപ്പ് തോന്നി പിന്നാമ്പുറങ്ങളിലേയ്ക്ക് ജീവനക്കാർ ഉൾവലിയുന്ന കാഴ്ച നാം കണ്ടുകൊണ്ടിരിക്കുന്നു. കേരളത്തിലെ മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്രയും അധഃപതിച്ച സേവനവേതന വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടോ? ഒരു വ്യാഴവട്ടത്തിലധികം സർവ്വീസുള്ള പരിചയസമ്പന്നരായ ജീവനക്കാർക്ക് 15000 രൂപ വരെ മാത്രം വേതനം ലഭിക്കുമ്പോൾ, തികച്ചും രാഷ്ട്രീയമായി നിയമനം നേടുന്ന തുടക്കക്കാർക്ക് 12,000 മുതൽ വേതനം നൽകുന്നു. ജീവനക്കാരുടെ മൊറാലിറ്റിയെ തകർക്കാൻ മറ്റെന്തെങ്കിലും വേണോ? ഒരു സുപ്രഭാതത്തിൽ, രാഷ്ട്രീയ ശുപാർശയുടെ മാത്രം യോഗ്യതയിൽ ഒരു ജീവനക്കാരന് വേതനത്തിന്റെ 50% ത്തിലധികം തുക മാസംതോറും ഇൻസന്റീവായി നൽകാൻ തീരുമാനിക്കുകയും, യാതൊരുവിധ ജാള്യതയും കൂടാതെടി തീരുമാനം നടപ്പാക്കുകയും ചെയ്യുന്നു. അതേ സമയം തന്നെ രാപ്പകലില്ലാതെ ആത്മാർത്ഥമായി പണിയെടുക്കുന്ന ജീവനക്കാർക്ക് ഇൻസന്റീവും, അർഹതപ്പെട്ട ആനുകൂല്യങ്ങളും നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ചുവപ്പ് നടയിൽ കുരുങ്ങി അപ്രത്യക്ഷമാകുന്നു. ഏതെങ്കിലും രാഷ്ട്രീയ നേതാവിന്റെ മാന്ത്രിക വടിയുടെ പിൻബലത്തിൽ മാത്രമേടി ഫയലുകൾ ഇനി പ്രത്യക്ഷപ്പെടുകയുള്ളൂ.

ഇവിടെ ആനുകൂല്യങ്ങളും, അംഗീകാരങ്ങളും നൽകുന്നത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. 20-25 വർഷം സർവ്വീസുള്ളവർക്ക് ലഭിക്കാത്ത പദവികളും അംഗീകാരങ്ങളും ശുപാർശകളും വളരെ ജൂനിയറായ മറ്റ് പലർക്കും ലഭിക്കുന്നു. അധികാരികൾക്ക് ഓശാനപാടുന്നതല്ലാതെ മറ്റെന്താണ് ഇക്കൂട്ടരെ വ്യത്യസ്ഥരാക്കുന്നത്. അക്കാദമിക് നിലവാരത്തിലോ, പദ്ധതി നിർവ്വഹണപരിചയത്തിലോ മറ്റുള്ളവരെക്കാൾ എത്രയോ പിറകിലാണിവർ എന്ന സത്യത്തെ എത്ര മറച്ചുവച്ചാലും, അത് അസത്യമാകുന്നില്ല. വളരെ സീനിയറും പരിചയ സമ്പന്നരുമായ ഡെപ്യൂട്ടി ഡയറക്ടർമാർ, ശാസ്ത്രജ്ഞന്മാർ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയവരെ സ്ഥാപനത്തിൽ നിന്നും അകറ്റി കൊച്ചിക്കും കായംകുളത്തിനുമൊക്കെ വണ്ടികയറ്റുമ്പോൾ സ്വയം കുഴിതോണ്ടുകയല്ലേ യഥാർത്ഥത്തിൽ നാം ചെയ്യുന്നത്.

മുൻകാലങ്ങളിൽ സ്ഥാപനത്തിലെ പ്യൂൺ മുതൽ ഡപ്യൂട്ടി ഡയറക്ടർ വരെയുള്ളവർക്ക്, തങ്ങൾ സി-ഡിറ്റിന്റെ ഭാഗമാണെന്നും, ഓരോരുത്തർക്കും അവരവരുടേതായ കടമകളും, കർത്തവ്യങ്ങളുമുണ്ടെന്ന തോന്നലും, ഒരുതരം ഓണർഷിപ്പ് മെന്റാലിറ്റിയുമുണ്ടായിരുന്നു. അതിനുകാരണം മാനേജ്മെന്റിൽ നിന്നും അക്കാലങ്ങളിൽ ജീവനക്കാർക്ക് ലഭിച്ചിരുന്ന പരിഗണനയും, മോറൽ സപ്പോർട്ടുമായിരുന്നു. എന്നാൽ അത്തരത്തിലുള്ള കൂട്ടായ്മയിൽ നിന്നും സി-ഡിറ്റ് എന്ന വമ്പൻ ഇപ്പോൾ 45 പേർ മാത്രമുള്ള ഒരു 'കുഞ്ഞൻ' ആയി താഴേക്ക് വളർന്നിരിക്കുന്നു.

സി-ഡിറ്റ് പോലെയുള്ള ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങൾ വളരണമെങ്കിൽ അവിടെയുള്ള സാങ്കേതിക വിദഗ്ദ്ധരെയും, വകുപ്പ് മേധാവികളെയും വിശ്വാസത്തിലെടുത്ത്, അവരെ മത്സബുദ്ധിയോടെ പ്രവർത്തിപ്പിച്ച്, ആവശ്യമായ ഭരണപരമായ സഹായങ്ങൾ യഥാസമയം നൽകി പദ്ധതികൾ കണ്ടെത്തുകയും, നടപ്പിലാക്കുകയുമാണ് ചെയ്യേണ്ടത്. മറിച്ച് തികച്ചും അൺപ്രൊഫഷണലായ ഇടപ്പെടലുകളിലൂടെ, വ്യക്തി കേന്ദ്രീകൃതമായ തീരുമാനങ്ങളെടുത്താൽ അധോഗതിയുടെ നാളുകളായിരിക്കും വരാൻ പോകുന്നത്! ഫയലുകളുടെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുത്ത് പ്രോജക്ട് നടത്തിപ്പിൽ സാങ്കേതിക വിഭാഗത്തിന് കൈത്താങ്ങായി നിൽക്കേണ്ട, ഭരണവിഭാഗത്തിൽ നിന്നും അപ്രായോഗികവും, അനാവശ്യവുമായ ഇടപ്പെടലുകൾ ഉണ്ടാകുമ്പോൾ, പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുകയും, പദ്ധതികളുടെ ഗുണഭോക്താക്കളോടും, സർക്കാരിനോടും നമുക്ക് വിശദീകരണം നൽകേണ്ടതായും വരുന്നു.

വലുതും ചെറുതുമായി ഏകദേശം 30 കോടിയിൽ പരം രൂപയുടെ പദ്ധതികൾ നടത്തിവരുന്ന സ്ഥാപനത്തിൽ കാര്യക്ഷമമായ പ്രോജക്ട് മോനിട്ടറിംഗ്/ കൺട്രോളിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നില്ല. വ്യക്തമായ സർവ്വീസ് ലെവൽ എഗ്രിമെന്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ പ്രോജക്ട് മോനിട്ടറിംഗ്/ കൺട്രോളിംഗ് സംവിധാനങ്ങൾ അത്യന്താപേക്ഷിതമല്ലേ? ഏറ്റവും കുറഞ്ഞപക്ഷം പ്രോജക്ട് റിവ്യൂ എങ്കിലും നടത്തേണ്ടേ? കഴിഞ്ഞ 2-3 വർഷങ്ങൾക്കുള്ളിൽ ആധികാരികമായ തീയതിയിൽ പ്രോജക്ട് റിവ്യൂ നടന്നിട്ടുണ്ടോ? മീറ്റിംഗുകൾ വിളിച്ച് തീരുമാനങ്ങൾ അടിച്ചേൽപിക്കുന്നതിനു പകരം, ഇന്ററാക്ടീവ് സെഷനുകളിലൂടെ നയരൂപീകരണത്തിലേക്ക് എത്തുകയാണ് വേണ്ടത്. മുൻകാലങ്ങളിൽ മാസംതോറും കൃത്യമായ പ്രോജക്ട് റിവ്യൂ നടന്നതിന്റെ ഓരോ പ്രോജക്ടുകളേയും ഇഴകീറി പരിശോധിച്ച്, പ്രോജക്ട് റിപ്പോർട്ടുകൾ വിശകലനം ചെയ്യുകയും, കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പാക്കുകയും ചെയ്തിരുന്നു. പകരം ഇപ്പോൾ നടക്കുന്നത് കേവലം Patch up mechanism മാത്രമാണ്. അപ്പപ്പോൾ കാണുന്ന പ്രശ്നങ്ങൾക്ക് താത്ക്കാലികമായ പരിഹാരങ്ങൾ നടപ്പിലാക്കുന്ന ഇപ്പോഴുള്ള രീതിമാറ്റി ദീർഘകാലാടിസ്ഥാനത്തിലുള്ള സൊല്യൂഷൻസ് ആണ് നടപ്പിൽ വരുത്തേണ്ടത്.

അങ്ങനെ എല്ലാ മേഖലകളിലും, പിൻതിരിപ്പൻ തീരുമാനങ്ങളിലൂടെ സ്ഥാപനം വളരെ വേഗത്തിൽ പിന്നോട്ട് നടക്കുകയാണ്. ഒഞ മാനേജ്മെന്റ്, ഡവലപ്പ്മെന്റ്, പ്രോജക്ട് മാനേജ്മെന്റ് മേഖലകളിൽ സമഗ്രമായ അഴിച്ചുപണിക്കും, പുനഃചിന്തനത്തിനുമുള്ള സമയം അധിക്രമിച്ചിരിക്കുന്നു. പാളിച്ചകൾ മനസ്സിലാക്കി സ്വയം തിരുത്തലിനുള്ള അവസരം പ്രയോജനപ്പെടുത്താൻ സ്ഥാപനത്തിനു കഴിയുമെന്ന പ്രത്യാശയോടെ...





**അമ്പിളി പി.ടി**
പ്രോഗ്രാമർ,
ഇൻഫർമേറ്റിക്സ് ഡിവിഷൻ

# മഴ

തോരാതെ പെയ്യുകയാണെന്നിടനാഴിയിൽ
ഇടയ്ക്കു പേമാരിയായ്
ഇടിവാൾ മുഴക്കിയും മിന്നൽ പിളർത്തിയും
എന്നുള്ളം ഉലച്ചീടും
തിരികേ വന്നണയുന്നു പിന്നെയും
മന്ദം നിനവുമായി ചെറുകുളിരോടെ,
നിൻ ഓരോ കണത്തിലും കുതിരുമെൻ സ്വപ്നങ്ങൾ
മെല്ലെ തളിർത്തൊരു പൂമരമാകവേ,
തോരാതെ പെയ്യുകയാണിപ്പോഴും
ഏതോ വസന്തം വന്നണഞ്ഞീടുവാൻ

Ph: 9447056678
0471-2724030

B SIX OUTDOOR CATERERS

Near Highness Bar, Vellayambalam,
Sasthamangalam Road, Thiruvananthapuram.



Email : bsixoutdoorcaterers@gmail.com
website:- www.bsixoutdoorcaterers.com



പ്രീത എസ്.
സൈബർശ്രീ, സി-ഡിറ്റ്

# കണിക്കൊന്ന പറഞ്ഞ കഥ

**അ**ന്നൊരോണക്കാലം, മക്കളുമൊത്ത് ഞങ്ങളെല്ലാവരും കുടുംബ വീട്ടിലൊത്തു കൂടി. മുറ്റത്ത് നിന്ന കണിക്കൊന്നയുടെ ചുവട്ടിൽ കുട്ടികളുടെ കളികൾ കണ്ടിരുന്ന എന്നെ ഒരു നേർത്ത തെന്നലായ് തഴുകി വിളിച്ച് കണിക്കൊന്ന ചിരിച്ചു. അവളുടെ കണ്ണുകളിൽ ഒരു നൊമ്പരത്തിന്റെ നീർത്തുള്ളികൾ എനിക്കു കാണാൻ കഴിഞ്ഞു. അറ്റു പോയ പ്രണയത്തിന്റെ വേദനയും വിരഹത്തിന്റെ ദുഖവും അലിഞ്ഞു തീർന്ന മോഹവും ഞാൻ അറിഞ്ഞു. അവൾ എന്നോട് അവളുടെ കഥ പറഞ്ഞു.

കഴിഞ്ഞ ചിങ്ങമാസത്തിലാണ് ഞാൻ പിറന്നത്. അതുവരെ മണ്ണിനടിയിലെ ഇരുട്ടിൽ നിന്നും പ്രകാശമയമായ ഈ ലോകത്തെത്തിയ എനിക്ക് അമ്മ ഒരു തണലായി. അവിടെ നിന്നു കൊണ്ട് ഞാൻ അത്തച്ചമയവും, ഓണപ്പാട്ടും, തിരുവാതിരയും, തുമ്പിതുള്ളലും, പുലികളിയും, കൂട്ടുകാരുടെ ഊഞ്ഞാലാട്ടവുമൊക്കെ കണ്ട് കുളിരുകോരി. എത്ര

നല്ല ദിനങ്ങളായിരുന്നു അവ! ആ പ്രായത്തിൽ ഞാനെന്തുമാത്രം സന്തോഷിച്ചു. അന്നത്തെ നിലാവിന് ഒരു അമ്മയുടെ സ്നേഹമായിരുന്നു. കന്നിമാസ നിലാവിൽ എന്റെ മുഖം പ്രകാശ പൂരിതമായി. നിഷ്കളങ്കയായ ഒരു പെൺകിടാവായി ഞാൻ മാറി. തുലാമാസത്തിൽ ഋതുമതിയായ എനിക്ക് തളിരിലകൾ അലങ്കാരമായി. പളുങ്കു മഴത്തുള്ളികൾ എനിക്ക് ആഭരണങ്ങളായി മനം കവരുന്ന ശോഭയേകി. ആ സമൃദ്ധിയുടെ കുളിർ കാറ്റിൽ സന്തോഷത്താൽ ഞാനെന്നെത്തന്നെ മറന്നു പോയി.

വൃശ്ചികത്തിലെ നിലാവിന് കാമുകന്റെ സ്നേഹമായിരുന്നു. മഞ്ഞുതുള്ളിയായ് നേർത്ത സുഖമുള്ള തണുപ്പായ് ഞാനതറിഞ്ഞു. ആ തണുപ്പുള്ള രാത്രികളിൽ ഉറക്കം സ്വപ്നങ്ങൾക്കു വഴിമാറി.

ധനുമാസത്തിലെ ചന്ദ്രൻ താലിയുമായെത്തി. അവൻ താലിയാലെന്നെ ബന്ധിച്ചു. ആ ബന്ധനത്തിലാണെങ്കിലും അവന്റെ സ്നേഹം എനിക്കു കുളിരേകി. ആ തണുപ്പിൽ അവൻ എനിക്കു പുതപ്പേകി. മകരമാസത്തിൽ അവന്റെ സ്നേഹം കൊടും തുണുപ്പായി മാറി. എന്റെ ഇലകൾ കൊഴിഞ്ഞു. എന്നിലെ അഴകിനെ ചോർത്തിയെടുത്ത് അവൻ ചിരിച്ചു. കുംഭമാസത്തിലെ വേനലിലും അവന്റെ ചിരി എനിക്ക് മൊട്ടുകൾ സമ്മാനിച്ചു. മീനത്തിൽ മൊട്ടുകളോരോന്നായ് വിരിയാൻ തുടങ്ങി. എന്നിലെ അഴകിന് സ്വർണ്ണപ്രഭയായി. മേടമാസത്തിൽ പൂത്തുലഞ്ഞു നിന്ന എന്നെക്കണ്ട് മറ്റു പുഷ്പിണികൾ അസൂയാലുക്കളായി മാറി.

ഇടവമാസത്തിൽ അവന്റെ സ്നേഹത്തിന് മിന്നലിന്റെ ചൂടുണ്ടായിരുന്നു. ഇടിമിന്നലിൽ എന്റെ പൂക്കൾ കൊഴിഞ്ഞു. ഇടവപ്പാതി പേമാരിയിൽ അവന്റെ സ്നേഹപ്പൂക്കൾ ഒഴുകി കടലിലേക്കു പോയി. കണ്ണു പറ്റിയ പോലെ എന്റെ അഴകും അതിലൂടൊഴുകിപ്പോയി.

ഇടവപ്പാതി കഴിഞ്ഞു. എല്ലാം നഷ്ടപ്പെട്ട എന്നിൽ വീണ്ടും പ്രതീക്ഷയുടെ മുകുളങ്ങളായി ഇലകൾ വന്നു. മിഥുനമാസത്തിലെ നിലാവിൽ അവന്റെ സ്നേഹം ബന്ധനത്തിലാണെങ്കിൽപ്പോലും ഞാനാഗ്രഹിച്ചു. പക്ഷേ കർക്കിടകത്തിൽ കൂരിരുട്ട് സമ്മാനിച്ച് അവനെങ്ങോ യാത്രയായി. അന്നത്തെ പഞ്ഞപ്പാടിൽ മക്കളേയും പേറി നിന്ന എന്നെ ആരും താങ്ങിയില്ല. എന്തിനായിരുന്നു ഈ ജീവിതം എന്ന് ഞാനിന്നും ചിന്തിക്കുന്നു.

ഇതു കേട്ട ഞാൻ അവളോടോതി...

ഇതു നിന്റെ ഒരു വർഷത്തെ ജീവിതം. ഇതിവിടെ അവസാനിക്കുന്നില്ല. നിന്റെ വേരുറപ്പിച്ചു നിർത്തുന്ന മണ്ണൊലിച്ചു പോകും വരെ ഇടവപ്പാതിയിലെ പെരുമഴയിൽ നീ തളർന്നു വീഴും വരെ നിന്നെ സ്നേഹിക്കാനാളുണ്ടാവും. ഇനിയും നീ പുഷ്പിണിയാകും, പക്ഷേ ആ പൂക്കളിലെ തേനിന് പഴയതുപോലെ മധുരം കാണുമെന്ന് പ്രതീക്ഷിക്കരുത്. മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേർന്ന്, ദുഃഖത്തിൽ തണലായി, വേദനയിൽ തലോടലായി മാറാൻ കഴിഞ്ഞാൽ അതു തന്നെയാണു ധന്യം.



# പ്രകൃതി

**സി.ആർ. സുജിചന്ദ്രു**
സൈബർശ്രീ, അനിമേഷൻ ട്രെയിനീ

**അ**സ്തമയ ചുവപ്പാർന്ന ആകാശമാം നിൻകവിൾ
ആർത്തുപെയ്യും പേമാരിപ്പോൽ നിൻ കണ്ണീർ
എങ്ങോട്ടോന്നാകുലത്താൽ അലയുന്ന മേഘമായി
നിശബ്ദമായി അറിയാതെ പോകുന്നു നിൻ മനം
സ്നേഹമായി, ഭൂമിയായി, പ്രകൃതിയായി നിൽക്കുമ്പോൾ
നിൻ കരസ്പർശമായ തെന്നലായി തലോടുന്നു.
നീ മകളായി, അമ്മയായി, ദേവിയായി മാറുമ്പോൾ
ആകുലതകളാകുന്ന നെഞ്ചിടിപ്പിൻ താളമായി
ഇടിമിന്നൽ നാദമായി മുഴങ്ങുന്നു എങ്ങോളം.
മന്ദഹാസം പൊഴിയുന്ന നിൻ അദരങ്ങളെ
ക്ഷണനേരത്താൽ മറയ്ക്കുന്നു അന്ധകാരം.
നിന്റെ രോദനത്താൽ നിറയുന്ന ബാഷ്പമായി
പെയ്തിറങ്ങുന്നു ചുടുകണ്ണീരായി ഭൂമിയിൽ
രൗദ്ര ഭാവത്താൽ ആടിത്തിമിർക്കുമ്പോൾ
സ്നേഹ സാന്ത്വനത്താൽ കേഴുന്നു നിൻ മക്കൾ
സൂര്യ ചന്ദ്രകിരണത്താൽ ശോഭിക്കും നിൻ മുഖം
പുഷ്പവർണ്ണ പ്രകാശത്താൽ ശോഭമാം മന്ദഹാസം
പെയ്തു തീർന്ന മഴ സ്പർശത്താൽ മിഴിയേകുന്നു.
കാത്തിരിപ്പിൻ കാലത്തിൻ പരിണാമം.

(ഇതിൽ സ്ത്രീയെ പ്രകൃതിയായി ഉപമിക്കുന്നു.)

30th December, 2013

# 25 YEARS OF C-DIT Celebrations











## സി-ഡിറ്റ് രജതജൂബിലി ഉദ്ഘാടനം





**1988**-ൽ സ്ഥാപിതമായ സി-ഡിറ്റിന്റെ രജതജൂബിലി ആഘോഷപരിപാടികളുടെ ഉദ്ഘാടനം സി-ഡിറ്റ് ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻചാണ്ടി നിർവഹിച്ചു. 2013 ഡിസംബർ 30 ന് തിരുവല്ലം ഹെഡ് ഓഫീസ് അങ്കണത്തിൽ ചേർന്ന വർണ്ണാഭമായ ചടങ്ങിൽ സാംസ്കാരിക വകുപ്പു മന്ത്രി ശ്രീ. കെ.സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. 6 വർഷം പൂർത്തിയായ താൽക്കാലിക ജീവനക്കാർക്കു സ്ഥിരത, ഡോക്കറ്റ്, ട്രെയിനി വിഭാഗങ്ങളിലെ ജീവനക്കാർക്ക് കരാർ വ്യവസ്ഥയിലേക്കു മാറ്റം എന്നിവ മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പ്രഖ്യാപിച്ചു. രജത ജൂബിലി വർഷത്തിൽ നടക്കുന്ന 25 ഇനപദ്ധതികൾ മന്ത്രി ശ്രീ. കെ.സി. ജോസഫ് പ്രഖ്യാപിച്ചു. ശാസ്ത്ര ജേർണലായ fortune ന്റെ പ്രകാശനം ആരോഗ്യവകുപ്പ് മന്ത്രി ശ്രീ.വി.എസ്. ശിവകുമാർ നിർവ്വഹിച്ചു. രജതജൂബിലി ലോഗോ ശ്രീ. എ.ടി. ജോർജ്ജ് എം.എൽ.എ പ്രകാശനം ചെയ്തു. ഇമേജസ് ന്യൂസ് ലെറ്ററിന്റെ പ്രതി മുൻമന്ത്രി ശ്രീ. എം.എം. ഹസൻ പി.ആർഡി. ഡയറക്ടർ ശ്രീമതി മിനി ആന്റണിക്കു നൽകി പ്രകാശനം ചെയ്തു. ശ്രീ. എ.ജെ. സുക്കാർണോ, ശ്രീ. സോളമൻ അലക്സ് തുടങ്ങിയവർ പങ്കെടുത്തു.


KORG


രജത ജൂബിലി




New Year





# MEDIA STANDS

സെക്യൂരിറ്റി ഹോളോഗ്രാം സ്വകാര്യ കമ്പനിക്ക് നൽകുന്നത് വ്യാജമദ്യ വിതരണത്തിന് വഴിയൊരുക്കും

മാധ്യമം

ഹോളോഗ്രാം നിർമാണം സ്വകാര്യ കമ്പനിക്ക് നൽകുന്നത് വ്യാജമദ്യ വിപണനത്തിന് അവസരമൊരുക്കാൻ - കടകംപള്ളി

ഹോളോഗ്രാം നിർമാണം സ്വകാര്യ കമ്പനിക്ക് കൈമാറാനുള്ള നടപടിയിൽ പ്രതിഷേധിക്കും

ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുന്നു

സിറ്റി കൗമുദി

2014 ജൂലായ് 26 ശനി

## സി-ഡിറ്റിൽ ആരോപണവിധേയൻ വകുപ്പ് മേധാവി!

ആരോപണങ്ങളെല്ലാം തെളിഞ്ഞിട്ടും സി-ഡിറ്റിൽ നടപടിയില്ല, കൂടാതെ ഉന്നത പദവിയും. പിന്നെന്തിനാണ് മന്ത്രി ധനകാര്യ പരിശോധനാ വിഭാഗം?

വിപിൻസി.വിജയൻ

സി-ഡിറ്റിന്റെ വഞ്ചിയൂർ സെന്ററും അഴിമതിയും കെടുകാര്യസ്ഥതയും

## സി-ഡിറ്റിന് താത്പര്യമില്ല; ട്രീ ബാങ്ക് പദ്ധതി കേരളത്തിന് നഷ്ടമായേക്കും

- നഷ്ടമാകുന്നത് മലയാള ഭാഷയെ പരിപോഷിപ്പിക്കാനുള്ള പദ്ധതി
- കേന്ദ്രം പണം നൽകിയിട്ടും സി-ഡിറ്റിന് മനസില്ല!

വിപിൻസി.വിജയൻ

സി-ഡിറ്റിന്റെ വഞ്ചിയൂർ സെന്ററും അഴിമതിയും കെടുകാര്യസ്ഥതയും


## സി-ഡിറ്റിന് താത്പര്യമില്ല; ട്രീ ബാങ്ക് പ
കേരളത്തിന് നഷ്ടമായേക്കും

- നഷ്ടമാകുന്നത് മലയാള ഭാഷയെ പരിപോഷിപ്പിക്കാനുള്ള
- കേന്ദ്രം പണം നൽകിയിട്ടും സി-ഡിറ്റിന് മനസില്ല!

വിപിൻസി.വിജയൻ

സി-ഡിറ്റിന്റെ വഞ്ചിയൂർ സെന്ററും


## ഹോളോഗ്രാം: സി-ഡിറ്റിനെ ഒഴിവാക്കാൻ നീക്കമില്ലെന്ന് ഡയറക്ടർ

## സി-ഡിറ്റ് മലക്കംമറിഞ്ഞു; താത്പര്യപത്രം സുരക്ഷാഘടകങ്ങൾ അറിയാനെന്ന് വിശദീകരണം

സ്വന്തം ലേഖകൻ

മാതൃഭൂമി

ഹോളോഗ്രാം നിർമ്മാണം സ്വകാര്യകമ്പനിക്ക് വിടുന്നത് അഴിമതിക്കായി - കടകംപള്ളി

ദേശാഭിമാനി

സെക്രട്ടറിയേറ്റിനുമുന്നിൽ 10ന് പ്രതിഷേധക്കൂട്ടായ്മ

## സെക്യൂരിറ്റി ഹോളോഗ്രാം ലേബൽ നിർമാണം സ്വകാര്യകമ്പനിയിലേക്ക്

മലയാള മനോരമ

സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ 10ന് ജനകീയ കൂട്ടായ്മ സംഘടിപ്പിക്കും

## സി-ഡിറ്റിൽ പിൻവാതിൽ നിയമനനീക്കം തകൃതി

- അഭിമുഖം ഇന്നു മുതൽ: വേണ്ടപ്പെട്ടവരുമായി മാത്രം!

കേരളകൗമുദി

ഹോളോഗ്രാം നിർമാണം: വ്യാപക പ്രതിഷേധക്കൂട്ടായ്മ

INDIAN EXPRESS

## C-DIT Employees' Assn to Stage Stir

THE HINDU

## Hologram work to private firm: C-DIT employees oppose move

TIMES

## C-DIT to lose hologram label work to pvt firm

DECCAN Chronicle

## Hologram labels for liquor bottles: High-level plot alleged

മലയാള മനോരമ • 2013 സെപ്റ്റംബർ 18 ബുധൻ www.manoramaonline.com

## ഹോളോഗ്രാം നിർമാണം: ആരോപണം അടിസ്ഥാനരഹിതമെന്ന് സി-ഡിറ്റ്

തിരുവനന്തപുരം● ബവ്റിജസ് കോർപറേഷനു വേണ്ടിയുള്ള ഹോളോഗ്രാം നിർമാണം സ്വകാര്യ മേഖലയിലേക്കു മാറ്റാൻ നീക്കം എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നു സി-ഡിറ്റ് ഡയറക്ടർ ഡോ. ബാബു ഗോപാലകൃഷ്ണൻ.

സ്വകാര്യ കമ്പനികളുടെ പങ്കാ... ഒഴിവാക്കി എക്സൈസ് ...ിന്റെ മേൽനോട്ടത്തിൽ സി-ഡിറ്റ് നേരിട്ടാണു ലേബൽ നിർമാണം നടത്തുന്നത്.

നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ചു കൂടുതൽ സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടുത്തിയ ഹോളോഗ്രാം ലേബലുകൾ നിർമിച്ചുനൽകാൻ എക്സൈസ് വകുപ്പ് സി- ഡിറ്റിനെ പൂർണമായും ചുമതലപ്പെടുത്തിയിരിക്കുകയാണ്. നിലവിലുള്ള സുരക്ഷാഘടകങ്ങൾക്കു പുറമെ ഇന്റഗ്ലിയോ അടക്കം ഇരുപത്തിമൂന്നോളം സുരക്ഷാ ഘടകങ്ങൾ ഉൾപ്പെടുത്തി ലേബലുകൾ നിർമിച്ചുനൽകാനാണു വകുപ്പ് താൽപര്യം പ്രകടിപ്പിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള പുതിയ ലേബലുകളിൽ ഉൾപ്പെടുത്തേണ്ട സുരക്ഷാസംവിധാനങ്ങൾ എന്തൊക്കെയെന്നു തീരുമാനിക്കുന്നതിന് എക്സൈസിലെയും സി-ഡിറ്റിലെയും ഉന്നത ഉദ്യോഗസ്ഥർ, കേന്ദ്ര സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ എന്നിവർ ഉൾപ്പെടെ വിദഗ്ധ സമിതിയും രൂപീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ലേബലുകളിൽ ലഭ്യമാക്കാവുന്ന സുരക്ഷാഘടകങ്ങൾ ഏതൊക്കെയാണ്, അതിനുവേണ്ട സാങ്കേതിക സംവിധാനങ്ങൾ, മുതൽമുടക്ക് തുടങ്ങിയവ മനസ്സിലാക്കുന്നതിനു വേണ്ടി ആഗോളാടിസ്ഥാനത്തിൽതാൽപര്യപത്രം ക്ഷണിക്കേണ്ടതാണെന്ന വിദഗ്ധ സമിതി തീരുമാനപ്രകാരമാണ് ഇപ്പോൾ താൽപര്യപത്രം ക്ഷണിച്ചിരിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന നിർദേശങ്ങളിൽ നിന്നു കുത്തകാവകാശമുള്ളതോ പ്രൊപ്പയ്റ്ററി ആയിട്ടുള്ളതോ ആയ ഘടകങ്ങൾ ഒന്നുംതന്നെ ഉൾപ്പെടുത്തേണ്ടതില്ലെന്നു സമിതി തീരുമാനമെടുത്തിട്ടുള്ളതാണ്.

ഏതെങ്കിലും സ്ഥാപ... മാത്രം ലഭ്യമാക്കാനുള... സ്ഥകൾ ഉൾപ്പെടുത്തി... പര്യപത്രമാണു ക്ഷണ... ന്നതെന്നത് അടിസ്ഥാ... മാണ്. ഇത് ഏതെങ്കില... പനത്തെ ലേബൽ നിർമ... തലഏൽപ്പിക്കുന്നതിന... ഡർ അല്ലെന്നും താൽ... ത്തിൽ വ്യക്തമാക്കി... ന്നും ഡയറക്ടർ വ്യക്ത...





**വിശാഖ്**
വീഡിയോഗ്രാഫി കോഴ്സ്, കവടിയാർ

# രക്ഷയുടെ ശബ്ദം

മദ്യപാനം, പുകവലി - ആരോഗ്യത്തിന് ഹാനീകരം.

ചുറ്റമതിലുകൾ ഇല്ലാത്ത ഒരു വീട്, വീടിന് തൊട്ടടുത്തുള്ള ദേവാലയത്തിൽ നിന്നും ഉള്ള ആരാധനാ സന്ദേശങ്ങളും വീട്ടിലിരുന്നാൽ വ്യക്തതയോടെ കേൾക്കാമായിരുന്നു. പെട്ടെന്ന് വീടിനുള്ളിൽ നിന്നും,

അച്ഛൻ - അമിതമായി പുകവലിക്കുകയും മദ്യപിക്കുകയും ചെയ്യുന്നതിനിടെ ചുമയ്ക്കുന്നു..... ചുമയ്ക്കുന്നു.

അമ്മ - ഈ മനുഷ്യനോട് എത്ര പറഞ്ഞാലും കേൾക്കില്ല. കണ്ട പുകയും, വിഷവുമൊക്കെ വലിച്ചുകയറ്റിയിരുന്നു. ചുമയ്ക്കുന്നു.

അച്ഛൻ - ഞാൻ എനിക്ക് ഇഷ്ടമുള്ളത് ചെയ്യും. നീ ആരെടീ. ചോദിക്കാൻ (അമ്മയെ തല്ലുന്നു.)

അമ്മ - ആ.... അയ്യോ....

അച്ഛൻ - മര്യാദയ്ക്ക് അടങ്ങി ഒതുങ്ങി കഴിഞ്ഞോളണം. ഇവിടെ,... ഹാ....

ടോണി (മകൻ) - അമ്മയെ ഒന്നും ചെയ്യല്ലേ അച്ഛാ...,

അച്ഛൻ - മാറി പോടാ....

ടോണി - അച്ഛാ...,

അച്ഛൻ - ഇതെന്റെ ജീവനാണ്, ഞാൻ ഇനീയും കുടിക്കും, ഇനിയും വലിക്കും, എന്നെ ഭരിക്കാൻ ആരും വരണ്ടാ. (അച്ഛൻ പുറത്തേക്ക് പോകുന്നു.)

ടോണി - (അച്ഛന്റെ കൈയിൽ നിന്നും വീണ കത്തി പകുതി സിഗരറ്റ്, കൈയിൽഎടുത്തുകൊണ്ട്) "എന്നെക്കാളും അമ്മയെക്കാളും അച്ഛനിഷ്ടം ഈ സിഗററ്റുകളാണ്. എനിക്കറിയണം. എന്താണ് ഇതിനുള്ളിലെ സുഖം എന്ന്." (സിഗററ്റു കൈയിൽ എടുത്ത് വലിക്കാൻ ശ്രമിക്കുന്നു.)

ഉടൻ അമ്മ അത് കണ്ടുകൊണ്ട് വരുന്നു.

അമ്മ - ടോണീ.... നീയും നിന്റെ അച്ഛനെ പോലെ.... (കരയുന്നു) ദൈവമേ... എന്റെ കുടുംബം എന്റെ കുടുംബം ഇങ്ങനെയായല്ലോ.....



ടോണി – കരയല്ലേ... അമ്മേ, കരയല്ലേ...., ഞാൻ ഇനി ഇത് ചെയ്യില്ല.

(സമയം ഏകദേശം വൈകുന്നേരത്തോടടുത്തായപ്പോൾ അച്ഛൻ വീട്ടിലേക്ക് തിരികെ വന്നു. മദ്യപിച്ച് അവശനായ അയാൾ വീണ്ടും പുകവലിച്ച് കൊണ്ട്)

അച്ഛൻ – "ആരും ഇല്ലേ, ആരും ഇല്ലേന്ന്....., ഓ.... എല്ലാരും ചത്തോ,"

(തുടർന്ന് പുകവലിക്കുന്നു, അല്പ സമയം കഴിഞ്ഞ് അയാൾക്ക് നെഞ്ചുവേദന അനുഭവപ്പെടുകയും, ഇരുന്നിരുന്ന കസേരയിൽ നിന്നും താഴെ വീഴുകയും ചെയ്യുന്നു.)

ടോണി – "അമ്മേ.... അച്ഛൻ, അച്ഛാ.... അച്ഛാ.... എഴുന്നേൽക്കച്ഛാ....

അമ്മ – അയ്യോ ഇതെന്തുപറ്റി. കണ്ണുതുറക്ക് മനുഷ്യാ... കണ്ണ് തുറക്കാൻ (കരയുന്നു) എന്റെ ദൈവമേ... എന്റെ ഭർത്താവിനെ കാക്കേണമേ....

(ടോണിയുടെ അച്ഛനെ ഉടൻ തന്നെ ഹോസ്പിറ്റലിൽ എത്തിച്ചെങ്കിലും അമിതമായ

മദ്യപാനവും പുകവലിയും കാരണം അയാളെ രക്ഷിക്കാൻ ഡോക്ടർമാർക്ക് കഴിഞ്ഞില്ല. പക്ഷേ പിന്നീട് സംഭവിച്ചത്.

(മാസങ്ങൾക്കു ശേഷം)

ടോണി മദ്യപിച്ചും പുകവലിച്ചും കൊണ്ട് വീട്ടിലേക്ക് അവശനായി കടന്നു വരുന്നു. ഇതു കണ്ട് ദുഃഖിതയായ അമ്മ വീടിനുള്ളിലെ ഒരു റൂമിൽ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

അമ്മ – "സ്വർഗ്ഗസ്ഥനായ എന്റെ പിതാവേ, എന്റെ പ്രാർത്ഥന നീ കേട്ടില്ല. ദൈവത്തെ അനുസരിക്കാൻ പുകവലിച്ചും, മദ്യപിച്ചും നടന്നാണ് ... ഭർത്താവ് മരിച്ചത്. പക്ഷേ ഇപ്പോൾ, എന്റെ മകനും അതേ വഴി പിന്തുടരുകയാണോ.... എനിക്കിത് സഹിക്കാൻ കഴിയില്ല. കർത്താവേ.... അവന് നല്ല വഴികാട്ടി കൊടുക്കേണമേ....

(അല്പസമയത്തിനു ശേഷം അമ്മയുടെ അടുത്തേക്ക് നെഞ്ച്....

ടോണി – അമ്മേ എന്റെ നെഞ്ച് വേദനിക്കുന്നു. എന്നെ എന്നെ വേഗം ആശുപത്രിയിൽ കൊണ്ടുപോയില്ലെങ്കിൽ അച്ഛനെപ്പോലെ ഞാനും മരിക്കും.

അമ്മ – ഇല്ല മോനെ, കരയാതെ. ഒന്നും സംഭവിക്കില്ല. നമുക്ക് വേഗം തന്നെ ഹോസ്പിറ്റലി ലേക്ക് പോകാം.

(ഹോസ്പിറ്റലിൽ ടോണിയെ പരിശോധിച്ച ശേഷം ഡോക്ടർ)

ഡോക്ടർ – ടോണീടെ അമ്മയല്ലേ.

അമ്മ – അതെ ഡോക്ടറെ.

ഡോക്ടർ – അവന്റെ കാര്യം അല്പം സീരിയസ്സ് ആണ്. ഈ ചെറുപ്രായത്തിൽ തന്നെ അവൻ വലിയൊരു പുകവലിക്കാരനായി മാറിക്കഴിഞ്ഞു. അതുകൊണ്ട് ഇനി ഒന്നും ചെയ്യാൻ ഞങ്ങൾക്ക് കഴിയില്ല. അവന്റെ ജീവൻ ഇനി ദൈവത്തിന്റെ കൈകളിലാണ്.

അമ്മ – അയ്യോ. അവനെ രക്ഷിക്കണേ ഡോക്ടറേ. എനിക്ക് അവനും അവന് ഞാനും മാത്രമേയുള്ളൂ. ഞാൻ ഡോക്ടറുടെ കാലുപിടിക്കാം. അവനെ കൈവിടല്ലേ.

ഡോക്ടർ – ഞാൻ അവനോട് ഒന്ന് സംസാരിക്കട്ടെ.

(ഡോക്ടർ ടോണിയുടെ അടുത്തേക്ക്)

ഡോക്ടർ – മോനെ, അങ്കിൾ ഒരു കാര്യം പറയാം...അത് മോൻ അനുസരിക്കുമെങ്കിൽ...

ടോണി – എന്റെ ഈ അസുഖം മാറണം, ഞാൻ എന്തു വേണമെങ്കിലും അനുസരിക്കാം ഡോക്ടറേ..

ഡോക്ടർ – നീ ദൈവത്തിൽ വിശ്വസിച്ച്, നിന്റെ എല്ലാം ദുഃശ്ശീലങ്ങളും മാറ്റി, അമ്മയെയും ഗുരുക്കന്മാരെയും അനുസരിച്ചും കൊണ്ട് ജീവിച്ചാൽ, ആ ദൈവം നിന്റെ ജീവനെ രക്ഷിക്കും. നിന്റെ എല്ലാ അസുഖവും ഭേദമാകും.

ടോണി – എന്റെ കഠിനമായ രോഗം മാറുമെങ്കിൽ, ഞാൻ ദൈവത്തിൽ വിശ്വസിച്ച്, അമ്മയെ അനുസരിച്ചുകൊണ്ടുതന്നെ ഇനി ജീവിക്കാം. ഒരു ദുഃശ്ശീലത്തിലും ഞാൻ ചെന്നു വീഴില്ല. എന്നെ രക്ഷിക്കണേ ഡോക്ടറേ..

ഡോക്ടർ – അങ്ങനെയെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിലെ ആ ദൈവം നിന്നെ രക്ഷിക്കും. നിനക്ക് വീണ്ടും നിന്റെ അമ്മയെയും കൂട്ടുകാരെയും കാണാനും കഴിയും.

(ദിവസങ്ങൾ കഴിഞ്ഞപ്പോൾ)

ഡോക്ടർ അങ്കിൾ പറഞ്ഞതുപോലെ തന്നെ ടോണി അവന്റെ എല്ലാ ദുഃശ്ശീലങ്ങളും അകറ്റാൻ തീരുമാനിച്ചു. ഒരു നല്ല ദൈവവിശ്വാസിയായി പ്രാർത്ഥനയോടെ അവൻ കാത്തിരുന്നതിന്റെ ഫലമായി അവന്റെ കഠിനമായ രോഗം ദൈവം സുഖപ്പെടുത്തി. അങ്ങനെ ടോണിയും അമ്മയും അവരുടെ വീട്ടിലേക്ക് തിരികെ പോയി. പിന്നീട് അവൻ വളരെ നല്ല കുട്ടിയായി തന്നെ ജീവിച്ചു.)

(തുടർന്ന് ടോണി അവന്റെ കൂട്ടുകാരെ കാണാനായി എത്തുന്നു)

ഫ്രണ്ട് 1 – എടാ..ടോണീ..മച്ചാനെ എത്ര നാളായെടാ നിന്നെ കണ്ടിട്ട്....

ഫ്രണ്ട് 2 – പിന്നെ എന്തൊക്കെയുണ്ട് അളിയാ വിശേഷങ്ങൾ..

ഫ്രണ്ട് 3 – (സിഗരറ്റ് വലിച്ചുകൊണ്ട് നിൽക്കുന്നു)

ടോണി – ആ...ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് സന്തോഷമായി പോകുന്നു.

ഫ്രണ്ട് 1 – നീ വന്ന സമയം കറക്ടാ..സിഗരറ്റ് വാങ്ങിച്ച് ദാ..ഇപ്പോ പൊട്ടിച്ചതേ ഉള്ളൂ..എടുത്ത് പുകയ്ക്കെടാ..

ഫ്രണ്ട് 2 – ഇന്ന് നമുക്ക് അടിച്ചു പൊളിക്കാം.

ടോണി – ഇല്ല. ഞാൻ ഇനി ഇതു തൊടില്ല. എന്റെ അച്ഛനെ കൊന്ന വിഷമാണിത്. പിന്നെ, എന്നെയും കൊല്ലാൻ നോക്കി. പക്ഷേ സ്വർഗ്ഗസ്ഥനായ ആ ദൈവം എന്റെയും എന്റെ അമ്മയുടെയും പ്രാർത്ഥന കേട്ടു. എന്നെ രക്ഷിച്ചു. അതുകൊണ്ട് പുകവലിച്ച് ജീവൻ നശിപ്പിക്കാൻ ഞാൻ നിങ്ങളെയും സമ്മതിക്കില്ല.

(ഫ്രണ്ട്സിന്റെ കൈകളിൽ ഇരുന്ന സിഗരറ്റുകൾ തട്ടിയെറിയുന്നു)

കൂട്ടുകാർ ദേഷ്യത്തോടെ അവനെ തല്ലുവാൻ ശ്രമിക്കുന്നു.

ഫ്രണ്ട് 1 – എടാ നിന്നെ ഞാൻ..

ഫ്രണ്ട് 2 – എടാ..നീ..(ദേഷ്യത്തോടെ)

ഇതൊക്കെയും ശ്രദ്ധിച്ചുകൊണ്ട് സമീപത്തുനിന്ന ഒരു വയസ്സനായ മനുഷ്യൻ

– വിടവനെ..അരുത്. എന്തിനാണ് നിങ്ങൾ അവനെ ഉപദ്രവിക്കാൻ പോകുന്നത്. അവന്റെ അച്ഛനെ കൊന്നതും അവനെ തന്നെ ഇല്ലാതാക്കുവാനും ഉണ്ടായ ആ.. ദുരന്തത്തിൽനിന്നും നിങ്ങളെരക്ഷിക്കാൻ ശ്രമിച്ചതിനോ? അച്ഛനോടുള്ള അത്രയും സ്നേഹം അത് അവന് നിങ്ങളോടും ഉണ്ടായിരുന്നത് കൊണ്ടാണ്, അവൻ ആ സിഗരറ്റുകൾ നിങ്ങളുടെ കൈകളിൽനിന്നും തട്ടിയെറിഞ്ഞത്. അവനാണ് നിങ്ങളുടെ യഥാർത്ഥ കൂട്ടുകാരൻ, യഥാർത്ഥ കൂട്ടുകാരൻ.

(കൂട്ടുകാർ വിഷമത്തോടെ)

ഫ്രണ്ട് 1 – ക്ഷമിക്കെടാ ഞങ്ങളോട്. നീ ഞങ്ങളെ മരണത്തിൽനിന്നാണ് രക്ഷിക്കാൻ ശ്രമിച്ചത്. ദൈവമാണ് നിന്നെക്കൊണ്ടിത് ചെയ്യിച്ചതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഫ്രണ്ട് 2 – നീ പറഞ്ഞതാണ് ശരി. പുകവലിയും മദ്യപാനവും നമ്മുടെ ജീവൻ നശിപ്പിക്കുന്നതാണ്. അതുകൊണ്ട് നിന്നെപ്പോലെ ഇനി ഞങ്ങളും ഈ ലഹരിക്കെതിരെ ശബ്ദമുയർത്തുകയും മാതാപിതാക്കളെയും ഗുരുക്കന്മാരെയും അനുസരിച്ച് തന്നെ ജീവിക്കുകയും ചെയ്യും.സത്യം. സത്യം സത്യം.

(പുകവലിയും മദ്യപാനവും നമ്മുടെ ആരോഗ്യത്തെ മാത്രമല്ല, കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്നു. നാം തന്നെ നമ്മുടെ തലമുറയെ രക്ഷിക്കാൻ കൂട്ടുചേരുക).

**ശ്രീജിത്ത് എ.കെ.**
പ്രോഗ്രാമർ, സി-ഡിറ്റ്, യുവപ്രതിഭ പുരസ്കാര ജേതാവ്





# കളരിപ്പയറ്റ്

**കേ**രളം ലോകത്തെ പഠിപ്പിച്ച മഹത്തായ ആയോധനകലയാണ് കളരിപ്പയറ്റ്. യുദ്ധകാര്യങ്ങളിലും, ആത്മരക്ഷോപായങ്ങളിലും കേൾവികേട്ട കളരിപ്പയറ്റ്, കലാവിദ്യകളിലും സമുന്നതസ്ഥാനം അലങ്കരിച്ചിരുന്നു. കേരളത്തിൽ ഗ്രാമങ്ങൾ തോറും കളരികളും അതിലൂടെ പയറ്റിതെളിഞ്ഞ അഭ്യാസികളും ഉണ്ടായിരുന്നു. നാടിന്റെ സുരക്ഷയ്ക്കു വേണ്ടി സ്വജീവൻ വെടിയാൻ പോലും തയ്യാറായിരുന്ന ആദർശോജ്ജ്വലമായ കാലം കളരി സംസ്കാരത്തിന്റെ സൃഷ്ടിയാണ്. പണ്ടുകാലത്ത് രാജക്കന്മാർ തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ചിരുന്നത് ചേകവന്മാർ തമ്മിലുള്ള അങ്കം വെട്ടിലൂടെയാണ്. ആയുധം കൈകളിൽ അലങ്കാരമാക്കിയ ധീരയോദ്ധാക്കളും വീര വനിതകളും കേരളത്തിന്റെ അഭിമാനമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. വാളും പരിചയും ഉറുമിയും കഠാരയും, തോക്കിനും ബോംബിനും വഴിമാറി കൊടുത്തിരിക്കുന്ന ഈ കാലത്ത് കളരിപ്പയറ്റിന്റെ പ്രസക്തിക്ക് മങ്ങലേറ്റിട്ടുണ്ട്. എങ്കിലും ആത്മരക്ഷോപായമായ ഒരു ഉത്തമ കായികാഭ്യാസ കലയാണിത്. കളരിവിദ്യ പഠിക്കുന്നത് ശരീരശേഷിയും ആത്മവീര്യവും വർദ്ധിപ്പിക്കും.

ഭാഷാഭേദങ്ങൾ പോലെ തന്നെ കളരിപ്പയറ്റിലുമുണ്ട് ചില പ്രാദേശിക വ്യത്യാസങ്ങൾ. അനവധി വ്യത്യാസങ്ങൾ നിലനിൽക്കെ കളരി സമ്പ്രദായ

ങ്ങളെ മൂന്നായി തിരിക്കാം വടക്കൻ, തെക്കൻ, മദ്ധ്യ കേരള സമ്പ്രദായം. ഇതിനു പുറമേ തുളുനാടൻ, വേണാടൻ, വള്ളുവനാടൻ, ദ്രോണംവെള്ളി, വട്ടേൻ തിരിപ്പ് എന്നിങ്ങനെയും വിഭജനമുണ്ട്. കൃത്യമായ കണക്കുകൾ വച്ചാണ് കളരികൾ നിർമ്മിക്കുന്നത്. വലതുകാൽ വച്ച് കളരിയിൽ കയറുക, ഭൂമി തൊട്ട് നെറുകയിൽ വയ്ക്കുക, പൂത്തറയും ഗുരുത്തറയും വണങ്ങുക ഇങ്ങനെ ഒട്ടേറെ ആചാരങ്ങളുണ്ട് കളരിയിൽ. വ്യക്തിവികാസം, പരിപൂർണ്ണമായ അച്ചടക്കത്തിലും, പരമോന്നത ഗുരുശിഷ്യ ബന്ധങ്ങളിലും അതിഷ്ഠിതമാണ് കളരിപഠനം. ശരീരത്തിന് നല്ല വഴക്കം കിട്ടുന്ന പ്രായത്തിൽ വേണം കളരിപഠനം തുടങ്ങാൻ പഠനത്തിന്റെ അവസാനദിവസം ഗുരുവിന് ദക്ഷിണ നൽകുന്നതോടെ കളരിപഠനം പൂർത്തിയാകും.

കളരിപ്പയറ്റിൽ നാലുതരം പയറ്റുകളുണ്ട്. മെയ്പ്പയറ്റ്, കോൽപ്പയറ്റ്, ആയുധപ്പയറ്റ്, കൈപ്രയോഗം. മെയ്പ്പയറ്റിൽ ആയുധം ശരീരമാണ്. കോൽപ്പയറ്റിൽ വിവിധ നീളത്തിലും വണ്ണത്തിലുമുള്ള വടികൾ. ആയുധപ്പയറ്റിൽ വാൾ, ചുരിക, ഉറുമി തുടങ്ങിയ ആയുധങ്ങൾ. കൈപ്രയോഗത്തിലെ ആയുധം 'കൈ' തന്നെയാണ്. മർമ്മ പ്രയോഗങ്ങളും ഈ ഘട്ടത്തിലാണ് പഠിക്കുന്നത്. കളരിപ്പയറ്റിലെ ഏറ്റവും പ്രധാനപ്പെട്ട പാഠ്യ പദ്ധതിയാണ് മർമ്മവിദ്യ. ഏറ്റവും അവസാനമാണ് മർമ്മവിദ്യയും മർമ്മ ചികിത്സയും പഠിപ്പിക്കുന്നത്. ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചില ഭാഗങ്ങളാണ് മർമ്മങ്ങൾ. ഈ സ്ഥാനങ്ങളിൽ പരിക്കേറ്റാൽ മരിക്കുകയോ, ഗുരുതരാവസ്ഥയിൽ എത്തുകയോ ചെയ്യാം. സിരകളും, നാഡികളും അസ്ഥികളും തമ്മിൽ തമ്മിൽ ചേരുന്നിടം എന്നിവയൊക്കെയാണ് മർമ്മ സ്ഥാനങ്ങൾ. നിരന്തരമായ പരീക്ഷണങ്ങളിൽ നിന്നാണ് ഇത്തരം മർമ്മസ്ഥാനങ്ങളും, മർമ്മ ചികിത്സയും നമ്മുടെ പൂർവികർ കണ്ടെത്തിയത്. കളരിയിൽ നിരവധി ചികിത്സാരിതികളുണ്ട്. അസ്ഥിഭംഗം, ഉളുക്ക്, പേശിവേദന തുടങ്ങിയവയ്ക്ക് കളരിചികിത്സ വളരെ ഫലവത്താണ്. കൈ ഉഴിച്ചിൽ, ചവിട്ടി ഉഴിച്ചിൽ എന്നിവ വളരെ പ്രയോജനകരമാണ്. കളരികളിൽ സ്വശൈലിഭാഷ പ്രയോഗങ്ങളാണ് പഠനത്തിന് വേണ്ടി ഉപയോഗിക്കുന്നത് ഇവയെ 'വായ്ത്താരി' എന്നാണ് പറയുന്നത്. വായ്ത്താരി പറഞ്ഞുകൊണ്ടാണ് കളരിപഠിപ്പിക്കുന്നത്. കളരിപ്പയറ്റിലെ വേഷമാണ് കച്ച. കച്ചകെട്ടൽ പലവിധമുണ്ട് കുതിര മുഖം, ആനമുഖം ഇങ്ങനെ പോകുന്നു കച്ചകെട്ടിന്റെ സമ്പ്രദായങ്ങൾ. എതിരാളിയെ നിശ്ചലനാക്കുന്ന ചില വിദ്യകൾ കളരിയിലുണ്ട്. അവയാണ് പൂട്ടുകൾ. കൈയും, കാലും ഉപയോഗിച്ച് എതിരാളിയെ പൂട്ടിയിടൽ. പിന്നെ അവയ്ക്ക് ചലിക്കാനാവില്ല. ആനവാരി, കത്രികപ്പൂട്ട്, മുടിവാരി, മദ്ദളക്കെട്ട് ഇങ്ങനെ പോകുന്ന പൂട്ടുകൾ. പൂട്ടാൻ മാത്രമല്ല ഇത്തരം പൂട്ടുകൾ അഴിക്കാനുള്ള വിദ്യകളും കളരിയിൽ പഠിപ്പിക്കാറുണ്ട്.

ശരീര ശാസ്ത്ര പഠനത്തിന്റെ അടിസ്ഥാനത്തിൽ ശരീര സംരക്ഷണത്തിന് ആവശ്യമായ ആക്രമണ പ്രത്യാക്രമണ മുറകൾ താളലയത്തിൽ യോജിപ്പിച്ച് നമ്മുടെ പൂർവ്വികർ സൃഷ്ടിച്ച അഭ്യാസരൂപമായ കളരിപ്പയറ്റ് നൂറ്റാണ്ടുകൾക്കുശേഷം ഇന്നും നിലനിൽക്കുന്നു.



31st July, 2014

# demand for SALARY HIKE








സി-ഡിറ്റിലെ ജീവനക്കാർ കുറഞ്ഞ ശമ്പളത്തിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്നു. ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നാവശ്യം നിരന്തരം സി.ഇ.എ. മാനേജ്മെന്റിനോട് ആവശ്യപ്പെട്ടു വരുന്നു. ബഹുഭൂരിപക്ഷം വരുന്ന കരാർ/ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയൊന്നും സ്വീകരിക്കാത്ത മാനേജ്മെന്റ് മൂന്ന് താൽക്കാലിക ജീവനക്കാരുടെ ശമ്പളം ഇരട്ടിയായി നിശ്ചയിച്ച് ഉത്തരവിറക്കി. തികച്ചും രാഷ്ട്രീയ അജണ്ടകൾ നടപ്പിലാകുന്നതിന്റെ ഭാഗമായുള്ള പ്രസ്തുത ഉത്തരവ് പിൻവലിക്കുകയോ അല്ലെങ്കിൽ മറ്റുള്ള ജീവനക്കാർക്കും ഇതേ രൂപത്തിൽ ശമ്പളം വർദ്ധിപ്പിക്കാൻ തയ്യാറാകണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ സി-ഡിറ്റ് ഡയറക്ടർ,







രജിസ്ട്രാർ എന്നിവർക്ക് അപേക്ഷകൾ നൽകി. ജൂലൈ 31 തീയതി സി-ഡിറ്റ് ഹെഡ് ഓഫീസിൽ അണിനിരന്ന ജീവനക്കാർ ഓരോരുത്തരായി ഡയറക്ടറുടെയും രജിസ്ട്രാറുടെയും മുറിയിലെത്തി. അവരുടെ ശമ്പളം വർദ്ധിപ്പിക്കന്നതിന്റെയും പുതിയതായി നിയമിച്ച ട്രെയിനികളും സീനിയറായ മറ്റ് ജീവനക്കാരുടെ ശമ്പളവും തമ്മിലുള്ള വ്യത്യാസവും അപാകതയും ചൂണ്ടികാട്ടി അപേക്ഷകൾ സമർപ്പിച്ചു. അനുകൂല നിലപാട് എടുക്കാതിരിക്കുന്ന ഡയറക്ടർ പലരോടും അവരെ അവഹേളിക്കുന്ന വിധമാണ് സംസാരിച്ചത്. കൂടാതെ അപേക്ഷ നൽകാൻ വന്ന എല്ലാ പേരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനും അവരുടെ പ്രയാസങ്ങൾ കേൾക്കാനും തയ്യാറായില്ല. സി-ഡിറ്റിന്റെ ചരിത്രത്തിൽ ഇല്ലാത്തവണ്ണം തികഞ്ഞ അനീതിയും വിവേചനവുമാണ് ഇന്ന് സി-ഡിറ്റിൽ നടക്കുന്നത്. സ്ഥാപനത്തിനുവേണ്ടി കഷ്ടപ്പെടുന്ന ബഹുഭൂരിപക്ഷത്തിനും അർഹമായ വേതനം നൽകാതിരിക്കുക അവരെയെല്ലാം അവഗണനയോടെ മാറ്റിനിർത്തുക എന്നിങ്ങനെ വേതനം നിശ്ചയിക്കുന്നതിലും നൽകുന്നതിലും മാടമ്പി സ്വാഭാവത്തിലുള്ള സമീപനമാണ് കഴിഞ്ഞ മൂന്ന് വർഷമായി മാനേജ്മെന്റ് സ്വീകരിച്ചു പോരുന്നത്. നീതിപൂർവ്വം എല്ലാ വിഭാഗം ജീവനക്കാർക്കും ശമ്പളം വർദ്ധിപ്പിക്കണമെന്നാവശ്യം കേൾക്കാൻ തയ്യാറാകാത്ത മാനേജ്മെന്റിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നു. ഏതാനും വ്യക്തികളെ കേന്ദ്രീകരിച്ചുള്ള തീരുമാനങ്ങൾ സർവ്വീസ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായിട്ടുപോലും അനുസ്യൂതം സി-ഡിറ്റിൽ തുടരുകയാണ്. മറ്റുള്ള എല്ലാ ജീവനക്കാർക്കും ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള പോരാട്ടം തുടരുമെന്ന് കൂട്ട അപേക്ഷ നൽകാൻ വന്ന ജീവനക്കാരുടെ യോഗത്തിൽ സി.ഇ.എ. പ്രഖ്യാപിച്ചു. സി.ഇ.എ. വൈസ് പ്രസിഡന്റുമാരായ സ.സജിനാരായണൻ, സ. ബൈജു ആട്ടുകാൽ, ട്രഷറർ സ. മുകേഷ് എ.പി., ജോയിന്റ് സെക്രട്ടറിമാരായ സ. സാജൻ അമ്പാടിയിൽ, സരിത വി.റ്റി, ഓഡിറ്റർ സ. പ്രീതി കൃഷ്ണ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സഖാക്കൾ കുമാർ, ജയമോഹൻ, ജിബി പി. എബ്രഹാം, പ്രദീപ്, ഗോപികൃഷ്ണൻ, പ്രശാന്ത്, മനു, റീജ, ദീപ, സുർജിത്ത്, അനിൽകുമാർ, മനോജ് രാമൻ, അജീഷ്, സുധീഷ്, മഹേഷ് പഞ്ചു, പ്രേംസുജ എന്നിവർ കൂട്ട അപേക്ഷ സമർപ്പണത്തിന് നേതൃത്വം നൽകി.

31st July, 2014

# SALARY HIKE



**രഞ്ജിത് ആർ.ജി,**
അനിമേഷൻ ട്രെയിനി,
സൈബർശ്രീ



# അവൾ

നെറുകയിൽ ചന്ദനം ചാലിച്ച പെണ്ണേ നിൻ
കുങ്കുമം പൂക്കും കവിൾത്തടം തരുമോ
മൃദുലമാ കവിളിടം തൊട്ടുതലോടി എൻ
വിരൽകളാൽ ചിത്രം വരച്ചിടും ഞാൻ

കാതരേ നീ എൻ അരികിലണയുകിൽ ഒരു
കവിതയായ് നെഞ്ചോടു ചേർത്തുവയ്ക്കാം
ആദ്യമായ് തോന്നിയൊരിഷ്ടത്തിൻ മാധുര്യം
ഹൃദയത്തിൽ നിന്നും പകുത്തു നൽകാം.

വെൺ തിങ്കൾ തോൽക്കും മുഖകാന്തിയും
ആരും കട്ടെടുക്കാതെ ഞാൻ കാത്തുവയ്ക്കാം
ഇന്നു നീ നിൽക്കും വഴിത്താരയിൽ
ഞാൻ എന്നും നിനക്കായ് കാത്തു നിൽക്കാം

ആരു നീ സുന്ദരി നിദ്ര കെടുത്തുവാൻ
വിണ്ണിലിറങ്ങിയ ദേവതയോ...
ആകുമോ നിന്നെയൻ നെഞ്ചോടു ചേർക്കുവാൻ
അതോ വെറുമൊരു മോഹമായകന്നു പോകുമോ
നീ ഒരു വ്യർദ്ധമാം സ്വപ്നമായ് മാഞ്ഞുപോകുമോ...






# വിജയൻ വിരമിച്ചു



സ: വിജയൻ ഔദ്യോഗികമായി സർവീസിൽ നിന്ന് വിരമിച്ചു. ഭാവിജീവിതത്തിന് എല്ലാവിധ വിപ്ലവാശംസകളും നേരുന്നു.



**ബി.ആർ.കെ.**
സി-ഡിറ്റ്



# ഓന്തുകൾ

സമയംകൊല്ലാനുള്ള ഒരു വഴിയും കാണാതെ രണ്ടാം ശനിയാഴ്ച കനിഞ്ഞുനൽകിയ ആലസ്യത്തിൽ ഉമ്മറത്തെ ചാരുകസേരിൽ ചടഞ്ഞുകൂടാനൊരുങ്ങിയപ്പോഴാണ് എന്റെ ശ്രദ്ധയുടെ വലയത്തിലേക്ക് ഒരു ഓന്ത് കടന്നുവന്നത്. ചുറ്റുമതിലിന്റെ ഒരറ്റത്തുനിന്ന് ഇഴഞ്ഞ് മറ്റേ അറ്റത്തേയ്ക്കുള്ള യാത്രയിലാണ് ആശാൻ. ആദ്യകാഴ്ചയിൽ പച്ചനിറമായിരുന്നവൻ എന്റെ അവസാനത്തെ കാഴ്ചയ്ക്കുമുമ്പ് ഇളം മഞ്ഞനിറമായിരുന്നു. ഏതാണ്ട് വിളഞ്ഞ ഗോതമ്പുനിറം. ഇന്നലത്തെ കെട്ടുവിടാത്തതാണോ അതോ പ്രത്യേകിച്ചു പണിയൊന്നും ഇല്ലാത്തതുകൊണ്ടാണോ; എന്റെ ചിന്തകൾ ഓന്തുകളെ ചുറ്റിപ്പറ്റി തന്നെ നിന്നു. എന്റെ മനസ്സിൽ പലതരത്തിലുള്ള ഓന്തുകളുടെ ഫ്രെയിമുകൾ മിന്നിമറഞ്ഞു.

***ചിരിക്കുന്ന ഓന്തുകൾ, ചിരിക്കാത്ത ഓന്തുകൾ, മിണ്ടുന്ന ഓന്തുകൾ, മിണ്ടാത്ത ഓന്തുകൾ, നടക്കുന്ന ഓന്തുകൾ, നടക്കാത്ത ഓന്തുകൾ, നടക്കുമ്പോൾ ശബ്ദമുള്ള ഓന്തുകൾ, ശബ്ദമില്ലാത്ത ഓന്തുകൾ, പൊക്കമുള്ള ഓന്തുകൾ, പൊക്കമില്ലാത്ത ഓന്തുകൾ, ഇരുചക്രത്തിൽ കയറുന്ന ഓന്തുകൾ, ഓട്ടോയിൽ കയറുന്ന ഓന്തുകൾ, ടവേറയിൽ കയറുന്ന ഓന്തുകൾ, ചിലന്തിവലയിൽ ഞെളിഞ്ഞിരിക്കുന്ന ഓന്തുകൾ (തവളകളല്ല), മോർച്ചറിയിൽ മാത്രമിരിക്കുന്ന ഓന്തുകൾ, ഒന്നുമറിഞ്ഞുകൂടാത്ത-പൊട്ടൻകളിക്കുന്നഓന്തുകൾ, K&K ഓന്തുകൾ, ജാഡയുള്ള ഓന്തുകൾ, ലിപ്സ്റ്റിക്കിട്ട ഓന്തുകൾ, കോടികൾ വിലയുള്ള ഓന്തുകൾ, റോക്കറ്റുവിടുന്ന ഓന്തുകൾ,***

***വാണംവിടുന്ന ഓന്തുകൾ, സൈൺ ഓന്തുകൾ, ചാനൽ ഓന്തുകൾ, ഡിജിറ്റൽ ഓന്തുകൾ*** ഇങ്ങനെ എണ്ണമറ്റ ഓന്തുകൾ ക്ലോസ് ഫ്രെയിമിൽ ഫാഷൻ പരേഡ് നടത്തി.

മിക്ക ഓന്തുകളും തികച്ചും സൗഹൃദപരമായ അന്തരീക്ഷത്തിൽ ഇടപഴകി ജീവിക്കുന്നവയാണ്. താരതമ്യേന വിഷാംശം ഉള്ളവയാണെങ്കിലും പൊതുവേ അപകടകാരികളല്ല. എന്നാൽ തങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് കോട്ടമുണ്ടാക്കുന്ന സാഹചര്യങ്ങളെ മുൻകൂട്ടി കാണാനും പ്രതികരിക്കാനും ഇവയ്ക്ക് പ്രത്യേക കഴിവുണ്ട്. ശത്രുക്കളെ സ്വയം കണ്ടെത്താനും അവയോടു കൂടുതൽ സൗഹാർദ്ദപരമായി പെരുമാറാനും ഉള്ള പ്രത്യേക കഴിവാണ് ഇവയുടെ പൊതുസ്വഭാവം.

***പുറംപണികൾക്കായി ഡ്യൂട്ടിപാസ് സംഘടിപ്പിക്കാനും അന്യന്റെ പത്തായത്തിലെ നെല്ലുകുത്തി കഞ്ഞിയുണ്ടാക്കാനും കഴിവുള്ള ഒരു വിഭാഗമുണ്ട്;*** ആവിപറപ്പിച്ചു കാര്യം സാധിക്കാനുള്ള സവിശേഷമായ കഴിവ് ഇവയുടെ മാത്രം പ്രത്യേകതയാണ്. ഒരു സെക്കന്റിൽ 16 പ്രാവശ്യം നിറം മാറാൻ കഴിയും എന്നതാണ് മറ്റൊരു പ്രത്യേകത.

***തലകുനിച്ച് മുഖത്ത് നോക്കാതെ ആരോടും മിണ്ടാതെ ദയനീയഭാവം മുഖത്തുവരുത്തി; നടക്കുമ്പോൾ ശബ്ദമുണ്ടാക്കി സഞ്ചരിക്കുന്നവയാണ് മറ്റൊരു വിഭാഗം.*** തന്നിഷ്ടം കാണിച്ച് ഏതെങ്കിലും വെട്ടിൽ വീഴുമ്പോൾ; എനിക്കൊന്നുമറിയില്ല എന്ന ഭാവത്തിൽ പൊട്ടൻകളിക്കുന്ന ഇവ ഉഗ്രവിഷമുള്ള ഇനമാണ്. ഉന്നതകുലജാതരെന്ന് സ്വയം അഹങ്കരിക്കുന്ന ഇവ അർഹതയില്ലാത്ത സൗകര്യങ്ങൾക്കായി അത്യാഗ്രഹം വച്ചുപുലർത്തുന്നവയാണ്. മറ്റ് ഉഗ്രവിഷമുള്ള ഉന്നത സ്ഥാനമുള്ള ഓന്തുകളുമായി നിരന്തരബന്ധം പുലർത്തുന്ന ഇവ, സഹജീവികളോടു കരുതലോ സൗഹൃദമോ ഇല്ലാത്ത ഇനമാണ് എന്നു മാത്രമല്ല സ്വന്തം കാര്യത്തിനായി ആരെയും തെറ്റിദ്ധരിപ്പിക്കാൻ പ്രത്യേക വൈദഗ്ധ്യവുമുണ്ട്.

***സാഹചര്യത്തിനനുസരിച്ച് തരാതരം പോലെ എല്ലാം സൗമ്യമായി സമ്മതിച്ചുകൊടുക്കുന്ന വെള്ളികെട്ടിയ മറ്റൊരു വിഭാഗമുണ്ട്.*** വിഷാംശം ഏറെയുണ്ടെങ്കിലും ശാന്തസ്വഭാവമുള്ള ഇവ വളരെ പെട്ടെന്ന് ചുറ്റുപാടുകളുമായി ഇഴുകിച്ചേരുകയും ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്യും. തികഞ്ഞ നേതൃത്വപാടവം പ്രകടിപ്പിക്കുന്ന ഇവ, നിർണ്ണായകസമയങ്ങളിൽ തികഞ്ഞ നിസഹായത പ്രകടിപ്പിക്കുന്ന ഒരു ഇനമാണ്.

ലോകം അറിയുകയും അംഗീകരിക്കുകയും ചെയ്ത എല്ലാ പ്രഗൽഭരും പ്രായോഗികബുദ്ധിയില്ലാത്തവരാണെന്നും അവരുടെ ഏതു പ്രവർത്തിയേയും നിശിതമായി വിമർശിക്കുകയും ചെയ്യുന്നതാണ് മറ്റൊരു വിഭാഗം. കോടികളിൽ മാത്രം താൽപര്യം പ്രകടിപ്പിക്കുന്ന ഇവ എല്ലായ്പ്പോഴും തിരക്കഭിനയിക്കുന്നവയും അദ്ധ്വാനികളുടെ ഗണത്തിൽപ്പെടാനാഗ്രഹിക്കുകയും ചെയ്യുന്നവയാണ്. കൂലി, വില, ലാഭം എന്നീ വാക്കുകളിൽ ആവേശംകൊള്ളുന്ന സവിശേഷസ്വഭാവം ഇവ പ്രകടിപ്പിക്കാറുണ്ട്.

പറഞ്ഞുനടക്കാനുള്ള നിരന്തര പ്രവണത കാണിക്കുന്ന മറ്റൊരു വിഭാഗമുണ്ട്. കിളികൾ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇവ വിളഞ്ഞ ഗോതമ്പുനിറമുണ്ട് എന്ന് അവകാശപ്പെടുന്നവയാണ്. സാമാന്യം വലിപ്പമുള്ള പ്രായംചെന്ന ഉഗ്രവിഷമുണ്ടെന്ന് സ്വയം ഊറ്റംകൊള്ളുന്ന



ഓന്തുകളുടെ സാമീപ്യം ഇഷ്ടപ്പെടുന്ന ഇവ 1:2 എന്ന അനുപാതത്തിലാണ് സാധാരണ കണ്ടുവരുന്നത്. നിറം മാറുന്നതിൽ പൊതുവെ വിമുഖത കാണിക്കുന്ന ഇവ കൂടെയുള്ള ഉഗ്രവിഷ ജീവിയെ ഉപയോഗിച്ച് തൻ കാര്യം സാധിക്കുകയാണ് പതിവ്.

പഞ്ചസാരയോടും പാൽപ്പൊടിയോടും അന്തവിട്ട ഇഷ്ടം കാണിക്കുന്ന അപൂർവ്വ ഇനത്തിൽപ്പെട്ട ഈ വിഭാഗം, സ്വന്തം ഇണയെ സംരക്ഷിക്കുന്നതിൽ സദാജാഗരൂകരാണ്; ഒട്ടും വിഷമില്ലാത്ത ഇവ സ്വന്തം ഇണയ്ക്കുവേണ്ടി ലോകമഹായുദ്ധം നയിക്കാനും തയ്യാറാണ്. ഭരണിപ്പാട്ടിനെപ്പോലും വെല്ലുന്ന നശീകരണകാരികളായ മാരകായുധങ്ങൾ പേറുന്ന ഇവ വർഷത്തിൽ രണ്ടുതവണ ഉറഞ്ഞുതുള്ളാറുണ്ട്.

സൂപ്പർമാർക്കറ്റുകളെയും അവിടുത്തെ ചാക്കുകണക്കിന് അരിയും പലജ്വ്യഞ്ജനങ്ങളും ഇഷ്ടപ്പെടുന്ന ഒരു സവിശേഷ ഇനമാണിത്. എപ്പോഴും മന്ദസ്മിതം തൂകുന്ന ഇവ സാങ്കേതികത ഒട്ടും ഇല്ലാത്ത വിഭാഗമാണ്. കച്ചേരി നടപടികളോട് കടുത്ത വെറുപ്പ് പ്രകടിപ്പിക്കുമ്പോഴും ഇത്തരം നടപടികളിൽപ്പെടുകയാണ് പ്രധാന ഹോബി. വിഷാംശം തീരെ കുറവായ ഇവ ശുദ്ധന്റെ ഫലം തരുന്ന ഇനമാണ്.

കളർപെൻസിലിന്റെയും നോട്ടുപുസ്തകങ്ങളുടെയും പേരിൽ വാശിപിടിച്ചു കരയുന്ന ഇനത്തിൽപ്പെട്ടതാണ് മറ്റൊന്ന്. കിളികളുടെ സാമീപ്യം ഇഷ്ടപ്പെടുന്ന ഇവ, കിളികൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ശ്രദ്ധ കാണിക്കുന്ന വിഭാഗമാണ്. വാർത്തകൾ ശേഖരിക്കാനും വിശകലനം ചെയ്യാനും കണക്കുകൾ തീർക്കാനും കിളികളെ ഉപയോഗിക്കുന്ന ഇവ, കരയുന്ന കിളികളെ ആശ്വസിപ്പിക്കാനും സമയം കണ്ടെത്താറുണ്ട്.

ഇങ്ങനെ ഓന്തുകളുടെ ഫാഷൻ പരേഡ് കണ്ടിരുന്ന എന്നെ ഉണർത്തിയത് ഒരു കുപ്പി ദ്രാവകവുമായി കയറിവന്ന ശശി മേശിരിയാണ്. വിഘ്നേശ്വരനെ മനസ്സിൽ ധ്യാനിച്ച് പതിവുതെറ്റിക്കാതെ ആചാരമനുസരിച്ച് തന്നെ അങ്ങു തുടങ്ങി.



**മഹേഷ് പഞ്ചു**
ഗോർക്കിഭവൻ



# പൂച്ചപ്രസവം

**ഷി**ക്കംബര എന്ന പൂച്ച നാലാമതും പെറ്റു, നാലു കുട്ടികൾ
കണ്ടൻ പൂച്ചയെപ്പോലെ കറുപ്പും വെളുപ്പും രണ്ടെണ്ണം
ഷിക്കംബരയെപ്പോലെ മഞ്ഞയും വെളുപ്പും രണ്ടെണ്ണം
ഇതു കണ്ട സുരേഷ്ഗോപിപൂച്ച ഖിന്നനായി...!
മ്യാവൂ..... മ്യാവൂ....

*with best compliments from*

**BON-U-TECH DIGITAL STUDIO**
THYCAUD, TRIVANDRUM

*best wishes from*

WELL WISHER
TRIVANDRUM

# ചാമരൻ

### ◎രാവണൻ വീണ്ടും വന്നു, രാമന്റെ കസേര പോയി.

ഫ്രാഞ്ചൈസ് ലങ്കയിൽ അല്ലറ ചില്ലറ വെട്ടിപ്പും തട്ടിപ്പും കമ്മീഷനുമായി കഴിയവെ രാവണ ഭഗവാന്റെ നാവുദോഷം മൂലം സ്ഥാനഭ്രഷ്ടനായി കുറച്ചുകാലം അയൽ കൊട്ടാര പഠനശാലയിൽ നല്ല നടപ്പിനും സരസ്വതി കടാഷത്തിനും വിട്ടിരുന്നുവത്രെ. സകല അഭ്യാസമുറകളും പഠിച്ച് കച്ചേരിനടയിലെ പരിശോധനാദോഷങ്ങളെല്ലാം ഇല്ലാതാക്കി രാവണ ഭഗവാൻ ഫ്രാഞ്ചൈസികൊട്ടാരത്തിൽ തിരിച്ചെത്തി. ഭഗവാൻ രാമന്റെ തോളിൽ കസേര ഇട്ടിരുന്നു എന്നു കേൾവി.

*"ലങ്കാദഹനം"*

### ◎ഓം ഹ്രീം കുട്ടിച്ചാത്തായേ നമഹ....



പൈപ്പുംമൂട്ടിലെ ഒരു വീട്ടിൽ ദിനവും കുട്ടിച്ചാത്തൻ സേവയാണെത്ര... മണി ശബ്ദവും പുകയും ഭസ്മവും പൊടിപടലവും മന്ത്രവാദികളുടെ അലർച്ചയും കുട്ടിച്ചാത്ത കൂട്ടത്തിന്റെ ഇക്കിളി ചിരിയൊച്ചയും കാരണം പൊറുതി മുട്ടിയ നിവാസികൾ പരിസ്ഥിതി മലിനീകരണ നിവാരണ ക്രിയ ആവശ്യപ്പെട്ടതിനെ തുടർന്ന് കെട്ടിട ഉടമ ഒഴിപ്പിച്ച് ശുദ്ധികലശം നടത്തിയത്രെ.

*"ഒഴിപ്പിക്കൽ സ്വാമികളെ.... തിരുവല്ലം മറക്കരുതെ!"*

### ◎മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയാൻ സി-ഡിറ്റിലെ സിംഗ്...




MVD നേരെയാക്കാൻ വന്ന കമ്മീഷണർ സിംഗ് സലാം പറഞ്ഞുപോയ വിടവ് നികത്താൻ 'അഴിമതി' എന്ന് കേട്ടാൽ ചോര തിളയ്ക്കും, പിന്നെ ആക്രാന്തമാണ്... പോക്കറ്റ് നിറഞ്ഞാലെ ശ്വാസം വിടൂ, എന്ന് പേരുകേട്ട സക്ഷാൽ ഹരീന്ദ്രർ സിംഗിനെ സി-ഡിറ്റ് അയച്ചിരിക്കുകയാണത്രെ. ഇതിനായുള്ള ഇന്റർവ്യൂയിൽ പങ്കെടുത്ത് യോഗ്യതാ റൗണ്ടിലും റാങ്ക് ലിസ്റ്റിലും വെളിയിലായെങ്കിലും അണ്ണൻ തമ്പി പിണക്കം മാറ്റി യജമാനക്കൂട്ടത്തിൽപ്പെട്ടതോടെ യേമാൻ ട്രാൻസ്ഫർ ഉത്തരവിലൂടെ മാനേജർ സിംഗ് ആക്കി ആർ.ടി ഓഫീസുകളെ ശരിയാക്കാൻ വിട്ടിരിക്കുകയാണെന്ന്.

മുൻ സിംഗ് എന്തോന്ന് സിംഗ്

സി-ഡിറ്റിന്റെ സിംഗ് അല്ലേ സിംഗ്...

*"ഓപ്പറേഷൻ സിംഗ്സ്റ്റാർ - 2014"*



### ◎മ്യൂസിക് ചെയർ മത്സരത്തിൽ അലക്സ് പാണ്ഡ്യനു തോൽവി. കായിക വാർത്ത.

മാസങ്ങൾക്കു മുൻപേ വഞ്ചിയൂർ പ്രദേശത്ത് ഓണാഘോഷ കായിക മത്സരങ്ങൾ തുടങ്ങി. കൈകൊട്ടി കളി, കോൽക്കളി, കസേര വിത്ത് പൂരപ്പാട്ട് ഉൾപ്പെടെയുള്ള പലതരം കളികൾ നടന്നുവരുന്നു. പ്രമുഖരായ പലരും പങ്കെടുക്കുന്ന മത്സരങ്ങൾ പുരോഗമിക്കുന്നുണ്ട്. ഏകാംഗങ്ങളായും ടീമായും മത്സരിക്കുന്നവരിൽ പലർക്കും അവിടുത്തെ പ്രമുഖ വനിതാ കായിക താരങ്ങളുടെ പരിശീലനം ലഭിച്ചിട്ടുള്ളവരാണ്. ആദ്യമത്സരയിനമായ കസേര വിത്ത് പൂരപ്പാട്ടിൽ വേലുത്തമ്പി ദളവ ടീമിനോട് ഏറ്റുമുട്ടിയ കുട്ടി അലക്സ് പാണ്യൻ ടീമിന് ആദ്യ റൗണ്ടിൽ അപ്രതീക്ഷിത തോൽവി. വിദേശ സമാജിക കോച്ചുമാരുടെ പരിശീലനം ലഭിച്ചു കൊണ്ടിരിക്കുന്ന ദളവ ടീമിനെ നേരിട്ട നാടൻ കോച്ചുമാരുടെ പിടിപ്പ് കേടാണെന്നും വിധികർത്താക്കളായ സെക്രട്ടറിയേറ്റിലെ ആശാന്മാരെ 'ജി' യുടെ നേതൃത്വത്തിൽ അവിഹിതമായി സ്വാധീനിച്ചുവെന്നും കരയോഗ ആശാന്മാരും ഒരു മന്ത്രിയും മത്സരത്തിനിടയിൽ ഇടപെട്ടു എന്നും ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്.

*"തോൽവി വിജയത്തിലേയ്ക്കുള്ള ചവിട്ടു പടി."*

### ◎ഇടുക്കി ഗോൾഡ്

സി-ഡിറ്റിന്റെ ആസ്ഥാന പാരകളുടെ കൂട്ടായ്മ വീണ്ടും രൂപപ്പെട്ടിരിക്കുന്നു എന്ന്, പഴയകാല പാരസ്മരണകൾ പുതുക്കി തിരുവല്ലത്ത് കമ്പനിയുടെ തിരിച്ചുവരവിന് കളമൊരുക്കിയത്രെ. പലയിടത്തായി ചിതറി കിടന്ന കമ്മിറ്റിയംഗങ്ങൾ തിരുവല്ലം കുന്നിൽ കമ്പനി സെക്രട്ടറിയുടെ നേതൃത്വത്തിൽ എത്തിയിരിക്കുന്നു. കമ്പനി താല്പര്യങ്ങളല്ലാതെ ഒന്നും നടക്കാൻ പാടില്ലെന്നും മറ്റൊരാൾക്കും ഒന്നും കിട്ടാൻ പാടില്ലെന്നും കരുതുന്ന കമ്പനി റോഡ്ഷോ തുടങ്ങി എന്ന്. കോളനികളുടെ ആധിപത്യം സ്ഥാപിക്കാനും അവിടുത്തെ സ്വാതന്ത്ര്യ പോരാളികളെ ഉന്മൂലനം ചെയ്യാനും നിയോഗിക്കപ്പെട്ട ബ്രിട്ടീഷ് വൈസ്രോയിമാരെപ്പോലെ സി-ഡിറ്റിലും നിയോഗിക്കപ്പെട്ട വൈസ്രോയിയുടെ അനുഗ്രഹാശംസകളോടെ കഞ്ചാവ് തോട്ടത്തിൽ കയറിയ ഗഞ്ചന്മാരെപ്പോലെ ടി കമ്പനി ഉഷാറാണെത്രെ.

*"തറവേശ്രീ, സഹകരണ സംഘം ക്ലിപ്തം ആക്കപ്പെടും" -എൻ.എൻ.പിള്ള*

### ◎സീനിയേഴ്സ് മൈക്ക് ലേഹ്യം - പരസ്യം

പ്രശസ്ത ഗണിതൻ പുളിമൂട്ടിൽ പിള്ള വൈദ്യൻ പ്രത്യേകം തയ്യാറാക്കിയ 'മൈക്ക്' ലേഹ്യം വിപണിയിൽ ഇറങ്ങി. പലവിധ ചേരുവകൾ അടങ്ങിയ സീനിയേഴ്സ് മൈക്ക് ലേഹ്യം കഴിച്ചാൽ 'ജീ' കടാക്ഷവും 'അനിയൻ' ശക്തിയും ലഭിക്കും. പ്രമോഷ രോഗത്തിന് വളരെ നല്ലത്. ദിവസവും ഫോൺ മാർഗ്ഗം സേവിക്കുന്നതാണ് ഉത്തമം. 55+ നു ഗുണകരം. കാൽമുട്ട് നടുവേദന, കഫം, പിത്തം എന്നിവയെല്ലാം ഉടൻ ഒഴുകി പോകുന്നതിനോടൊപ്പം ഇരിക്കുന്ന കസേരയിൽ ദീർഘായുസ്സും കിട്ടും. ചെറുപ്പക്കാർ പാലിലും പഴത്തിലും ചാലിച്ചു വേണം സേവിക്കാൻ. മുടക്കമില്ലാതെ ഒരു വർഷം സേവിച്ചാൽ 10%-ത്തിൽ നിന്നും 25% വളർച്ചയുണ്ടാകും. ബന്ധപ്പെടേണ്ട വിലാസം.

വേലപ്പവിലാസം വൈദ്യശാല.

പുളിമൂട്, ഫോൺ - 0471,000055

### ◎'വണ്ടിച്ചോർ' ന്മാരെ പിടിക്കാൻ തിരുവല്ലത്ത് ട്രാഫിക് സ്റ്റേഷൻ...വാർത്ത.

തിരുവല്ലം കുന്നിലുള്ള 'വണ്ടിചോർ'ന്മാരെ പിടിക്കാൻ പ്രത്യേക ട്രാഫിക് സ്റ്റേഷൻ വന്നു. ചുവപ്പും നീലയും ബോർഡു വെച്ച വണ്ടികൾ തട്ടിക്കൊണ്ടുപോയി കന്യാകുമാരി, വേളി, പേട്ട, കഴക്കൂട്ടം, തൈക്കാട് എന്നിവിടങ്ങളിൽ കയറി ആവശ്യം കഴിയുമ്പോൾ ഉപേക്ഷിക്കുകയാണ് 'വണ്ടിചോർ' ന്മാരുടെ പതിവ്. സെക്രട്ടറിയേറ്റ് ഉൾപ്പെടെ പല വകുപ്പിലും വണ്ടിച്ചോർന്മാർ കടന്നു കയറാൻ ഉപയോഗിക്കുന്നത് ഇത്തരത്തിൽ അടിച്ചു മാറ്റുന്നതും ഡ്രൈവർമാരെ കത്തി കാട്ടി കൊണ്ടുപോകുന്നതുമായ വാഹനങ്ങളിലാണത്രെ. സർക്കാർ അടുത്തിടെ ഇവർക്കുവേണ്ടിയുള്ള വല വീശി ചിലരെ കുടുക്കിയിട്ടുണ്ട്. തിരുവല്ലത്തെ തലവൻ അസിസ്റ്റന്റ് കമ്മീഷണറുടെയും ഒരു വനിത എസ്.ഐയുടെയും നേതൃത്വത്തിൽ വണ്ടി പിടിത്ത സ്ക്വാഡ് നിലവിൽ വന്നു. തിരുവല്ലം, ഗോർക്കി പ്രദേശങ്ങളിൽ നിന്നും വൻ വണ്ടി വേട്ടയാണ് പ്രത്യേക സംഘം നടത്തിയത്. ചില 'വണ്ടിച്ചോർ' ന്മാർ അന്യസംസ്ഥാനങ്ങളിലേക്കു കടന്നതായും കേൾക്കുന്നു.

തിരുവനന്തപുരം നഗരസഭ 'പിടിത്ത'ക്കാരെ കിട്ടാത്തതിനാൽ തിരുവല്ലത്തെ പ്രത്യേക സംഘത്തിന്റെ സേവനം സർക്കാരിനോട് ആവശ്യപ്പെട്ടതായി അറിയുന്നു.

*"കൂര കത്തുമ്പോൾ വാഴ വെട്ടരുത്."*

### ◎ഡ്രൈവർമാർക്ക് ബോധവൽക്കരണ ശില്പശാല



വണ്ടി പിടിത്ത സംഘത്തലവനും എസ്.ഐ. മാഡവും പ്രത്യേകം പ്രത്യേകം ബോധവൽക്കരണ ക്ലാസ്സുകൾ ഡ്രൈവർമാർക്ക് നൽകിയത്രെ.

മുഖ്യതലവൻ, ട്രാഫിക് എ.സി.: പ്രധാനമായും ട്രാഫിക് സിഗ്നൽസിനെക്കുറിച്ചും ആളുകളെ കയറ്റേണ്ട രീതിയെക്കുറിച്ചും പോകേണ്ട സ്ഥലങ്ങളെ കുറിച്ചുമാണ് ഊന്നൽ നൽകിയത് എന്ന്. പുണ്യസ്ഥലസന്ദർശനങ്ങൾ, മന്ത്രി ഓഫീസിലെ സെക്രട്ടറിമാരുടെ രഹസ്യഓട്ടങ്ങൾ ഒഴികെ മറ്റൊരിടത്തും പോകരുത്! ഇടതുപക്ഷത്തുകൂടി കയറാൻ വരുന്നവരെ കയറ്റരുത്! ഇടത്തോട്ട് തിരിക്കാൻ പറഞ്ഞാൽ വലത്തോട്ട് തിരിക്കണം. ഇടത്തോട്ട് പോകുകയാണെങ്കിൽ വലത്തോട്ട്

കൈകാണിക്കണം. പണിയില്ലാതെ ചൊറിയും കുത്തി മൈക്കും വച്ചിരിക്കുന്നവർക്ക് അസൂയ തീർക്കാൻ അവരെ ഒരു റൗണ്ട് ദിവസവും കറക്കണം. യാത്രക്കാരെ നിരീക്ഷിക്കാൻ സെക്യൂരിറ്റിയെ ഏർപ്പെടുത്തണം.

എസ്.ഐ. മാഡം, വണ്ടിയോട്ടത്തിൽ തെന്നിവിഴാതിരിക്കാൻ 'സ്ലിപ്പ്'ർ ഉപയോഗവും ആഹാരം കഴിക്കേണ്ട സമയക്രമവും ഷെഡിലും കട്ടപ്പുറത്തും കയറ്റുകയും ഇറക്കുകയും ചെയ്യേണ്ടതും കൊണ്ടുവിടാൻ മാത്രമേ പാടുള്ളൂ എന്നും തിരുവല്ലം കുന്നിലും ഗോർക്കിയിലും എത്തിയാൽ സെക്യൂരിറ്റി പോയിന്റിൽ നിന്നുള്ള സയറൻ കേട്ടതിനുശേഷമേ സ്റ്റാർട്ട് ചെയ്യാവൂ. എന്നിങ്ങനെയുള്ളവയാണ് എസ്.ഐ. മേഡം കൈകാര്യം ചെയ്തത്.

സംശയനിവാരണത്തിൽ, ഒരുവൻ മന്ത്രി ഓഫീസിലെ രഹസ്യ ഓട്ടങ്ങൾക്കും ഗുരുവായൂർ സന്ദർശനത്തിനും 'സ്ലീപ്പ്'ർ വേണ്ടേ മേഡം? അതൊന്നും എനിക്കറിയില്ല. മുകളിൽ നിന്നുള്ള നിർദ്ദേശം മാത്രം അനുസരിച്ചാൽ മതി.

വണ്ടിപിടിത്ത സംഘങ്ങളായ വിദഗ്ധരിൽ ചിലർ ഒറ്റയ്ക്ക് നേരിട്ട് ക്ലാസുകൾ എടുക്കുന്നുണ്ടത്രേ.

വണ്ടിയിൽ യാത്ര ചെയ്യുന്നവർ തീവ്രവാദികളും കൊള്ളക്കാരും അല്ലെന്നുറപ്പുവരുത്താൻ ഐ.ഡി. പ്രൂഫ് പരിശോധന, യാത്രക്കാരുടെയെല്ലാം പൂർണ്ണമേൽവിലാസം ലോഗ് ബുക്കിൽ എഴുതേണ്ട ആവശ്യകത എന്നിവയെക്കുറിച്ച് വിദഗ്ധ അംഗങ്ങൾ ക്ലാസ്സെടുത്തു.

*"കുളിപ്പിച്ച് കൊച്ചിനെയില്ലാതാക്കരുത്."*

### ◎ഡി.ഡിമാർക്കും എച്ച്.ഒ.ഡി കൾക്കും കഷ്ടകാലം.

ധനകാര്യ വണ്ടിപിടിത്ത ഇണ്ടാസിൽ വണ്ടിയോഗത്തിന് യോഗ്യരല്ലാതെയായതോടെ ഡി.ഡി. എച്ച്.ഒ.ഡി മാരെല്ലാം കാൽനടയായി സെക്രട്ടേറിയേറ്റിന് ചുറ്റും പ്രോജക്ടുകൾ ചെയ്തു കൊടുക്കാനുണ്ടോ എന്ന് ചോദിച്ച് നടക്കുകയാണത്രേ. നടന്ന് ക്ഷീണിച്ച് മെലിഞ്ഞ്, കവിളൊട്ടി, കണ്ണുകുഴിഞ്ഞ്, മാർക്സിം ഗോർക്കിയുടെ സ്തൂപം പോലെ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ പലരും ഇരിപ്പായത്രെ.

സർക്കാർ ഇണ്ടാസ് മറികടന്ന് വാഹനങ്ങളിൽ വിസിൽ മുഴക്കി എ.ഒ. മാഡത്തിന്റെ പോക്കു കാണുകയും ശാസ്ത്ര അജ്ഞരാണെന്ന അപമാനവും ശമ്പളംവെട്ടിക്കുറയ്ക്കുമെന്ന ഭീഷണിയും എല്ലാം കൂടിയായപ്പോൾ L ബോഡ് കഴുത്തിൽ തൂക്കിയാണത്രെ ഇക്കൂട്ടർ വരുന്നതും പോകുന്നതും. രാവിലെ പലരും പഞ്ചു ചെയ്യുന്നത് ഡ്രൈവിംഗ് സ്കൂളിലാണെന്നും കേൾവി.

*"For every action, there is an equal and opposite reaction"*

*Isac Newton.*

### ◎സി-ഡിറ്റിൽ സി.ബി.ഐ



പല ഡിപ്പാർട്ടുമെന്റിലെയും അഴിമതി കണ്ടെത്താൻ അന്വേഷണവിഭാഗം സി-ഡിറ്റിൽ കറങ്ങി നടക്കുന്നുവെന്ന്.....

സി-ഡിറ്റിലെ വെട്ടിപ്പും തട്ടിപ്പും ധനകാര്യ വകുപ്പ് കണ്ടെത്തിയതിനെ തുടർന്ന് സി-ഡിറ്റിലെ തസ്കര വീരൻമാരെ പിടികൂടാൻ കണ്ടേശ്വര രാമയ്യരും സംഘവും സി.ബി.ഐ. 'ഡയറക്ടർ'റുടെ നേതൃത്വത്തിൽ പരിശോധനകൾ തുടങ്ങിയത്രെ. പഞ്ച് ലിസ്റ്റ്, ലോഗ് ബുക്ക് ഇത്യാദി ഐറ്റങ്ങളാണ് മേധാവി പരിശോധിക്കുന്നത്. കോഴയുടെയും കുഴൽപണത്തിന്റെയും വരവ് ഐയ്യരും പരിശോധിച്ചുവരുന്നുണ്ട്. വെട്ടിപ്പിൽ പത്മശ്രീ പട്ടം 'സപ്തമശീ തസ്കരാഃ'യിൽപ്പെടുന്ന സി-ഡിറ്റിലെ വീരൻമാരെ നടപടിയെടുക്കാൻ ആവശ്യപ്പെട്ട ധനവകുപ്പിനെതിരെ നടപടിയെടുക്കണമെന്ന് മന്ത്രിക്ക് കത്തു കൊടുത്ത് ഒതുക്കിയ കേസിൽ ഇതിനകം പ്രശസ്തനായ ആളാണത്രെ സി-ഡിറ്റിൽ വന്നിരിക്കുന്ന സി.ബി.ഐ. ഡയറക്ടർ.

*"ഗതികെട്ടാൽ പുലി പുല്ലും തിന്നും."*

### ◎ബിജുക്കളുടെ രണ്ടാം വരവ്

കഠിനമായ ഗവേഷണത്തിനൊടുവിൽ ബഹിരാകാശത്ത് പുതിയ ഗ്രഹങ്ങളെ കണ്ടെത്തിയ ശാസ്ത്രബിജുക്കൾക്ക് വേണ്ടത്ര അംഗീകാരം കിട്ടിയില്ലത്രെ. ഉപഗ്രഹത്തിനുള്ളിൽ പുതിയ ജീവികളെത്തേടിയുള്ള യാത്രയ്ക്കിടയിൽ നാടുകടത്തുകയും ചെയ്തുവത്രെ. രണ്ടാംവരവിലാകട്ടെ, ഇരിപ്പിടവും ഗവേഷണ സാമഗ്രികളും നഷ്ടപ്പെട്ടുവെന്ന്. നിൽക്കാനും ഇരിക്കാനും ഇടമില്ലാതെ ഇ-മെയിലിൽ അലയുകയാണ് ശാസ്ത്രബിജുക്കൾ. മാർഗ്ഗദർശിയായ ഏമാനും ഒടുവിൽ പണികൊടുത്തു എന്ന്. നിരാശനായ ബിജുക്കൾ അടങ്ങാത്ത ഗവേഷണത്വരയുമായി പുത്തൻ ഗ്രഹങ്ങൾ കണ്ടെത്താനുള്ള ശ്രമത്തിലാണത്രെ. അകത്ത് പാദസേവ, പുറത്ത് മെയിൽവിപ്ലവം.

*"പാലം കടക്കുവോളം നാരായണ,*
*കടന്നാലോ കൂരായണ"*


### ◎ആസ്ഥാന 'പാര'കളുടെ സംസ്ഥാനസമ്മേളനം

പാരകൾക്കും സംഘടന വേണമെന്ന ആവശ്യം ഉയരുന്നു. സ്ഥിരമായി പാര പണിയുന്നതിനും പണിത് ക്ഷീണിക്കുമ്പോൾ ക്ഷേമമന്വേഷിക്കാനും പാരസാമഗ്രികൾ സുലഭമാക്കുന്നതിനും വലിയ കസേരയിലും ശമ്പളത്തിലും വിശാലമായിരുന്ന് വിവിധതരം പാരകൾക്കുള്ള ഗവേഷണസൗകര്യം ഒരുക്കുന്നതിനും സ്ഥിരം പാരകൾക്ക് ഒരു സംഘടന വേണമെന്ന്.... ആൾ കേരള പാര വെൽഫെയർ യൂണിയൻ. AKPWU –നീണാൾ വാഴട്ടെ.

തുരപ്പന്മാരെയും വർഗ്ഗവഞ്ചകന്മാരെയും കള്ളന്മാരെയും കൂടെക്കൂട്ടാം. സ്വാഗതം... സുസ്വാഗതം.

*"സംഘടിക്കൂ.... ശക്തരാകൂ...."*

### ◎ വഞ്ചിയൂർ ഗ്രൗണ്ടിൽ മജിഷ്യൻ പൈപ്പിൻ മൂടിന്റെ മായാജാലം



ലോക പ്രശസ്ത മെജിഷ്യൻ പൈപ്പിൻമൂടിന്റെ അത്യുജ്ജ്വല പ്രകടനങ്ങൾ വഞ്ചിയൂർഗ്രൗണ്ടിൽ ആരംഭിച്ചു. ഒരാളിനെ രണ്ടായി വെട്ടിമുറിച്ച് രണ്ട് ജീവനുകളായി ഒരേ കസേരയിൽ ഒന്നിനുമുകളിലായി വാഴിക്കുന്ന വിസ്മയക്കാഴ്ചകൾ.

തിരുവല്ലത്ത് ഡിജിറ്റലൈസ്ഡ് ഗ്രൗണ്ടിലും തുടർന്ന് പ്രകടനമുണ്ടാകുന്നതാണ്.

*"ഞാനൊന്നും അറിഞ്ഞില്ലേ രാമനാരായണ"*

### ◎ കടൽ കടന്ന് മാത്തുക്കുട്ടിമാർ....



ദ്വീപുകളിലെ നിവാസികൾക്ക് സഹായഹസ്തവുമായി തിരുവല്ലം കുന്നിൽ നിന്ന് ഐ.ടി. വിദ്യാ പേടകം അടുത്തിടെ ഒരു പ്രമാദമായ ദ്വീപിൽ ചെന്നിറങ്ങിയത്രെ. സാങ്കേതിക വിജ്ഞാന ചെപ്പുമായി ഐ.റ്റി ഹനുമാന്റെ അകമ്പടിയോടെ ദ്വീപിൽ ചെന്നിറങ്ങിയതും കടൽ രണ്ട് ഭാഗത്തേയ്ക്ക് മാറി ഇവർക്ക് വഴിയൊരുക്കിയത്രെ. സന്തോഷം കൊണ്ട് സഹിക്കാൻ കഴിയാതെ ജനങ്ങളും പ്രകൃതിയും ഒത്തുചേർന്ന് ബ്രേക്ക് ഡാൻസ് ചെയ്തുവെന്നും ഡോക്ടറുടെയും പ്രൊഫസറുടെയും ഭാരം താങ്ങാൻകഴിയാതെ ഹെലിപേടകം പലതവണ പൊങ്ങാൻ ശ്രമിച്ചിട്ടും കഴിഞ്ഞില്ലത്രേ. ഐ.ടി. ഹനുമാൻ പ്രത്യേക തരം ടൂൾ ഉപയോഗിച്ച് പേടകത്തെ പൊക്കിയെന്നും കേൾവി. ഒടുവിൽ ഹനുമാൻ കോപ്റ്റർ പൈലറ്റ് നിയന്ത്രണം ഏറ്റെടുത്ത് പറന്ന് തിരിച്ചെത്തിയെന്നും വാർത്ത.

ഒരല്പം ഉല്ലാസത്തോടൊപ്പം ദ്വീപികൾക്ക് ഒരല്പം വിവരം പകർന്നു നൽകാൻ പോയ പണിക്കന്മാർക്ക് ഭക്ഷണം പോലും കിട്ടാതെ പണി കിട്ടിയത്രേ.

*"കുന്നിലെ പണി കുളത്തിൽ പറ്റില്ല."*

### ◎ കൊച്ചി ബിനാലെ അക്കാഡമി

അന്തർദേശീയ പഠിപ്പീര് പ്രദർശനത്തിന് കൊച്ചി സ്റ്റേഡിയത്തിൽ അക്കാഡമി വന്നുവത്രെ. ത്രീസ്റ്റാർ പദവിയിൽ മുറികളും പൂച്ചയ്ക്കൊരു മൂക്കുത്തിയിലെ ഹോട്ടൽ മാനേജരെ പോലൊരു മാനേജരും പഠിപ്പിക്കാൻ 60 ലക്ഷത്തിന്റെ സോഫ്ട് വെയർ വാങ്ങൽ വിലപേശലും ടൈ കെട്ടിയ മുന്തിയ ഫാക്കൾട്ടി ഏജന്റുമാരുടെ തള്ളിക്കയറ്റവും ഒക്കെയായി കൊച്ചിയിൽ ആൻഡ്രോയിഡ് ബിനാലെ കസറുകയാണ്. പക്ഷെ ഇടയ്ക്കിടെ അവിടേയ്ക്ക്ചെന്നവർ മഷിയിട്ടുനോക്കിയിട്ടും ഒന്നു രണ്ടു പുരാതന പ്രദർശന വസ്തുക്കളല്ലാതെ ആൻഡ്രോയിഡുകളെ ഒന്നും കാണാനില്ലെന്ന് കേൾവി. ഫൈവ് സ്റ്റാറിനായി കാത്തിരിക്കുകയാണെന്നും സുധീരകടാക്ഷം ഏൽക്കാതിരിക്കാൻ കൂട്ട പ്രാർത്ഥന തുടങ്ങിയെന്നും കേൾവി.

*"ആൻഡ്രോയിഡ് ഭഗവതിയെ നമഃ"*

### ◎ പഴയ വാടക സാമഗ്രികൾക്ക് നല്ലകാലം.

ഹോളോഗ്രാഫിയിൽ ഒരു മുതലാളിയിൽ നിന്നും 6 ലക്ഷം വിലയുള്ള തുരുമ്പെടുത്ത പഴയ മിഷ്യൻ മാസം 60,000ത്തിനു കൊണ്ടുവെച്ചുവത്രെ. കേൾവിയും കാഴ്ചയും നഷ്ടപ്പെട്ട് നടുവൊടിഞ്ഞ മുത്തശ്ശന്റെ ഓരോ ഭാഗങ്ങളും ഇളകി വീണതോടെ ഡോക്ടർമാരുടെ പ്രവാഹം തന്നെ. ഡോക്ടർമാർ മിനുക്കി പൗഡറും തേച്ച് എടുത്തിരുത്തിയ മുത്തശ്ശന്റെ പ്രവർത്തന ഉത്ഘാടന കർമ്മം ഏമാൻമാർ നടത്തിയെന്ന്.... പണിയില്ലെങ്കിലും യന്ത്രം അനങ്ങിയില്ലെങ്കിലും നമുക്കെന്ത്? ഇടപാടു നടന്നാൽ പോരെ.

ഇതറിഞ്ഞ റൊട്ടിക്കടമുക്കിലെ ആശാൻമാർ ജനറേറ്ററുകളും ക്യാമറകളും ലൈറ്റുകളുമെല്ലാം വാടകയ്ക്ക് എടുക്കുമ്പോൾ ഉത്ഘാടനത്തിനായി മന്ത്രിമാരുടെ ഡേറ്റ് ബുക്കുചെയ്യുവാൻ സെക്രട്ടറിയേറ്റിലാണെന്നും കേൾവി.

*"അമ്മയ്ക്ക് മരണവേദന<br>മകൾക്ക് വീണവായന."*

## ◎EOI കുരങ്ങന് ആപ്പ് കയറി




സി-ഡിറ്റിൽ EOI കുരങ്ങന്മാരുടെ ശല്യം ഏറിവരുകയാണ്. എല്ലാം മറിച്ചടിക്കാൻ EOI കുരങ്ങന്മാരെയാണ് ആധുനികമായി ഉപയോഗിച്ചുവരുന്നത്. ഹോളോഗ്രാം മറിക്കാൻ വന്ന EOI കുരങ്ങനെ കണ്ടപാടെ നാട്ടുകാർ പറഞ്ഞുവത്രെ, ഇവൻ ബാബു പുത്രനായ അക്രമിയും കുഴപ്പക്കാരനുമാണെന്ന്. പക്ഷെ സർവ്വജ്ഞാനികളായ സി-ഡിറ്റിലെ തലയും വാലും പാന്റിട്ടയേമാനും കൂടി തോളിലേറ്റി കൂകിവിളിച്ചു പറഞ്ഞുവത്രെ അവൻ സുന്ദരനാണ് മിടുക്കനാണ് നമ്മുടെ രക്ഷകനാണ്.

വന്ന സുന്ദരൻ എല്ലാം തട്ടിപ്പറിച്ചു കടന്നുകളഞ്ഞുവത്രെ. അങ്ങനെ കുന്നുംപുറത്തെ എല്ലാ EOI കുരങ്ങന്മാർക്കും ആപ്പുകയറിയത്രെ. പുതിയ ചില EOI കുരങ്ങന്മാരും അടുത്തിടെ ഇറങ്ങിയിട്ടുണ്ടത്രെ.

*"മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി."*

## ◎വെള്ളനാടൻ ശപഥം



പണ്ടൊരാൾ മുടിയഴിച്ചിട്ട് ശപഥം ചെയ്തുവെങ്കിൽ മുടിയഴിച്ചിടാതെ ഒരു വെള്ളനാടൻ ശപഥം. ചിലന്തിവല കാക്കും വെള്ളനാടൻ കുട്ടിയമ്മയുടെ ഒരു ഉഗ്രൻ ശപഥം. കൊല്ലത്തു നാട്ടിലെ ചിത്രകാരന്മാരെ സ്വന്തം ദേശത്ത് ഇരുത്തി ചിത്രം വരപ്പിക്കില്ലെന്ന്. ഇത് സത്യം,സത്യം സത്യം. കുട്ടിയമ്മയുടെ അത്യുഗ്രൻ ശപഥം കേട്ട് നാട്ടുപ്രമാണിമാരും നാടുവാഴികളുമെല്ലാം ഞെട്ടിയത്രേ. കുട്ടിയമ്മയെ സമാധാനിപ്പിച്ച് ശപഥം പിൻവലിക്കാൻ നാടുവാഴികളെല്ലാം ശ്രമിച്ചിട്ടും കുട്ടിയമ്മ വഴങ്ങുന്നില്ലെന്നാണ് കേൾവി. മരുമക്കത്തായ കാലത്ത് പിന്തുടർച്ചാവകാശമായി ലഭിച്ച ദേശമായതിനാൽ നാടുവാഴികൾ ഇടപെടേണ്ടതെന്നാണ് കുട്ടിയമ്മയുടെ പക്ഷം.

*"തല മറന്ന് കിരീടം വയ്ക്കരുത്"*
*-കുഞ്ഞാലിമരയ്ക്കാർ.*

## ◎ഇന്ത്യൻവംശജരെ പുറത്താക്കി റഷ്യ പൂട്ടിട്ടു.

റഷ്യൻ പ്രവിശ്യയായ ബേക്കറിസ്ഥാനിലെ ഓരോ മൂലയിൽനിന്നായി റഷ്യൻ പട്ടാള മേധാവിയുടെ നേതൃത്വത്തിൽ ഇന്ത്യാക്കാരെ കുടിയൊഴിപ്പിക്കൽ നടപടി തുടങ്ങിയത്രേ. ഇന്ത്യൻ വംശജരുടെ അമൂല്യശേഖരങ്ങൾ സൂക്ഷിച്ചിരുന്ന പ്രദേശമാണ് പൂർണ്ണമായും ഒഴിപ്പിച്ചത്. അടുത്തിടെ വിശിഷ്ടസേവന മെഡൽ കരസ്ഥമാക്കി ഇരട്ടി വേതനത്തോടെ ഉടമ്പടിയിൽ ഏർപ്പെട്ട താൽക്കാലിക താമസക്കാരായ ഇന്ത്യൻ വംശജരെയാണ് റഷ്യൻ പട്ടാളം ഇറക്കിവിട്ട് ശേഖരമുറി പൂട്ടിയിരിക്കുന്നത്. അനാഥരായ മെഡൽ ജേതാക്കളെ തിരുവല്ലം കുന്നിനുമുകളിൽ പുനരധിവസിപ്പിക്കുവാനും അമൂല്യ വസ്തുക്കളെ സ്വതന്ത്രമാക്കാനുമുള്ള ശ്രമത്തിലാണ് ഇന്ത്യൻ ഹൈക്കമ്മീഷണറേറ്റ്.

*"പൊട്ടനെ ചെട്ടി ചതിച്ചാൽ*
*ചെട്ടിയെ ദൈവം ചതിക്കും"*

## ◎വഞ്ചിയൂർ മാർക്കറ്റിൽ ആക്രികൾക്ക് വിലക്കയറ്റം

ചാക്ക്, തകരം, പേപ്പർവേസ്റ്റ്, പേപ്പർകട്ടിംഗ്സ്, പഴയ പാക്കിംഗ് ടേപ്പ്, കൊറിയർ, കാറ്ററിംഗ് സാമഗ്രികൾ എന്നിവയ്ക്ക് അടുത്തിടെ വൻ വിലക്കയറ്റം. ഐറ്റംങ്ങൾ ആക്രികളാണെങ്കിലും മാർക്കറ്റും മുതലാളിമാരും മുന്തിയ ഇനങ്ങളായതിനാലാണത്രേ ഇത്ര കയറ്റം.

*"പുറത്തുനിന്ന് നോക്കുമ്പോൾ കാണുന്നതല്ല*
*അകത്തുനിന്ന് നോക്കുമ്പോൾ"*

## ◎കണ്ണൂരിൽ കസേരക്കൈമാറ്റം

ഇലക്ഷനിൽ സുധാകരന് കസേര പോയി. കണ്ണൂരിൽനിന്നും തിരുവനന്തപുരത്തേക്ക് വന്ന ഏമാൻമാരെ കണ്ട് സങ്കടം പറഞ്ഞ ഒരു പാവം തിരികെ എത്തിയപ്പോൾ കണ്ണൂരിലെ കസേരയും പോയി. മറ്റൊരു സുധാകരൻ കസേര നേടുകയും ചെയ്തു. പൂരത്തിലെ കുട മാറ്റംപോലെ കണ്ണൂരും സുധാകരന്മാർ കസേര കൈമാറ്റം നടത്തിയെന്ന്.

*"കൊന്നാൽ പാപം തിന്നാൽ തീരും"*

### ◎ അകമ്പടിപ്പടയ്ക്കും അലവൻസ് എന്ന്

ജനസമ്പർക്കത്തിന് ജില്ലതോറും മുഖ്യനെ മുഖംകാട്ടാൻ എഴുന്നെള്ളിയ അധികാരികൾക്ക് എ.സി. കോച്ചിൽ കൂട്ടുപോയ പരിവാരങ്ങൾക്ക് ജില്ലാതല വേതനം നൽകാൻ ശ്രമം. രാത്രിയും പകലും പണിയെടുത്തവർ ഉറങ്ങിയതും ഉണ്ടതും നിന്നതും ഇരുന്നതും പ്രാഥമികാവശ്യത്തിനു പോയതിന്റെയും സമയം കൂട്ടിയും കിഴിച്ചും നടന്നവരാണത്രെ അകമ്പടി സേവനത്തിന് അലവൻസ് നൽകാൻ ആവേശം പൂണ്ടുനിൽക്കുന്നത്.

നമ്മുടെ ഏമാന്മാർക്ക് അകമ്പടി സേവിച്ചിരുന്നെങ്കിൽ പാവം ജനത്തിനു മുഖ്യന്റെ കടാക്ഷത്താൽ കിട്ടുന്നതിനെക്കാൾ വല്ലതും കിട്ടിപ്പോയേനെ.

*"കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി"*

### ◎ ഓണം സെയിലിന് റിബേറ്റ് വേണമെന്ന്...

റൊട്ടിക്കട, കച്ചേരിനട കൊട്ടാരനടകളിലെ 'ബീവിടെക്സി' ന്റെ ബ്രാഞ്ചുകളിലെ തുണിക്കച്ചവടം ഉഷാറാണെന്നും ഓണക്കാലമായിട്ടുപോലും റിബേറ്റ് നൽകുന്നില്ലെന്നും പ രാതിയുണ്ടത്രെ. റിബേറ്റ് ഇല്ലെങ്കിലും ഏതെടുത്താലും 676 രൂപയുള്ളൂവെന്നാണ് ടെക്സിന്റെ നിലപാട്. മൊത്തം കച്ചവടം നടന്നുവരുമ്പോൾ ഒരു കുഞ്ഞാടുമാത്രം മാറി നിൽക്കുന്നതെന്തിന് എന്ന് ജനസംസാരം.

*"തത്വംപറഞ്ഞാൽ വിശപ്പു തീരില്ല"*

### ◎ അസ്ഥാന കാണിപയ്യൂർ കന്നിമൂല പൊളിച്ചു

സി-ഡിറ്റിലെ ലേബൽ നിർമ്മാണ ആസ്ഥാന കാ ണിപയ്യൂരന്മാർ വടക്ക് ഭാഗത്തെ കന്നിമൂലയിലെ മതിൽ പൊളിച്ചുവെന്ന്. പ്രധാനതന്ത്രികൾ കണ്ഠരു മോഹന രുടെ കർമ്മികത്വത്തിൽ വിശദ അയ്യപ്പസേവ പൂജയ്ക്ക് ഒടുവിലാണത്രെ പറ്റിയ മൂല കണ്ടെത്തിയത്. അസ്ഥാന പൊളിപ്പന്മാർ ഒരുമൂലയിൽനിന്നും പൊളിച്ചുതുടങ്ങിയെ ന്നും ലക്ഷണമൊത്ത പൊളിപ്പും ഉജ്ജ്വലമിഷ്യനും കാലു കുത്തിയതോടെ ബാക്കിയുള്ളതുകൂടി പൂട്ടി എന്നും ചില അന്തവിശ്വാസികളുടെ സംസാരം. ഇനിയും ചില ഉജ്ജ്വലന്മാരും പൊളിപ്പന്മാരും വരുന്നുണ്ടെന്നും അതോടെ പൂർണ്ണമാകുമെന്നും കേൾവി.

*"അടിയേറ്റ പാമ്പ് വെറുതെയിരിക്കില്ല"*

### ◎ പച്ചക്കറിത്തോട്ടവും മഞ്ചുവാരിയരും...

അധികാരികളുടെ ഓഫീസുകളിൽ തീറ്റച്ചെലവ് കുറയ് ക്കുന്നതിന് സർക്കാരിന്റെ 676 ഇന പദ്ധതിയിൽപ്പെടുത്തി തിരുവല്ലം കുന്നിൽ സർക്കാർ വക പച്ചക്കറിത്തോട്ടം ഉണ്ടാക്കിയെന്ന്. How old are you വരുന്നതിനുമുമ്പ് തന്നെ തിരുവല്ലത്തെ ചില മഞ്ചുകൾ vegetable തോട്ടത്തിൽ വി ളയിറക്കിയത്രെ... സർക്കാർ പച്ചക്കറിത്തോട്ടങ്ങളുടെ ബ്രാ ന്റ് അംബാസിഡർമാരാക്കാൻ വെജിറ്റബിൾ ഓഫീസ് മഞ്ചുകളുടെ പേരുകൾ മുഖ്യനോട് നിർദ്ദേശിച്ചുവെന്നും കേൾവി.

*"Antibiotic കോഴികളെക്കാൾ നല്ലത്"*

### ◎ സി-ഡിറ്റിൽ പരക്കെ വാടകജ്വരം

അധികാരികൾക്കും ശിങ്കിടികൾക്കും വാടകജ്വരം ബാധിച്ച് ഉറക്കത്തിൽ പലരോടും വാടക ചോദിക്കുന്നു എന്ന്... വീട്, മിഷ്യൻ, വാഹനം, ക്യാമറ, ലൈറ്റ്, ജനറേറ്റർ തുടങ്ങി സകലതും നിരന്തരം വാടകയ്ക്കെടുത്തു കൊടുക്കൽ, വാങ്ങൽ നടത്തുന്നതിനാൽ പലർക്കും വാടകജ്വരം പി ടിപെട്ട് തനിയെ നടക്കുമ്പോൾ വാടക കൂട്ടുകയും കിഴി ക്കുകയും ചെയ്യുന്നു എന്നും ആര് എന്തുപറഞ്ഞാലും അവസാനം ആ വാടകയുടെ കാര്യം എന്തായി എന്ന് ഇവർ ചോദിക്കുന്നു എന്നും കേൾവി. ജ്വരബാധിതരുടെ എണ്ണം വർദ്ധിക്കുന്നതായും സംഘത്തലവന്റെ നേതൃത്വത്തിൽ പ്ര കൃതി ചികിത്സയ്ക്ക് ഒരുങ്ങുന്നതായും സംസാരം.

*"ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചാൽ എന്തുചെയ്യും"*

### ◎ നടൻ മോഹൻലാലിന്റെ കാര്യം

ലാലേട്ടൻ സി-ഡിറ്റിൽ spy വർക്ക് ചെയ്യുന്നുണ്ടെന്ന് പരക്കെ സംശയം. ആനുകാലികമായ അവസ്ഥയും പരാമർശങ്ങളും സി-ഡിറ്റിൽനിന്നും അടർത്തിയെടുത്ത് മുതലാക്കുന്നതാ യും പരാതി. അദ്ദേഹത്തിന്റെ ഓണ റിലീസിന്റെ പേര് സി-ഡിറ്റിലെ പലരെയും ഉദ്ദേശിച്ചതാണെന്നും അവഹേ ളിക്കുന്നതാണെന്നും ആക്ഷേപം ഉയർന്നിട്ടുണ്ടത്രെ. ഓ ണം റിലീസിന്റെ പേര് മാറ്റണമെന്നും അല്ലാത്തപക്ഷം നിയ മനടപടി സ്വീകരിക്കുമെന്നും സ്റ്റാന്റിംഗ് കൗൺസിൽ ഇണ്ടാസ് അയക്കുമെന്നും കേൾവി. സിനിമാരംഗത്തെ തു രപ്പന്മാരെ നയിക്കുന്ന ലാലേട്ടനോടാണ് കളി

*"പെരുച്ചാഴി"*

### ◎ റിട്ടയർമെന്റിന് ഒരു ചരമഗീതം

വിരമിക്കലിനു ചരമഗീതം പാടി സി-ഡിറ്റ് മാതൃകയാ കുന്നു. മറ്റ് സ്ഥാപനങ്ങളിൽ ഏത് പണിചെയ്തു വി രമിക്കുന്നവർക്കും ജീവിതത്തിൽനിന്നും വിരമിക്കുന്നതുവ രെ സി-ഡിറ്റിനെ സേവിക്കാം. സി-ഡിറ്റിൽ വരുന്നവരെ സർക്കാരും വിടത്തേയില്ല. കുഴിയിലേക്ക് പോകുന്നതുവരെ തൊഴിലെടുക്കാൻ കഴിയുന്ന സ്വപ്നതുല്യമായ സ്ഥാപനം.

*"ഓടുന്നവന് ഒരു മുഴം മുന്നേ"*

### ◎ ഹൈക്കമാന്റ് ലോക്കമാന്റായി.

തട്ടിപ്പിനും വേസ്റ്റ് കച്ചവടത്തിനുമൊക്കെയായി ഹജൂർ കച്ചേരിയുടെ വക പ്രശംസയ്ക്ക് പാത്രീഭൂതനായ രാജാവ് വഞ്ചിയൂർ രാജ്യത്ത് തിരിച്ചെത്തിയപ്പോൾ കൊട്ടാരംവീട്ടിൽ ഇരുന്നു ഭരിക്കാൻ സ്ഥലമില്ല പോലും. പണ്ട് ഭരിച്ചിരുന്ന സ്ഥലം ന്യൂജനറേഷൻ ഹൈക്കമാന്റ് വിട്ടുകൊടുക്കില്ലത്രെ. ഒടുവിൽ രാജാവ് ന്യൂജനറേഷൻ ഹൈക്കമാന്റിന്റെ കാലിൽവീണ് മാപ്പിരന്നുപോലും. തനി ഗാന്ധീയനായ 'ജി' ക്കുപോലും ആ രംഗം കണ്ടുനിൽക്കാനായില്ലെന്നു ശ്രുതി.

*"പിടിച്ച കാല് വാരരുത്"*

### ◎ മാനത്ത്കണ്ണികൾക്ക് വസന്തകാലം

വൈദ്യുതിക്ഷാമം നേരിടുന്ന കേളത്തിൽ സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിന് കേരളമൊട്ടാകെ മാനത്തു കണ്ണികളെ വളർത്തുന്നു എന്ന്. എല്ലാ പഞ്ചായത്തുകളി ലും പ്രത്യേകം തയ്യാറാക്കിയ കുളങ്ങൾ കെട്ടി മാനത്തു കണ്ണികളെ വളർത്തി സൗരോർജ്ജം ആവാഹിച്ച് പ്രസര ണം നടത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമത്രെ... സൗരോർജ്ജകുളത്തിൽ വലിയ മീനുകളെ നിക്ഷേപി ച്ച് 1000 കോടി കൃഷിയിറക്കാൻ തിരുവല്ലത്ത് ആലോചി ക്കുന്നതായും കേൾവി.

*"നെത്തോലി ഒരു ചെറിയ മീനല്ല"*

### ◎സൈബർ ചക്രവർത്തി മഹാൻ എഴുന്നെള്ളുന്നു




ആരവിടെ, സൈബർ സെക്യൂരിറ്റികളെ വിളിക്കൂ. എന്റെ സൈബർ സിംഹാസനത്തിൽ കാക്കക്കാഷ്ടമോ? ഈ സൈബർ സിംഹാസനത്തിന്റെ വലിപ്പം അറിയാതെ വൃത്തികേടാക്കിയ, നാളെ സൈബർ ലോകം മുഴുവൻ ആരാധിക്കേണ്ട ചക്രവർത്തി പുങ്കന്റെ ഇരിപ്പിടത്തിൽ വൃത്തികെട്ട പണി കാട്ടിയ വിവരമില്ലാത്ത ഈ നാട്ടിലെ എല്ലാ കാക്കകളെയും പിടിച്ച് ചിറകരിഞ്ഞു സൈബർതൈലം പുരട്ടി വിടൂ.

*"മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ്"*

### ◎നിയമനോത്സവത്തിനിടെ വിഘ്നേശ്വരനെ കാണ്മാനില്ലെന്ന്

സി-ഡിറ്റിൽ അഞ്ചുവർഷം നീണ്ടുനിൽക്കുന്ന നിയമനോത്സവത്തിന്റെ മൂന്നു വർഷം കഴിഞ്ഞുവരുന്നുണ്ടത്രെ. ലക്ഷങ്ങളുടെ ഉത്സവപിരിവാണത്രെ നാട്ടിൽ പലഭാഗത്തുമായി നടത്തിവരുന്നത്. മന്ത്രി ആഫീസ്, പാർട്ടി ആഫീസ് ഇതിനു പുറമെ ബന്ധുക്കളും സ്വന്തക്കാരും നാട്ടുകാരുമെല്ലാം പിരിവുകുറ്റിയുമായി ക്യൂ നിൽക്കുന്നു എന്നും വിഘ്നങ്ങൾ ഇല്ലാതെ മൂന്നുവർഷവും ഉത്സവം നടത്തിവരുന്നതിനിടയിൽ വിഘ്നേശ്വരൻ മുങ്ങിയെന്നും കേൾവി. നിയമനോത്സവത്തിൽ റാങ്കുലിസ്റ്റുകൾ മാറ്റിമറിക്കുന്നതിലും താഴെനിന്ന് മുകളിലോട്ടും മുകളിൽനിന്ന് താഴോട്ടും മാറ്റുന്നതിന്റെ ശാസ്ത്രീയമായ ഗവേഷണവും പുത്തൻ പരീക്ഷണങ്ങൾക്കുമായി വാണനിക്ഷേപ കേന്ദ്രത്തിലേക്ക് പോയതാണെന്നും സംസാരം. നാട്ടിൽ നടക്കുന്ന കൂട്ടയടിയിൽ വിനായകചതുർത്ഥിക്കു മുമ്പായി മറ്റേ കൊമ്പും കൂടി അറ്റുപോകാതിരിക്കുവാനുള്ള കളരിമുറകളുടെ പരിശീലനത്തിലാണെന്നും മറ്റൊരു കൂട്ടർ. ചതുർത്ഥി വരെ കാത്തിരിക്കാൻ വയ്യാതെ നേരത്തെ കൊണ്ട് ശംഖുമുഖത്ത് ഒഴുക്കിയതാണെന്നും വേറെ ചിലർ.

*"ഗണപതായേ നമഃ"*

### ◎പുലിവാല് പിടിച്ച ഡിജിറ്റൽ മാഡം

ഡിജിറ്റലൈസ്ഡ് ഗ്രഹണം നടന്നു വരുന്നതിനാൽ കുടിയൊഴിപ്പിക്കലിന്റെ അവശിഷ്ടങ്ങളും പുരാതന വസ്തുവകകളുടെ കലവറയും സൂക്ഷിച്ച് പത്തായപ്പെട്ടിയുടെ മുകളിൽ കിരീടമില്ലാത്ത രാജ്ഞിയായി ഡിജിറ്റൽ മാഡം സകല പുലിവാലും പിടിച്ചിരിപ്പാണത്രെ. ഡിജിറ്റൽ ഗ്രഹണസമയത്തെ നീർക്കോലികളെ കൈകാര്യം ചെയ്യാനും പുലിവാലിലെ വാല് വെട്ടി പുലിയാകാനും വേണ്ടി ഓപ്പൺസോഴ്സിലുള്ള ഫ്രെയിം വർക്കിൽ മാഡം ഏർപ്പെട്ടിരിക്കുകയാണെന്ന്.

*"പുലിജന്മം"*

### ◎മച്ചമ്പിയുടെ വീഡിയോ ഷൂട്ട്

മസ്ക്കറ്റ് ഹോട്ടലിൽ നടന്ന Asap-ന്റെ സെമിനാർ ഷൂട്ട് ചെയ്യാൻ സി-ഡിറ്റിലെ മച്ചമ്പി വേണ്ടപ്പെട്ട കൂട്ടരെ അയച്ചുവത്രെ... മച്ചമ്പിയും സംഘവും രാവിലെ മുതൽക്കെ ഭംഗിയായി ഷൂട്ട് ചെയ്ത് സുഭിഷമായ food- ഉം അടിച്ച് സന്തോഷത്തോടെ മടങ്ങുകയും ചെയ്തു. എഡിറ്റ് ചെയ്തു തുടങ്ങിയപ്പോഴാണത്രെ അറിയുന്നത് ഷൂട്ട് ചെയ്തത് പ്രവാസികളുടെ സെമിനാറായിരുന്നു എന്ന്.


മറ്റുള്ളവരെ ആസ് ആക്കാനും ആപ്പ്വയ്ക്കാനും നടക്കുന്ന മച്ചമ്പിക്ക് എന്തര് Asap, എന്തര് പ്രവാസി. എല്ലാം കണക്കുതന്നെ.

*"അറിയുന്ന പണി ചെയ്യുന്നതാണ് നല്ലത്."*

### ◎ഡയറിയൊക്കെ നോക്കാനുള്ളതല്ലല്ലോ സാറേ...

ഹജൂർക്കച്ചേരിയിലെ ഒരു വലിയ സാറിനു പറ്റിയ അമളി കേട്ട് മൂക്കത്ത് വിരൽവയ്ക്കുകയാണ് കച്ചേരിനിവാസികൾ. വലിയ സാറിന് പുതുവത്സരസമ്മാനമായി കിട്ടിയ സി-ഡിറ്റ് ഡയറി നോക്കി ഔദ്യോഗിക യാത്ര തയ്യാറാക്കിയതാണ് പണികിട്ടിയത്. ജൂലൈ 29-ന് യാത്ര പുറപ്പെട്ട സാറ് തിരിച്ചെത്തി ഡയറി തുറന്നപ്പോൾ കണ്ട തീയതി കണ്ട് ഞെട്ടിപ്പോയത്രെ. പോയദിവസവും രണ്ടുനാൾ കഴിഞ്ഞ് തിരികെ വന്നദിവസവും ഒന്നുതന്നെ. ഇനി മേലാൽ ഇമ്മാതിരി സാധനം ഹജൂർക്കച്ചേരിയുടെ പടികടത്തരുതെന്ന് ശിപായികൾക്ക് തിട്ടൂരം കൊടുത്തെന്നും കേൾവി.

*"വലിയൊരപകടം ഒഴിവായെന്നു കരുതിക്കോളൂ."*



വിശേഷങ്ങളുടെ ബാഹുല്യവും കുഞ്ഞുമറവിയും ലേശം പരിമിതി നിർബന്ധിക്കുന്നുണ്ട്. എങ്കിലും പങ്കുവയ്ക്കാൻ കഴിഞ്ഞവയിലുള്ള പരിഭവങ്ങളും ആക്രമണങ്ങളും പാരകളും പ്രതീക്ഷിക്കുന്നു.

നിങ്ങളുടെ സ്വന്തം, പാമരൻ

# RAM GENERATOR CARE POINT

Sales & service

Authorised Service Dealer Kriloskar Brothers Ltd

Guaranteed repairing of all kinds of diesel,Kerosene gensets,Engines and pumpset

Supply For ASHOK LEYLAND, KRILOSKAR, YAMAHA
HONDA GENSET, ENGINE, PUMPSET
















We are connecting to PIU system at Dg Set.
24 Hrs. Service helpline -in 9446860914.

Kooroppada P.O., Kottayam, Br.Pampady.
Ph: 3179787, 944686914,9048934647, 0481-2701206(Res.), ramgeneratorpoint@gmail.com

# RASIK PRODUCTS (P) LTD

141 Km., Delhi-Agra Bye Pass Road, Near Alwar Railway Bridge, Krishna Nagar, Mathura -281004 (UP) INDIA

E-mail:rasikproduct@gmail.com | www.rasikfoils.com | Telephone: 0565-3190666

***TRUSTED NAME IN THE WORLD OF SECURITY & ENVIRONMENT FRIENDLY PRODUCTS***

The Company is working with full dedication from the past 2 decades to ensure brand security & conserving Mother Nature by introducing bio-degradeable products.

## Our Milestone Products are:-

1. **Hologram Base Film**
2. **Hot Stamping Foil**
3. **Eco Friendly Gift Wrap Paper**
4. **Eco Friendly Transfer Metalized/Holographic Paper for Labels**
5. **Eco Friendly Transfer Metalized/Holographic Board for Mono Cartons**
6. **Eco Friendly Paper for Paper Bags**
7. **Holographic Film – Customized/General Pattern**
8. **HRI Film – Hologram Pattern/Holographic Pattern**

Contact Details:-

1. Mr Gaurav Rastogi (Head Marketing) Email:gaurav@rasikfoils.com ; Mobile :-9758227275
2. Mr Tushar jain (Marketing Manager) Email:tushar@rasikfoils.com ; Mobile : - 9557966677

# OppCorp

Learning and Development

**OppCorp Learning & Development Pvt Ltd**

OppCorp Learning & Development is a leading organisation in the field of Technical Education and Training . It provides Special Courses and Hands On Training for advance technical subjects and technology. The mission of OppCorpis to bridge the existing gap between Industry and Academy by bringing domain experts from industryclose to the budding professionals in the academy , as and when it's required.

**A Glimps of Services Provided By OppCorp Learning & Development Pvt Ltd**

***Journal Home e-Publication : www.journalhome.org***

***Publishing and Hosting Sevice for Open Access Online Peer Reviwed Research Journals***

***OppCorp Journals:-***

***International Journal of Image Processing and Visual Communication*** ***www.ijipvc.org***
***International Journal of Emerging Trends in Signal Processing*** ***www.ijetsp.org***
***International Journal of Sensors and Related Networks*** ***www.ijsrn.info***

***Technical Workshop and Special Courses:***

**MATLAB**
**NS-2**
**Android App Development**
**'R' Programming**
**Advanced Excel and VBA**
**Computational Finance**
**C Digital Image Processing**
**Machine Learning**
**Soft Skill and Personality Development**
**Interpersonal Skill and Communication**
**Telecommunication Protocol ISDN/SIP/RTP/VoIP**
**Antenna Design**

***IT Infrastrucure Development & Support:***

*Today Technology is playing an important role in transforming education industry . OppCorp facilitate the adoption of IT technologies for Academic Institution .We offer services in customisation and deployment and support of open source educational software and technology such as*
**Moodle ,**
**e-Learning ,**
**dotproject ,**
**TCExam ,**
**HR software ,**
**ERP tools ,**
**Special Coures**
**Multimedea Course Content ,**
**Publication Tool**

To view the complete Spectrum of Services
Provided by OppCorp Learning and Development Pvt Ltd

***www.oppcorp.co.in***

Institutions and Colleges interested for collaboration can contact us at :

**Registered Office**

New No 12 ,21st Cross Street
Indiranagar , Adyar
Chennai 20
info@oppcorp.co.in
www.oppcorp.co.in

**Director's Address**

Avinash Kumar Jha
Plot No-12 , 1st Street
MCN Nagar , Thoraipakam
Chennai -97
Mob :+919787340868
avinash.jha@oppcorp.co.in



Equipped with the latest Multicolour Printing Machine with Computer Print Controls
Professional Agents. Premier Results.
Akshara Offset
ISO 9001:2008 COMPANY
T.C. 25/3230(1), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2471174, 2473470, Fax: 0471-3012289
e-mail: aksharaoffset@yahoo.com
Our sister concern
Computer-to-plate (CtP)
Graphic designing
Color separation
Digital printing
abc Color Systems (P) Ltd.
T.C. 25/3230(2), Near Old GPO, Vanchiyoor
Thiruvananthapuram 695 035, Kerala, South India
Phone: ++91-471-2473911, Fax: 0471-3012289
QUALITY | COMMITMENT | PERFECTION




ORANGEXPRESS™
PRE PRESS | PRESS | POST PRESS

Factory
Plot No: 53
Industrial Development Area
Veli Titanium P.O Trivandrum
Kerala India

Corporate Office
Orange Printers Pvt. Ltd.
TC 25/1993
Gandhari Ammancovil Jn.
Trivandrum- 1
Kerala India
+91 0471 4010905

www.mediatrendz.co.in email: mediatrendz3@gmail.com
media TrendZ®
a complete media solution
mob: 09387482300, 09400830000

PLUS DIGITAL MEDIA
TC-25/2727(7)
LUKE LAME, PULIMOOD, G.P.O, TRIVANDRUM, KERALA STATE
9495354555

Business Partner 2013

**CYBERKING TECHNOLOGIES PVT. LTD.**

41/3737A2, Near Vidyaniketan College, Providence Road, Ernakulam, Kochi - 682 018
Ph : 0484 - 6455324
E-mail :mail@cyberkingebiz.com, cyberkinggold@yahoo.com
Ernakulam : Mob : 9249400130 Thiruvananthapuram : Mob: 9745200369

**AUTORISED HP BUSINESS PARTNER**

- HP LASER TONER CARTRIDGES&INK CARTRIDGES
- HP COMPUTER, HP LASERJET PRINTERS&SCANNERS

**OTHER PRODUCTS WE OFFER**

- LAMINATION POUCHES
- ALL TYPES OF COMPUTER PRINTER CONSUMABLES
- ALL TYPES OF COMPUTER PERIPHERALS
- SUPPLY OF COMPUTERS ,PRINTERS& SCANNERS UNDER DGS&D CONTRACT

BRANCH OFFICE: CYBERKING TECHNOLOGIES PVT. LTD, TC.3/629(7), T.K.D ROAD, MUTTADA P.O, THIRUVANANTHAPURAM-695025, MOB: 9745200369,
EMAIL: mail@cyberkingebiz.com , cyberkinggold@yahoo.com

**UPS Universal Print Systems**

Driven by Creativity, Committed to Human Values

**Plot No.113, ALEAP Industrial Estate,**
**Surampalli (V), Gannavaram (M),**
**Krishna District,**
**Andhra Pradesh–521 212.**
**Phone 08676-325724**
**Mobile 9391540240**
**Website: www.universalprintsystems.com**

**DELTA SECURITY SERVICES**

Reg.No.D5/571/111
(Govt. Of Kerala)

*The cosvt is long foregotten But Quality to Remembered for ever*

**Head Office** :Ground Floor Akshai Towers,
TV Centre Rd,Peeroorkada,Thiruvananthapuram-695 005
Ph:0471-3261025,Mob:9349947321 & 24,9446518962

**Branch Office:** Noufeez Building,Vendor Mukku,Kollam-10
Ph:047403293737,Mob:9387933100,8547429678
Website:www.deltasecurityservicesindia.com
Email:deltasecurityies@gmail.comv



Step into your new home today
with
BOI Home Loans
• Flexible Tenures • Hassle Free Documentation
• Quick Processing
Brand Equity MOST TRUSTED BRANDS 2011
BOI IS THE MOST TRUSTED SERVICE BRAND NO. 1 AMONG ALL NATIONALISED BANKS AS PER ET/NIELSEN SURVEY 2011
Bank of India
Relationship beyond banking
*Terms and Conditions Apply.
Contact your nearest Branch for further details.
www.bankofindia.co.in
SMS "BOI <city>" to 57575 e.g. "BOI Mumbai". Call: 022 - 4091 9191, Toll free No. 1800 220 229